പഞ്ചായത്ത് രാജ്

പുസ്തകം 50 ◆ ലക്കം 10

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2011



കേരളത്തിൽ നഗരങ്ങളിലും ഇനി തൊഴിൽ ഉറപ്പ്

ഭരണ സുതാര്യതയ്ക്ക് സോഷ്യൽ ഓഡിറ്റ് സെൽ

'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 കേരളത്തിൽ നഗരങ്ങളിലും ഇനി തൊഴിൽ ഉറപ്പ്
പാലോളി മുഹമ്മദ്കുട്ടി

10 തദ്ദേശഭരണ സ്ഥാപനങ്ങളും സോഷ്യൽ ഓഡിറ്റും
ഡോ. എബി ജോർജ്

12 ആതുരശുശ്രൂഷാ രംഗത്ത് മെച്ചപ്പെട്ട സേവനവുമായി ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം
സൗരഭ് ജയിൻ ഐ.എ.എസ്

16 പൊതുവിദ്യാഭ്യാസവും സർവ്വശിക്ഷ അഭിയാനും
ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ

19 ബി.പി.എൽ ലിസ്റ്റിൽ 32.29 ലക്ഷം കുടുംബങ്ങൾ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

20 ഹരിത സമ്പദ്വ്യവസ്ഥയും നീർത്തടാധിഷ്ഠിത വികസനവും
വി. സുഭാഷ് ചന്ദ്രബോസ്
ഡോ. ആർ. അനിൽകുമാർ

22 അധികാര വികേന്ദ്രീകരണ ചർച്ചാവേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ

24 ഓഫീസ് പൊതുസ്ഥാപന ശുചിത്വ കാമ്പയിൻ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

26 പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം
ഉദയഭാനു കണ്ടേത്ത്

30 ജനപ്രതിനിധികളുടെ അവകാശങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും
കെ. വിനോദ് കുമാർ

32 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

35 ജൈവചിന്തയുടെ സ്ഫുലിംഗങ്ങൾ
അജിത് വെണ്ണിയൂർ

38 ഔഷധ വൃക്ഷങ്ങൾക്കും പുഴകൾക്കും സംരക്ഷണം
സി.എൻ. ബാലകൃഷ്ണൻ

40 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

41 അമ്മത്തൊട്ടിൽ *(കവിത)*
ഗീതമ്മ എ.എം

42 വാർത്തകൾ വിശേഷങ്ങൾ

ആളെക്കൊല്ലി കീടനാശിനി നിരോധിക്കണം

ഡിസംബർ ലക്കം പഞ്ചായത്ത് രാജ് മാസികയിൽ എൻഡോസൾഫാൻ മുഖ്യ വിഷയമായി കൊടുത്തത് വളരെ നന്നായി. സമകാലിക കേരളം ചർച്ചചെയ്യപ്പെടുന്ന പ്രശ്നമാണ് കാസർഗോഡ് ജില്ലിൽ എൻഡോസൾഫാൻ വിതയ്ക്കുന്ന കെടുതികൾ. ഈ ആളെക്കൊല്ലി കീടനാശിനി നിരോധിക്കേണ്ടത് അനിവാര്യമാണ്. എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ ഉൽപ്പാദനത്തെക്കുറിച്ചും അതിന്റെ പാർശ്വഫലങ്ങളെക്കുറിച്ചും അത് ജനങ്ങളിൽ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ഉള്ള ലേഖനം അറിവു നൽകുന്നതാണ്.

മണികണ്ഠൻ, പാപ്പനംകോട്

ഇ – മാലിന്യങ്ങൾ: ഗൗരവമായി കാണണം

ഭീതിജനകമായ രീതിയിൽ വർദ്ധിച്ചു വരുന്ന ഇ-മാലിന്യങ്ങളുടെ കൈകാര്യത്തെപ്പറ്റി ഡിസംബർ ലക്കം മാസികയിൽ എം. ദിലീപ്കുമാർ എഴുതിയ ലേഖനം പുതിയ അറിവ് നൽകുന്നതായിരുന്നു. ഇന്ന് നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഇ-മാലിന്യങ്ങൾ വ്യാപകമാണ്. അതിന്റെ ദൂഷ്യവശങ്ങളും അവ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ഗൗരവത്തോടെ കാണേണ്ടതാണ്. ഈ വൈകിയ വേളയിൽ അവ നിർമ്മാർജ്ജനം ചെയ്യുവാനുള്ള പദ്ധതികൾ പ്രാദേശിക സർക്കാരുകൾ സ്വീകരിക്കണം. ഇത്തരം അറിവു നൽകുന്ന ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

സുനിൽജോൺ, കൊടുങ്ങല്ലൂർ

ഭവന നിർമ്മാണം: കോസ്റ്റൽ സോൺ മാനേജ്മെന്റിന് അപേക്ഷ നൽകണം

തിരുവനന്തപുരത്ത് പഞ്ചായത്ത് ഭവനിൽ നടന്ന തീരദേശ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ എന്നിവർ വേദിയിൽ.

തീരദേശ പരിപാലന നിയന്ത്രണ മേഖലയിൽപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭവന നിർമ്മാണത്തിനുള്ള അപേക്ഷകൾ കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുവാദം വാങ്ങുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം അടിയന്തരമായി കൈക്കൊള്ളണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർദ്ദേശിച്ചു. തിരുവനന്തപുരത്ത് പഞ്ചായത്ത് ഭവനിൽ നടന്ന തീരദേശ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും യോഗങ്ങളിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ചില മാറ്റങ്ങൾക്ക് CRZ അധികൃതർ തയ്യാറായിട്ടുണ്ട്. അതു പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട തീരദേശപരിധിയിൽ വരുന്ന നിർമ്മാണങ്ങളുടെ സ്കെച്ച് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലൊക്കേഷൻ പ്ലാൻ, 4.11.2010 ലെ 67370/ആർ.എ.1/2010/തസ്വഭവ നംപർ സർക്കുലറിൽ നിഷ്ക്കർഷിച്ചിട്ടുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അയച്ചുകൊടുക്കണം. ഇതു സമയബന്ധിതമായി പൂർത്തിയാക്കണമെന്നും മന്ത്രി അറിയിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, ചീഫ് ടൗൺപ്ലാനർ ഈപ്പൻ വറുഗ്ഗീസ്, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

കെട്ടിട നമ്പർ: കാലതാമസം ഒഴിവാക്കാൻ അദാലത്ത്

നിർമ്മാണം പൂർത്തീകരിച്ച വീടുകൾക്കും കെട്ടിടങ്ങൾക്കും നമ്പർ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതായും ചില കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ കെട്ടിടനമ്പർ നിസാര കാരണങ്ങളാൽ നിഷേധിക്കുന്നതായും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ അദാലത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചു. നിയമാനുസൃതം നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷവും കെട്ടിട നമ്പർ ലഭിക്കാത്തവർ ജനുവരി 15 ന് മുമ്പ് വിശദമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലുള്ളവർ നഗരഗ്രാമാസൂത്രണ വകുപ്പിന്റെ മേഖലാ ഓഫീസുകളിലെ സീനിയർ ടൗൺ പ്ലാനർക്കും മറ്റു ജില്ലകളിലുള്ളവർ ജില്ലാ ടൗൺ പ്ലാനർക്കും മറ്റു ജില്ലകളിലുള്ളവർ ജില്ലാ ടൗൺ പ്ലാനർക്കുമാണ് അപേക്ഷ നൽകേണ്ടത്. അദാലത്തുകൾ ജനുവരി 31നും ഫെബ്രുവരി അഞ്ചിനും മദ്ധ്യേ ഓരോ ജില്ലയിലും തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ നടത്തും.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2011
പുസ്തകം 50
ലക്കം 10
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in

ഉപദേശക സമിതി

ചെയർമാൻ
പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ

എസ്.എം. വിജയാനന്ദ്, ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

എം. നന്ദകുമാർ ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കെ. നാരായണൻ
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

സി.എസ്. ബിജു
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail: pub.off@gmail.com
Ph: 0471-2321053

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്ററുടെ പേന

സോഷ്യൽ ആഡിറ്റിന് സ്വതന്ത്ര സംഘടനാ സംവിധാനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പു വരുത്തുന്നതിനുള്ള നിർണ്ണായക ഘടകമായ സോഷ്യൽ ആഡിറ്റ് വിപുലമായ ജന പങ്കാളിത്തത്തോടെ നടത്തുന്നതിനു വേണ്ടിയുള്ള സ്വതന്ത്ര സംഘടനാ സംവി ധാനം സംസ്ഥാനത്ത് നിലവിൽ വന്നിരിക്കുകയാണ്. 2010-11 ലെ ബഡ്ജറ്റ് പ്രസം ഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ജനകീയമായി വിലയിരുത്തുന്നതിന് സഹായിക്കുന്ന ഒരു സോഷ്യൽ ആഡിറ്റ് സെൽ രൂപീകരി ക്കുമെന്ന ധനമന്ത്രിയുടെ പ്രഖ്യാപനം ഇതോടുകൂടി യാഥാർത്ഥ്യമായിരിക്കുകയാണ്.

ഗ്രാമസഭാതലത്തിൽ സംഘടിപ്പിക്കുന്ന സോഷ്യൽ ആഡിറ്റിനെ സഹായിക്കു ന്നതിനായി ഗ്രാമപഞ്ചായത്തുതലം മുതൽ സംസ്ഥാനതലം വരെയുള്ള അഞ്ചു സംവിധാനങ്ങളാണ് രൂപവത്ക്കരിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി അദ്ധ്യക്ഷനായുള്ള സോഷ്യൽ ആഡിറ്റ് കൗൺസിൽ, കൗൺസിലിന്റെ മാർഗ്ഗനിർദ്ദേ ശങ്ങളനുസരിച്ച് സംസ്ഥാനത്തുടനീളമുള്ള സോഷ്യൽ ആഡിറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്ന സംസ്ഥാന സോഷ്യൽ ആഡിറ്റ് സെൽ, ജില്ലാ തലത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഓംബു ഡ്സ്മാന്റെ നേതൃത്വത്തിലുള്ള ജില്ലാ സോഷ്യൽ ആഡിറ്റ് സെൽ, ജില്ലാ സെല്ലിന്റെ പ്രവർത്തനങ്ങളെ ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലത്തിൽ എത്തിക്കുന്നതിനുള്ള ജില്ലാ സോഷ്യൽ ആഡിറ്റ് റിസോഴ്സ് ടീം, ഗ്രാമസഭകളിൽ സോഷ്യൽ ആഡിറ്റ് പ്രവർത്ത നങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള ഗ്രാമപഞ്ചായത്തുതല സോഷ്യൽ ആഡിറ്റ് സഹാ യസമിതി എന്നിവയാണ് വിവിധ തലങ്ങൾ.

സംസ്ഥാനത്ത് വർഷത്തിൽ രണ്ട് തവണ ഗ്രാമസഭകൾ യോഗം ചേർന്നായി രിക്കും സോഷ്യൽ ആഡിറ്റ് നടത്തുക. ഓരോ ഗ്രാമപഞ്ചായത്തു വാർഡിലും ആഡിറ്റ് നടത്തുന്ന തീയതി സംസ്ഥാനതലത്തിൽ മുൻകൂട്ടി പ്രസിദ്ധീകരിക്കും. ഗ്രാമസഭ കളെ കേന്ദ്രീകരിച്ചു നടത്തുന്ന ആഡിറ്റിനു പുറമേ ഒരു ഗ്രാമപഞ്ചായത്തിലെ എല്ലാ ആഡിറ്റും പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്തിലെ ജനങ്ങൾ, ജനപ്രതിനിധി കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ ഉൾപ്പെടുത്തി ഒരു സോഷ്യൽ ആഡിറ്റ് സംഗ മവും സംഘടിപ്പിക്കും. സോഷ്യൽ ആഡിറ്റുകളിൽ നടക്കുന്ന ജനകീയ വിലയിരു ത്തലുകളും പരിഹാര നടപടികളും പൊതു രേഖകളായിരിക്കും. ഇവ തദ്ദേശസ്വ യംഭരണ വകുപ്പിന്റെയും ഗ്രാമപഞ്ചായത്തിന്റെയും ആഡിറ്റ് സെല്ലിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും.

വികസന പ്രവർത്തനങ്ങളുടെ നീതിപൂർവ്വകമായ നടത്തിപ്പ് ഉറപ്പുവരുത്തി ഭര ണഘടന വിഭാവനം ചെയ്യുന്ന സാമൂഹിക നീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം ഉറപ്പുവരുത്തുന്നതിനുള്ള ഏറ്റവും നല്ല ഉപാധിയാണ് സോഷ്യൽ ആഡിറ്റ്. പദ്ധതി നടത്തിപ്പിന്റെ ഗുണനിലവാരം, ഗുണഭോക്താക്കൾ, ഗുണഭോക്തൃ പ്രദേശം, ഫലപ്രാപ്തി, ധനവിനിയോഗം, സാമൂഹ്യനേട്ടം തുടങ്ങിയ നിരവധി വിഷയങ്ങൾ പൊതുസമൂഹം തുറന്ന ചർച്ചയിലൂടെ വിലയിരുത്തുന്നത് പൊതുസ്ഥാപനങ്ങൾക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വം വർദ്ധിച്ച തോതിൽ നിറവേറ്റുന്നതിന് പ്രേരകമാകും. ഒപ്പം, വികസനം പാവപ്പെട്ടവനു ലഭിക്കുന്ന ഔദാര്യമല്ല, അവന്റെ അവകാശമാണ് എന്ന ബോധം ജനങ്ങൾക്കിടയിൽ വളർത്തുന്നതിനും അതു സഹായിക്കും.

താഴെത്തട്ടിലെ ആസൂത്രണ പ്രക്രിയയ്ക്ക് നിയതമായ ഒരു രീതി സമ്പ്രദായം വ്യവസ്ഥാപിതമാക്കുവാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിൽ നടപ്പിലാക്കിയ ജനാ ധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ ഒരു പ്രധാന മേന്മ. ആസൂത്രണത്തെ തുടർന്നുള്ള നിർവ്വഹണ ഘട്ടത്തിലും ആഴത്തിലും പരപ്പിലുമുള്ള ജനകീയ ഇട പെടൽ ഉണ്ടായാൽ മാത്രമേ ഭരണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാ ക്കുകയെന്ന അധികാരവികേന്ദ്രീകരണത്തിന്റെ ആത്യന്തിക ലക്ഷ്യം കൈവരിക്കു ന്നതിന് സാധിക്കുകയുള്ളൂ. ഈ ദിശയിലേക്കുള്ള ബോധപൂർവ്വമായ പ്രവർത്തന ങ്ങളാണ് കഴിഞ്ഞ കുറച്ചു വർഷങ്ങളായി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് വരു ന്നത്. അതിന്റെ ഭാഗമായിട്ടുകൂടി വേണം സോഷ്യൽ ആഡിറ്റ് സെല്ലിന്റെ രൂപവ ത്ക്കരണത്തെ നോക്കിക്കാണുവാൻ. സുസജ്ജമായ സംഘടനാ സംവിധാന ത്തോടൊപ്പം പൊതുസമൂഹത്തിന്റെ ക്രിയാത്മക ഇടപെടൽ കൂടി ഉണ്ടായാൽ മാത്രമെ സോഷ്യൽ ആഡിറ്റ് ഫലപ്രാപ്തി നേടുകയുള്ളൂ. അതിനുള്ള ആത്മാർത്ഥമായ പ്രവർത്തനം തദ്ദേശഭരണ സാരഥികൾ ഏറ്റെടുക്കേണ്ടതുണ്ട്. കേര ളത്തിൽ അധികാരവികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കുന്ന പ്രവർത്തനങ്ങളിൽ ഒരു നാഴികക്കല്ലായിരിക്കും സോഷ്യൽ ആഡിറ്റ് സെല്ലിന്റെ രൂപവത്ക്കരണം എന്നത് നിസ്തർക്കമാണ്.

അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി

കേരളത്തിൽ നഗരങ്ങളിലും ഇനി തൊഴിൽ ഉറപ്പ്



പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

2006 മെയ് മാസത്തിൽ അധികാരമേറ്റ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് കേന്ദ്രാവിഷ്കൃത തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിച്ചത്. നിരവധി പരിമിതികൾ ഉണ്ടായിരുന്നുവെങ്കിലും ഇന്ത്യക്കാകെ മാതൃകയായി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞു.

ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി പദ്ധതി പൂർണ്ണമായും പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ് നടക്കുന്നത്. ഇടനിലക്കാരെയും കരാറുകാരെയും ഒഴിവാക്കി നടത്തിപ്പിന്റെ ചുമതല കുടുംബശ്രീ സംവിധാനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അഴിമതിരഹിതമായും കൂടുതൽ സുതാര്യമായും പദ്ധതി നടത്തുന്നതും കൂലി ബാങ്ക് അക്കൗണ്ടുകളിലൂടെ മാത്രം നൽകുന്നതും കേരളത്തിന്റെ പ്രത്യേകതയാണ്.

തൊഴിലുറപ്പു പദ്ധതി ഗ്രാമങ്ങളിൽ മാത്രം നടപ്പാക്കുന്നതിൽ ഒരു ന്യായീകരണവുമില്ല. അതിനാൽ ഈ പദ്ധതി നഗരങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കണമെന്ന് കേരളം കേന്ദ്ര ഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെട്ടു വരികയായിരുന്നു. എന്നാൽ ദാരിദ്ര്യത്തെയും തൊഴിലിനെയും നഗരഗ്രാമ വ്യത്യാസമില്ലാതെ കാണണമെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകാത്ത സാഹചര്യത്തിലാണ് സാമൂഹ്യ പരിഷ്കർത്താവായ അയ്യങ്കാളിയുടെ നാമധേയത്തിൽ സംസ്ഥാനത്തിന്റേതായ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്.

കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി നടപ്പാവുകയാണ്.

നഗര പ്രദേശങ്ങളിൽ വസിക്കുന്ന ഓരോ കുടുംബത്തിലെയും അവിദഗ്ദ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ 12500 രൂപയുടെ അധിക വരുമാനം ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ ലക്ഷ്യം. നഗരപ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റു തരത്തിലെ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണിത്. നഗരങ്ങളിൽ വസിക്കുന്ന ദരിദ്ര



തൊഴിലുറപ്പു പദ്ധതി ഗ്രാമങ്ങളിൽ മാത്രം നടപ്പാക്കുന്നതിൽ ഒരു ന്യായീകരണവുമില്ല. അതിനാൽ ഈ പദ്ധതി നഗരങ്ങളിലേക്കുകൂടി വ്യാപിപ്പിക്കണമെന്ന് കേരളം കേന്ദ്ര ഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെട്ടു വരികയായിരുന്നു. എന്നാൽ ദാരിദ്ര്യത്തെയും തൊഴിലിനെയും നഗരഗ്രാമ വ്യത്യാസമില്ലാതെ കാണണമെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകാത്ത സാഹചര്യത്തിലാണ് സാമൂഹ്യ പരിഷ്കർത്താവായ അയ്യങ്കാളിയുടെ നാമധേയത്തിൽ സംസ്ഥാനത്തിന്റേതായ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്.

കുടുംബങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി നിർണ്ണയിക്കപ്പെട്ട സാമൂഹിക അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു.

നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ കുടുംബത്തിനും, ഉചിതമായ അന്വേഷണ നടപടികൾ പൂർത്തിയാക്കിയ ശേഷം 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകുന്നതാണ്. തൊഴിൽ കാർഡ് ലഭിച്ച ശേഷം, കാർഡിൽ പേരുള്ള ഓരോ അംഗത്തിനും തങ്ങൾക്ക് തൊഴിലാവശ്യമുള്ള അവസരങ്ങളിൽ സ്വമേധയാ തൊഴിലിനായി നഗരസഭയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പദ്ധതിയുടെ ഭാഗമായി തൊഴിൽ ലഭ്യമാക്കുന്നതിൽ വനിതകൾക്ക് മുൻഗണന ഉറപ്പാക്കും. ആകെ ലഭ്യമാകുന്ന തൊഴിലവസരങ്ങളുടെ 50% വനിതകൾക്കായിരിക്കും. തൊഴിലിനായി സമർപ്പിക്കുന്ന അപേക്ഷയ്ക്ക് നഗരസഭ ഓഫീസ് തീയതി വച്ച രസീത് നൽകുന്നതാണ്. അപേക്ഷകരെ തൊഴിലനുവദിച്ചു കൊണ്ട് രേഖാമൂലം അറിയിക്കുകയും വിവരം നഗരസഭ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്. പദ്ധതിയിൽ വനിതകൾക്കും പുരുഷന്മാർക്കും തുല്യ കൂലിക്ക് അർഹതയുണ്ടായിരിക്കും. തൊഴിലാളിക്ക് പണി സ്ഥലത്ത് വെച്ച് തൊഴിലിന്റെ ഭാഗമായി മുറിവ്/അപകടം/അസുഖം ഉണ്ടായാൽ അയാൾക്ക് സൗജന്യ മെഡിക്കൽ ചികിത്സ ലഭ്യമാക്കുന്നതാണ്. തൊഴിലപകടങ്ങളുടെ ഭാഗമായി ആശുപത്രിയിൽ കിടത്തി ചികിത്സ ആവശ്യമായി വരുന്ന ഘട്ടത്തിൽ ആശുപത്രിയിൽ അനുവദനീയമായ കൂലിയുടെ പകുതിയിൽ കുറയാത്ത തുക ദിവസവേതനമായി ലഭിക്കാൻ അർഹതയുണ്ട്. ഒരു തൊഴിലാളി പണി സ്ഥലത്ത് വെച്ച് തൊഴിലിന്റെ ഭാഗമായി അപകടത്തിൽ സ്ഥായിയായി വികലാംഗനാവുകയോ മരണപ്പെടുകയോ ചെയ്താൽ അയാളുടെ നിയമാനുസൃത അനന്തരാവകാശികൾക്ക് അൻപതിനായിരം രൂപ എക്സ്ഗ്രേഷ്യ തുകയായി ലഭിക്കുന്നതാണ്. ഒരു തൊഴിൽ സ്ഥലത്ത് തൊഴിലെടുക്കുന്നവരോടൊപ്പം 6 വയസ്സിൽ താഴെയുള്ള അഞ്ചോ അതിലധികമോ കുട്ടികൾ എത്തുകയാണെങ്കിൽ അവർക്ക് ക്രെഷ് സൗകര്യം ഒരുക്കേണ്ടതാണ്. ഉത്തരവാദിത്തപരമായ പദ്ധതി നിർവ്വഹണം ഉറപ്പാക്കുന്നതിനുവേണ്ടി പരാതി പരിഹാര സംവിധാനം രൂപപ്പെടുത്തും. പദ്ധതിയുടെ ഭാഗമായ രേഖകളും കണക്കുകളും പൊതുരേഖയായിരിക്കും. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ സഹായത്തോടെ നിർവ്വഹിക്കും.

ആഗോളവൽക്കരണം സൃഷ്ടിക്കുന്ന ഭീതിജനകമായ അന്തരീക്ഷത്തിൽ പാവപ്പെട്ടവരുടെ ജീവിതം ഇന്ത്യയിലെല്ലായിടത്തും ദുസ്സഹമാകുകയാണ്. പൊതുമേഖലാ വ്യവസായവും പൊതുജനാരോഗ്യവും പൊതുവിദ്യാഭ്യാസവും വലിയ ഭീഷണി നേരിടുന്നു. ആഗോളവൽക്കരണ കാലഘട്ടത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതര സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും വ്യത്യസ്തമായി ജനങ്ങളുടെ ക്ഷേമത്തിലും സംസ്ഥാനത്തിന്റെ പുരോഗതിയിലും ഊന്നി നിന്നുകൊണ്ടുള്ള ഒരു ബദൽ ഭരണമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജനങ്ങളുടെ മുൻപിൽ കാഴ്ചവെയ്ക്കുന്നത്. ഈ കാഴ്ചപ്പാടോടെ വേണം നഗര തൊഴിലുറപ്പു പദ്ധതിയെയും വിലയിരുത്തേണ്ടത്. ■

അയ്യങ്കാളി നഗര തൊഴിലുറപ്പ്

ലക്ഷ്യവും പ്രധാന സ

ലക്ഷ്യം

നഗര പ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ദ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതി പ്രദേശം

കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

പ്രധാന സവിശേഷതകൾ

- നഗരപ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റുതരത്തിലെ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണിത്.
- നഗരങ്ങളിൽ വസിക്കുന്ന ദരിദ്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി നിർണ്ണയിക്കപ്പെട്ട സാമൂഹിക അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു.
- നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ കുടുംബത്തിനും ഉചിതമായ അന്വേഷണ നടപടികൾ പൂർത്തിയാക്കിയ ശേഷം 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകുന്നതാണ്.
- തൊഴിൽ കാർഡ് ലഭിച്ചശേഷം, കാർഡിൽ പേരുള്ള ഓരോ അംഗത്തിനും തങ്ങൾക്ക് തൊഴിലാവശ്യമുള്ള അവസരങ്ങളിൽ സ്വമേധയാ തൊഴിലിനായി നഗരസഭയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- പദ്ധതിയുടെ ഭാഗമായി തൊഴിൽ ലഭ്യമാക്കുന്നതിൽ വനിതകൾക്ക് മുൻഗണന ഉറപ്പാക്കും. ആകെ ലഭ്യമാക്കുന്ന തൊഴിലവസരങ്ങളുടെ 50% വനിതകൾക്കായിരിക്കും.
- തൊഴിലിനായി സമർപ്പിക്കുന്ന അപേക്ഷയ്ക്ക് നഗരസഭ ഓഫീസ് തീയതി വച്ച രസീത് നൽകുന്നതാണ്.
- അപേക്ഷകരെ തൊഴിലനുവദിച്ചുകൊണ്ട് രേഖാമൂലം അറിയിക്കുകയും വിവരം നഗരസഭാ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.
- പദ്ധതിയിൽ വനിതകൾക്കും പുരുഷൻമാർക്കും തുല്യകൂലിക്ക് അർഹതയുണ്ടായിരിക്കും.
- തൊഴിലാളിക്ക് പണി സ്ഥലത്ത് വച്ച് തൊഴിലിന്റെ ഭാഗമായി മുറിവ്/അപകടം/അസുഖം ഉണ്ടായാൽ അയാൾക്ക് സൗജന്യ മെഡിക്കൽ ചികിത്സ ലഭ്യമാക്കുന്നതാണ്.
- തൊഴിലപകടങ്ങളുടെ ഭാഗമായി ആശുപത്രിയിൽ കിടത്തി ചികിത്സ ആവശ്യമായി വരുന്ന ഘട്ടത്തിൽ ആശുപത്രിയിൽ കിടക്കുന്ന അത്രയും ദിവസം തൊഴിലാളിക്ക് പദ്ധതിയിൽ അനുവദനീയമായ കൂലിയുടെ പകുതിയിൽ കുറയാത്ത തുക ദിവസവേതനമായി ലഭിക്കാൻ അർഹതയുണ്ട്.
- ഒരു തൊഴിലാളി പണിസ്ഥലത്ത് വച്ച് തൊഴിലിന്റെ ഭാഗമായി അപകടത്തിൽ സ്ഥായിയായി വികലാംഗനാകുകയോ മരണപ്പെടുകയോ ചെയ്താൽ അയാളുടെ നിയമാനുസൃത അനന്തരവകാശികൾക്ക് 50,000 രൂപ എക്സ്ഗ്രേഷ്യ തുകയായി ലഭിക്കുന്നതാണ്.
- ഒരു തൊഴിൽ സ്ഥലത്ത് തൊഴിലെടുക്കുന്നവരോടൊപ്പം 6 വയസ്സിൽ താഴെയുള്ള അഞ്ചോ അതിലധികമോ കുട്ടികൾ എത്തുകയാണെങ്കിൽ അവർക്ക് ക്രെഷ് സൗകര്യം ഒരുക്കേണ്ടതാണ്.
- ഉത്തരവാദിത്തപരമായ പദ്ധതി നിർവ്വഹണം ഉറപ്പാക്കുന്നതിനുവേണ്ടി പരാതി പരിഹാര സംവിധാനം രൂപപ്പെടുത്തും.
- പദ്ധതിയുടെ ഭാഗമായ എല്ലാ രേഖകളും കണക്കുകളും പൊതു രേഖയായിരിക്കും.
- പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ സഹായത്തോടെ നിർവ്വഹിക്കപ്പെടും.

പദ്ധതി പ്രദാനം ചെയ്യുന്ന അവകാശങ്ങൾ

- നഗര കുടുംബാംഗങ്ങളിൽ അവിദഗ്ദ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള പ്രായപൂർത്തിയായ അംഗങ്ങൾക്ക് തങ്ങൾ വസിക്കുന്ന നഗരസഭയിൽ ഈ പദ്ധതിയിൽ തൊഴിലിനുവേണ്ടി രജിസ്റ്റർ ചെയ്യുവാനുള്ള അവകാശവും തൊഴിൽ കാർഡ് ലഭ്യമാകുവാനുള്ള അവകാശവും.
- തൊഴിൽ കാർഡുള്ള ഒരു കുടുംബത്തിന് (തൊഴിലിനായി അപേക്ഷിക്കുന്ന അംഗങ്ങൾക്കാകെ) സംസ്ഥാന പദ്ധതി സഹായത്തോടെ പരമാവധി 100 ദിവസം തൊഴിൽ ലഭിക്കുന്നതിനുള്ള അവകാശം.
- പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരാൾക്ക് തൊഴിലിന് ഡിമാന്റ് ചെയ്ത് നഗരസഭയിൽ അപേക്ഷ സമർപ്പിക്കുവാനും തീയതി വച്ച് രസീത് ലഭിക്കുവാനും അപേക്ഷ തീയതി മുതൽ 15 ദിവസത്തിനകമോ അയാൾ തൊഴിൽ ആവശ്യപ്പെടുന്ന തീയതിയോ ഏതാണ് രണ്ടാമത് വരുന്നത് പ്രസ്തുത ദിവസം മുതൽ അയാൾക്ക് തൊഴിൽ ലഭ്യമാകുവാനുള്ള അവകാശം. 15 ദിവസത്തിനകം തൊഴിൽ ലഭ്യമായില്ലെങ്കിൽ അയാൾക്ക് തൊഴിലില്ലായ്മാ വേതനം ലഭിക്കുവാനുള്ള അവകാശം.
- തൊഴിലപേക്ഷകന്റെ വീട്ടിൽ നിന്നും പരമാവധി 5 കി.മീ. ചുറ്റളവിനുള്ളിൽ തന്നെ തൊഴിൽ ലഭ്യമാക്കുവാനും എന്നാൽ ഏതെങ്കിലും കാരണത്താൽ 5 കി.മീ. പരിധിക്കപ്പുറത്ത് തൊഴിൽ നൽകേണ്ടി വന്നാൽ 10% അധിക കൂലി ലഭ്യമാകുന്നതിനുള്ള അവകാശം.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കാലാകാലങ്ങളിൽ നിശ്ചയിക്കപ്പെടുന്ന അതേ നിരക്കു പ്രകാരമുള്ള കൂലി അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ലഭ്യമാകുവാനുള്ള അവകാശം.
- പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഓരോ ആഴ്ചയിലും (പരമാവധി 14 ദിവസത്തിനകം) കൂലി ലഭ്യമാക്കുന്നതിനും കൂലി ലഭ്യമാക്കുന്നതിന് 14 ദിവസത്തിലധികം കാലതാമസം വന്നാൽ തൊഴിലാളിക്ക് 1936 ലെ വേതനവിതരണ നിയമം

പദ്ധതി വിശേഷതകളും

(സെക്ഷൻ 4) പ്രകാരം നഷ്ടപരിഹാര തുക (Ccompensation for delayed payment) ലഭ്യമാകുന്നതിനുള്ള അവകാശം.

- തൊഴിൽ സ്ഥലത്ത് കുടിവെള്ളം, വിശ്രമിക്കുവാനുള്ള ഷെഡ്, പ്രാഥമിക ശുചിത്വ സൗകര്യം, പ്രഥമ ശുശ്രൂഷാ കിറ്റ് എന്നീ സൗകര്യങ്ങൾ ലഭ്യമാകുവാനുള്ള അവകാശം.
- പദ്ധതി സംബന്ധിച്ച ഏതൊരു വിവരവും രേഖയും പൗരന് ലഭ്യമാകുവാനുള്ള അവകാശം.
- ഓരോ നഗരസഭയിലും അതാത് വാർഡുസഭകളിൽ വച്ച് പ്രവൃത്തികൾ തെരഞ്ഞെടുക്കുവാനുള്ള അവകാശം.
- പദ്ധതി നിർവ്വഹണം വാർഡ് സഭകളിൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുവാനുള്ള അവകാശം.

പങ്കാളികൾ : ചുമതലയും ഉത്തരവാദിത്വവും

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പങ്കാളികൾ ചുവടെ പറയുന്നവരായിരിക്കും.

- തൊഴിലന്വേഷകർ
- വാർഡുസഭ
- നഗരസഭകൾ (മുൻസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും)
- ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ
- സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ
- സംസ്ഥാന സർക്കാർ

തൊഴിലന്വേഷകർ

ഈ പദ്ധതിയുടെ പ്രാഥമിക പങ്കാളികൾ തൊഴിലന്വേഷകരാണ്. ഇവരുടെ അവകാശങ്ങൾ താഴെ പറയുന്നവയാണ്.

- തൊഴിൽ രജിസ്ട്രേഷന് അപേക്ഷിക്കൽ
- തൊഴിൽ കാർഡ് ലഭ്യമാകുക.
- തൊഴിലിന് അപേക്ഷ നൽകൽ.
- തൊഴിലിനുള്ള ദിവസങ്ങളും കാലയളവും തെരഞ്ഞെടുക്കൽ.
- അപേക്ഷ നൽകിയാൽ 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കൽ, അപ്രകാരം തൊഴിൽ ലഭ്യമായില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുക.
- പ്രവൃത്തി സ്ഥലത്ത് കുടിവെള്ളം, വിശ്രമിക്കുവാൻ, തണൽ, പ്രാഥമിക ശുചിത്വ സൗകര്യം, പ്രാഥമിക ശുശ്രൂഷ, ക്രെഷ് സൗകര്യങ്ങൾ.
- മസ്റ്റർ റോൾ പരിശോധിക്കുവാനും തൊഴിൽ കാർഡിൽ തൊഴിൽ ചെയ്ത വിവരങ്ങൾ രേഖപ്പെടുത്തി കിട്ടുവാനും.
- തൊഴിലെടുത്ത് പരമാവധി 14 ദിവസത്തിനകം കൂലി ലഭിക്കുവാനും താമസം നേരിടുന്ന പക്ഷം നഷ്ടപരിഹാരം ലഭിക്കുന്നതിനും.

വാർഡ്സഭ : അവകാശങ്ങളും ഉത്തരവാദിത്വവും

- പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ശുപാർശ ചെയ്യൽ.
- പദ്ധതി നിർവ്വഹണത്തിന്റെ സോഷ്യൽ ആഡിറ്റ്.
- പദ്ധതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ജനങ്ങളുമായി പങ്കുവെയ്ക്കൽ.

നഗരസഭയുടെ ഉത്തരവാദിത്വങ്ങൾ

- പ്രവൃത്തികളുടെ ആസൂത്രണം
- തൊഴിൽ രജിസ്ട്രേഷനുള്ള അപേക്ഷ സ്വീകരിക്കൽ, പരിശോധനയും രജിസ്ട്രേഷനും.
- തൊഴിൽ കാർഡ് വിതരണം.
- തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കലും തീയതി വച്ച് രസീതു നൽകലും.
- അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ പ്രവൃത്തി നൽകൽ.
- പ്രോജക്ടുകൾക്ക് സമയബന്ധിതമായി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയെന്നുറപ്പാക്കൽ.
- പ്രവൃത്തി നിർവ്വഹണം.
- റെക്കാർഡുകളുടെ സൂക്ഷിപ്പ്.
- സോഷ്യൽ ഓഡിറ്റിനുവേണ്ടി വാർഡുസഭകൾ സംഘടിപ്പിക്കൽ.
- പദ്ധതിയുടെ നിർവ്വഹണം, ദിശാഗതി നിയന്ത്രണം, വിലയിരുത്തൽ.
- പരാതി പരിഹാരം.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ അതാത് ജില്ലയിലെ ജില്ലാ കളക്ടർമാരായിരിക്കും.

സംസ്ഥാന സർക്കാർ തലത്തിൽ പദ്ധതിയുടെ നിർവ്വഹണ മേൽനോട്ട ചുമതല തദ്ദേശസ്വയം ഭരണ വകുപ്പിനായിരിക്കും.

സംസ്ഥാന തലത്തിൽ പദ്ധതിയുടെ നിർവ്വഹണ ചുമതല മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനായിരിക്കും.■

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

തദ്ദേശഭരണ സ്ഥാപനങ്ങളും സോഷ്യൽ ഓഡിറ്റും

ഡോ. എബി ജോർജ്

പൊതുധനം ഉപയോഗപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ അതിൽ അഴിമതി ഉണ്ടാകാൻ പാടില്ലാത്തതാണ്. പക്ഷേ, സമൂഹത്തിന്റെ എല്ലാ മേഖലയിലും എല്ലാ തലങ്ങളിലും അഴിമതി വ്യാപകമായിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യം ഇന്ന് പൊതുസമൂഹം നേരിടുകയാണ്. അഴിമതി തടയുന്നതിനും നീതിന്യായം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള സംവിധാനങ്ങൾ പോലും അഴിമതിയുടെ പിടിയിലാവുകയാണോ എന്നുള്ള സന്ദേഹം കൂടുതൽ കൂടുതൽ ശക്തമായിക്കൊണ്ടിരിക്കുന്നു. എല്ലാ മേഖലകളിലും അവരവരുടെ താൽപര്യസംരക്ഷണത്തിനായുള്ള ശ്രമങ്ങൾ കൂടുതൽ ശക്തമാക്കിക്കൊണ്ടിരിക്കുന്നു.

സാധാരണ ജനങ്ങൾ നിസ്സഹായരായിക്കൊണ്ടിരിക്കുകയാണോ. ജനാധിപത്യത്തിന്റെ അന്തസത്ത ഉയർത്തിപ്പിടിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ഒന്നൊന്നായി ദുർബലമാകുമ്പോൾ ശക്തമായ ജനകീയ ഇടപെടൽ ആവശ്യമായി വരുന്നു. ഇത്തരം ഇടപെടലുകൾക്കുള്ള വേദികളും അവസരങ്ങളും കുറഞ്ഞുവരികയോ, നിർവീര്യമാകപ്പെടുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. ഗ്രാമസഭകൾ ജനങ്ങളുടെ ആശയങ്ങളും അവകാശങ്ങളും ഉറപ്പിക്കുന്ന വേദിയായി മാറണം എന്നാണ് വിഭാവന ചെയ്തിരിക്കുന്നത്. എങ്കിലും ആ ലക്ഷ്യത്തിലേക്ക് ഇനിയും ബഹുദൂരം പോകേണ്ടതുണ്ട്.

ഈയൊരു പൊതു പശ്ചാത്തലത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുന്നതിനു വേണ്ടിയുള്ള ഒരു സംവിധാനം നിലവിൽ വന്നിരിക്കുന്നത്. 2010 -11 ബജറ്റ് പ്രസംഗത്തിൽ, ധനകാര്യ മന്ത്രി പ്രസ്താവിച്ചിരുന്ന "സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൻ" ഇക്കഴിഞ്ഞമാസം മുതൽ നിലവിൽ വന്നിരിക്കുകയാണ്.

മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ തന്നെ സോഷ്യൽ ഓഡിറ്റിനു വിധേയമാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തു വാർഡുകളിലും നടന്ന തൊഴിലുറപ്പു പ്രവർത്തികളെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. അതുകൊണ്ട് പൊതുജനങ്ങൾ നേരിട്ട് ഇടപ്പെട്ട് തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിക്കുമെന്നും ഉറപ്പായിക്കഴിഞ്ഞിട്ടുണ്ട്. അതിലുമുപരി പൊതുജനങ്ങൾക്ക് സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കാനും ഗ്രാമസഭകളിൽ അതിനെക്കുറിച്ച് അഭിപ്രായം പറയാനും അവകാശമുണ്ട് എന്ന ബോധ്യം കൂടുതൽ കൂടുതൽ ആളുകൾ മനസ്സിലാക്കി വരുന്നു.

ഇപ്പറഞ്ഞതിന്റെ അർത്ഥം തൊഴിലുറപ്പു പദ്ധതിയിലെ സോഷ്യൽ ഓഡിറ്റ് കുറ്റമറ്റതാണെന്നല്ല. പലപ്പോഴും വേണ്ടത്ര അവധാനതയോടെയുള്ള പരിശോധനകൾ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായിട്ടുപോലും നടക്കുന്നില്ല എന്നത് ഒരു വാസ്തവം തന്നെയാണ്. അതുകൊണ്ടുതന്നെ തൊഴിലുകിട്ടാനും എടുത്ത പ്രവൃത്തികളുടെ കൂലികിട്ടാനും തുടർച്ചയായി കാലതാമസം വന്നിട്ടും അതിനെ വേണ്ട രീതിയിൽ പുറത്തുകൊണ്ടു വരുവാൻ സോഷ്യൽ ഓഡിറ്റിനു കഴിഞ്ഞിട്ടില്ല. തൊഴിലാളികൾക്ക് നിശ്ചിതമായ അവകാശങ്ങളുണ്ട് എന്നു നിയമം ഉറപ്പാക്കുമ്പോൾ അതു ഫീൽഡുതലത്തിൽ നിർവ്വഹണത്തിനു വിധേയമാകുന്ന സാഹചര്യത്തിൽ ഇത്തരം അവകാശങ്ങൾ ഉറപ്പാക്കാൻ കഴിയാതെ പോകുന്നു.

എന്നിരുന്നാലും മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി നിർവ്വഹിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സംവിധാനം കൂടുതൽ ശക്തമാക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

പുതിയതായി രൂപീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സോഷ്യൽ ഓഡിറ്റ് സെല്ലിന്റെ പ്രവർത്തനം ആദ്യഘട്ടത്തിൽ തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങളിലാകും ശ്രദ്ധ കേന്ദ്രീകരിക്കുക. രണ്ടാംഘട്ടമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങളെയും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കും.

സംസ്ഥാന സോഷ്യൽ ഓഡിറ്റ് കൗൺസിൽ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു കൗൺസിലിനാണ് സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളുടെയും നയരൂപീകരണത്തിന്റെയും മേൽ

നോട്ടത്തിന്റെയും ചുമതല. ഇത്തരത്തിലുള്ള സംസ്ഥാന സോഷ്യൽ ഓഡിറ്റ് കൗൺസിലിൽ ഗ്രാമവികസന കമ്മിഷണർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമെൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ ഔദ്യോഗിക അംഗങ്ങളും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായിരിക്കും. ത്രിതല പഞ്ചായത്തിൽ നിന്നും നഗരസഭകളിൽ നിന്നുമായി അഞ്ച് ജനപ്രതിനിധികൾ ഈ കൗൺസിലിൽ അംഗമായിരിക്കും. രാജസ്ഥാനിലെ MKSS പോലെ തൊഴിലുറപ്പു പദ്ധതിയും സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാരിതര സംഘടനകളുടെ 2 പ്രതിനിധികൾ, കേരളത്തിലെ സാമൂഹിക സാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള നിക്ഷ്പക്ഷമതികളായ 3 വിശിഷ്ട വ്യക്തികൾ എന്നിവരും കൗൺസിൽ അംഗങ്ങളായിരിക്കും. ഈ അംഗങ്ങളെ സർക്കാർ നിർദ്ദേശിക്കുന്നതാണ്. ഇവർ രാഷ്ട്രീയപ്പാർട്ടികളുടെ പ്രവർത്തകർ ആകാൻ പാടില്ലാത്തതുമാണ്. ഇത്തരത്തിൽ നാമനിർദ്ദശം ചെയ്യപ്പെട്ട അംഗങ്ങളുടെ കാലാവധി രണ്ടു വർഷമായിരിക്കും.

ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിൽ

തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങൾ ചിട്ടയായും ഗുണകരമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിനും അതുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി ജില്ലകൾ തോറും ഓംബുഡ്സ്മാനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ഓംബുഡ്സ്മാൻ സംവിധാനം നിലവിൽ വരുന്നതോടെ ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിലും രൂപീകൃതമാകും. ഓംബുഡ്സ്മാൻ ആയിരിക്കും ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിലിന്റെ അദ്ധ്യക്ഷൻ. ADC (ജനറൽ), രണ്ട് പ്രൊഫഷണലുകൾ എന്നിവർ അടങ്ങുന്ന ഒരു ഗ്രൂപ്പായിരിക്കും ജില്ലാ തലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ചിട്ടയായി നടക്കുന്നു എന്ന് ഉറപ്പാക്കുന്നത്.

ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിൽ അതാതു ജില്ലകളിലെ ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുന്നതാണ്. ഇതിനായി ഓരോ ജില്ലയിലും ഏകദേശം മുപ്പതോളം പേർ ഉൾപ്പെടുന്ന ഒരു സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയും രൂപീകരിക്കുന്നതാണ്.

ഗ്രാമതല സോഷ്യൽ ഓഡിറ്റ് ടീം

ഓരോ ഗ്രാമപഞ്ചായത്തിലേയും തൊഴിലുറപ്പു പ്രവൃത്തികളിൽ കഴിഞ്ഞ സാമ്പത്തികവർഷം 50 ദിവസമെങ്കിലും പണിയെടുത്ത കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികൾ ഉൾപ്പെടുന്ന ഒരു ടീമായിരിക്കും സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഗ്രാമതല പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക. പട്ടികജാതി, പട്ടികവർഗ്ഗ, BPL കുടുംബങ്ങളിൽ നിന്നായി 3 പെൺകുട്ടികളെ ഓരോ വാർഡിലും തെരഞ്ഞെടുക്കും. ഇവർക്കു പരിശീലനം നൽകും. ഇവർ ടീമുകളായി പഞ്ചായത്തിലെ പ്രവർത്തനങ്ങൾ അപ്പപ്പോൾ പരിശോധിച്ച് സ്വതന്ത്രമായ റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ സമർപ്പിക്കും. 20 വാർഡുകളുള്ള ഒരു പഞ്ചായത്തിൽ 60 പേരടങ്ങുന്ന ഒരു പ്രാദേശിക മോണിട്ടറിങ് സംവിധാനം നിലവിൽ വരും. ഓരോ 6 മാസം കൂടുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലും ഇവർ അവതരിപ്പിക്കുന്ന വിശദമായ റിപ്പോർട്ട് ഓഡിറ്റിനു വിധേയമാക്കി അതിൻമേൽ നടപടികൾ സ്വീകരിക്കും.

സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ

സംസ്ഥാനത്തുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റ് ചിട്ടയായി നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്വവും നേതൃത്വവും സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെല്ലിനായിരിക്കും. സോഷ്യൽ ഓഡിറ്റ് സെല്ലിന്റെ ഡയറക്ടറായി സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാന, ജില്ലാ തലത്തിൽ വിദഗ്ദ്ധരുടെ ഒരു പാനൽ ഓഡിറ്റുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കും. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട സംവിധാനത്തിന്റെ പൊതുവായുള്ള കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ അടക്കമുള്ള പ്രവർത്തനങ്ങൾ ഈ സെല്ലിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതാണ്.

പുതിയതായി രൂപീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സോഷ്യൽ ഓഡിറ്റ് സെല്ലിന്റെ പ്രവർത്തനം ആദ്യഘട്ടത്തിൽ തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങളിലാകും ശ്രദ്ധ കേന്ദ്രീകരിക്കുക. രണ്ടാംഘട്ടമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങളെയും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റ് സംവിധാനം ചിട്ടയായി പ്രവർത്തിക്കുന്നതിനുള്ള എല്ലാ തരത്തിലുള്ള ശ്രമങ്ങളും സെല്ലിന്റെ പ്രവർത്തനത്തിന്റെ ഭാഗമായിട്ടുണ്ടാകും. ഇതുമായി ബന്ധപ്പെട്ടുള്ള പഠന ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അതിനു മേൽനോട്ടം വഹിക്കുകയും ചെയ്യുന്നതും ഈ സെല്ലിന്റെ ഉത്തരവാദിത്തമാണ്.

അടുത്ത മാസം മുതൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ തൊഴിലുറപ്പു പദ്ധതിയുടെ മാതൃകാ സോഷ്യൽ ഓഡിറ്റ് നടത്തിക്കൊണ്ടായിരിക്കും ഈ സംവിധാനം പ്രവർത്തനം തുടങ്ങുക. എല്ലാ ജില്ലകളിലേക്കും തുടർന്ന് എല്ലാ ബ്ലോക്കുകളിലേക്കും പഞ്ചായത്തുകളിലേക്കും പുതിയ രീതിക്കനുസരിച്ചുള്ള സോഷ്യൽ ഓഡിറ്റ് വ്യാപിപ്പിക്കും.

സത്യസന്ധതയോടും സുതാര്യതയോടും കൂടി പ്രാദേശിക വികസനപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ പഞ്ചായത്തുകൾക്ക് ശക്തി പകരുന്ന ഒരു സംവിധാനമായിട്ടാണ് സോഷ്യൽ ഓഡിറ്റ് സെല്ലിനെയും പ്രക്രിയയെയും രൂപകല്പന ചെയ്തിരിക്കുന്നത്.■

ലേഖകൻ കിലയിലെ അദ്ധ്യാപകനാണ്. ഇപ്പോൾ മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിന്റെ പ്രോഗ്രാം ഓഫീസറാണ്

National Rural Health Mission

ആതുരശുശ്രൂഷാ രംഗത്ത് മെച്ചപ്പെട്ട സേവനവുമായി ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം

സൗരഭ് ജയിൻ ഐ.എ.എസ്

ആതുരശുശ്രൂഷാരംഗത്ത് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാനുദ്ദേശിച്ച് 2005-12 കാലയളവിൽ ദേശീയതലത്തിൽ നടപ്പിലാക്കി വരുന്ന ഒരു കർമ്മ പരിപാടിയാണ് ദേശീയഗ്രാമീണ ആരോഗ്യദൗത്യം (എൻ.ആർ.എച്ച്.എം). കേരളത്തിൽ പദ്ധതി നടത്തിപ്പിലേക്കായി സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും സൊസൈറ്റി (ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി) രൂപീകരിക്കുകയും അവയ്ക്ക് 'ആരോഗ്യകേരളം' എന്ന് പേര് നൽകുകയും ചെയ്തു. രാജ്യത്തെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സവിശേഷവും വേറിട്ടതുമായ ആരോഗ്യപ്രശ്നങ്ങളാണ് കേരളത്തിന്റേത്. ഇവിടുത്തെ പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായി നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം അവസരമൊരുക്കി. ആരോഗ്യ സ്ഥാപനങ്ങളുടെ നിലവാരമുയർത്തുക, മികച്ച ആരോഗ്യപരിചരണവും ഗുണമേന്മയാർന്ന സേവനങ്ങളും ഉറപ്പാക്കുക, പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പിന്നാക്കക്കാർക്കും ആരോഗ്യപരിചരണം ലഭ്യമാക്കുക തുടങ്ങി എൻ.ആർ.എച്ച്.എം. ശ്രദ്ധ കേന്ദ്രീകരിക്കുന്ന സേവനമേഖലകളെ മുന്നിൽ കണ്ടുകൊണ്ടുള്ളവയായിരുന്നു ഈ സംരംഭങ്ങൾ.

ലക്ഷ്യങ്ങൾ

- പ്രാഥമികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക.
- മാതൃശിശു മരണനിരക്കുകൾ കുറയ്ക്കുക.
- വനിത ശിശു ആരോഗ്യം മെച്ചപ്പെടുത്തുക.
- കുടിവെള്ളം, ശുചിത്വം, പോഷകാഹാരം, രോഗപ്രതിരോധ നടപടികൾ തുടങ്ങിയ സേവനങ്ങൾ സാർവ്വത്രികമായി ലഭ്യമാക്കുക.
- ജനസംഖ്യാസന്തുലനം ഉറപ്പാക്കുക.
- പ്രാദേശിക രോഗങ്ങൾ, പകർച്ച

പ്രധാന പ്രവർത്തനങ്ങൾ

- പ്രജനനശൈശവ ആരോഗ്യം- II (Reproductive Child Health -II)
- ഇതര പ്രവർത്തനങ്ങൾ (Additionalities)
- രോഗപ്രതിരോധ നടപടികൾ (Immunization)
- ദേശീയ രോഗനിയന്ത്രണ പരിപാടികൾ (Disease and control programmes)
- സംയോജിത പ്രവർത്തനങ്ങൾ (Convergence)



സ്ഥാപന ശാക്തീകരണം

- പ്രഥമ റഫറൽ യൂണിറ്റുകൾ/സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നു.
- തിരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ 24 മണിക്കൂർ പ്രവർത്തന സജ്ജമാക്കുന്നു.
- നാഷണൽ അക്രഡിറ്റേഷൻ ബോർഡിന്റെ കീഴിൽ ആദ്യപടിയായി 14 ആശുപത്രികളെയും 358 ലബോറട്ടറികളെയും അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നു.
- നിർബ്ബന്ധിത ഗ്രാമീണ സേവനം മുഖേനയും/കോൺട്രാക്റ്റ് വ്യവസ്ഥ വഴിയും കൂടുതൽ ഡോക്ടർമാരെയും നഴ്സുമാരെയും അനുബന്ധ സ്റ്റാഫുകളെയും വിന്യസിക്കുന്നു.
- 115 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ദേശീയ പൊതുജനാരോഗ്യ നിലവാരത്തിലേക്ക് ഉയർത്തുന്നു.

ആയുർവ്വേദ, ഹോമിയോ വിഭാഗങ്ങളുടെ ശാക്തീകരണം

- പുതിയ ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നു.
- ആയുർവ്വേദ, ഹോമിയോ ആശുപത്രികളിൽ കൂടുതൽ ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ ലഭ്യത ഉറപ്പാക്കുന്നു.
- തിരഞ്ഞെടുത്ത ആയുർവ്വേദ-ഹോമിയോ ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നു.

വ്യാധികൾ, ജീവിതശൈലീരോഗങ്ങൾ എന്നിവ തടയുക.

- ആരോഗ്യകരമായ ജീവിതരീതികൾ പ്രോത്സാഹിപ്പിക്കുക.
- തദ്ദേശീയമായ ആരോഗ്യസുരക്ഷാ പാരമ്പര്യങ്ങൾ പുനരുജ്ജീവിപ്പിക്കുക.
- ആയുഷിനെ (ആയുർവ്വേദം, യോഗ, യുനാനി, സിദ്ധ, ഹോമിയോപ്പതി) മുഖ്യധാരയിലെത്തിക്കുക.

ആരോഗ്യകേരളം പരിപാടികളിലൂടെ...

എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആരോഗ്യസേവനങ്ങളാണ് ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം വിഭാവനം ചെയ്യുന്നത്. വിദ്യാലയ ആരോഗ്യപരിപാടി, ആരോഗ്യ വിവരനിർവ്വഹണ സംവിധാനം, സാന്ത്വന ശുശ്രൂഷ, ആശ പദ്ധതി, ആശുപത്രികളുടെ നിലവാരം ഉയർത്തലും ഗുണനിലവാരം ഉറപ്പാക്കലും, പ്രതിരോധ ചികിത്സാസംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയവ ഇവയിൽ ചിലതുമാത്രം.

സാന്ത്വനശുശ്രൂഷാ പദ്ധതി

ഇന്ത്യയിലാദ്യമായി സാന്ത്വന ശുശ്രൂഷാനയം പ്രഖ്യാപിച്ചത് കേരളമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹികാടിസ്ഥാനത്തിലുള്ള ഗൃഹപരിചരണസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി ആവിഷ്കരിച്ച ആരോഗ്യകേരളം സാന്ത്വനശുശ്രൂഷാ പദ്ധതി കേരളത്തിന്റെ നാനാഭാഗങ്ങളിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി വിജയകരമായി നടപ്പിലാക്കി വരുന്നു. സഹായമാവശ്യമുള്ള രോഗികളെ കണ്ടെത്തി ശരിയായ ചികിത്സയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുക, കിടപ്പിലായ രോഗികൾക്കും മാറാരോഗമുള്ളവർക്കും ഗൃഹപരിചരണം നൽകുക, സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയിൽ കഴിയുന്ന രോഗികൾ ഉൾപ്പെടെയുള്ളവർക്ക് മരുന്നും ശുശ്രൂഷയും നൽകാൻ പ്രാഥമികാരോഗ്യപരിപാലനസംവിധാനത്തെ പ്രാപ്തമാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതിനായി ഡോക്ടർമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ,നഴ്സുമാർ തുടങ്ങിയവരെ ഗൃഹപരിചരണത്തിനും മറ്റു പരിപാടികൾ ഏകോപിപ്പിക്കുന്നതിനുമായി നിയോഗിച്ചു. സംസ്ഥാനത്തെ 480 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹികാടിസ്ഥാനത്തിലുള്ള ഗൃഹപരിചരണ സംരംഭങ്ങൾ പ്രവർത്തിക്കുന്നു.

വിദ്യാലയ ആരോഗ്യപരിപാടി (School Health Programme)

സ്കൂൾവിദ്യാർത്ഥികളുടെ സമഗ്രമായ ആരോഗ്യപരിപാലനം മുഖ്യലക്ഷ്യമാക്കി ആരോഗ്യകേരളം രൂപകല്പന ചെയ്ത നൂതന സംരംഭമാണിത്. ആരോഗ്യ-വിദ്യാഭ്യാസ-സ്പോർട്സ്-തദ്ദേശ സ്വയംഭരണവകുപ്പുകൾ സംയുക്തമായാണ് ഇത് നടപ്പിലാക്കുന്നത്. ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര ആരോഗ്യ രേഖ എന്ന നിലയിൽ, സ്കൂൾ ടി.സി. യും ഹെൽത്ത് റെക്കോർഡും സംയോജിപ്പിച്ചുകൊണ്ടുള്ള 'സ്കൂൾ ടി.സിയും ഹെൽത്ത് റെക്കോർഡും' എന്ന നൂതന സംരംഭത്തിന് വിദ്യാലയാരോഗ്യപരി

ഉപാധിരഹിത ഫണ്ട്

സബ്സെന്റർ	-	10000 രൂപ
വാർഡ്തല ആരോഗ്യ ശുചിത്വസമിതി	-	10000 രൂപ
പ്രാഥമികാരോഗ്യകേന്ദ്രം	-	25000 രൂപ
സാമൂഹികാരോഗ്യകേന്ദ്രം	-	50000 രൂപ
അറ്റകുറ്റപ്പണികൾക്കായുള്ള ഫണ്ട്		
സബ്സെന്റർ	-	10000 രൂപ
പ്രാഥമികാരോഗ്യകേന്ദ്രം	-	50000 രൂപ
സാമൂഹികാരോഗ്യകേന്ദ്രം	-	100000 രൂപ
ആശുപത്രി നിർവ്വഹണ സമിതി		
പ്രാഥമികാരോഗ്യകേന്ദ്രം	-	100000 രൂപ
സാമൂഹികാരോഗ്യകേന്ദ്രം	-	100000 രൂപ
ജനറൽ, താലൂക്ക്, ജില്ലാ ആശുപത്രികൾ	-	500000 രൂപ

ചില പ്രധാന പരിപാടികൾ

- 2012-ഓടെ എല്ലാ ജില്ലകളിലും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി.
- ദരിദ്രരായ സ്ത്രീകളുടെ ആദ്യ രണ്ട് പ്രസവങ്ങൾക്ക് ധനസഹായമായി ഗ്രാമങ്ങളിൽ 700 രൂപയും നഗരങ്ങളിൽ 600 രൂപയും വീട്ടിൽ വെച്ചുള്ള പ്രസവത്തിന് 500 രൂപയും നൽകുന്നു.
- സമഗ്ര ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ: ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ ആരോഗ്യചികിത്സ തിരഞ്ഞെടുത്ത ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു; പദ്ധതി മേൽനോട്ടത്തിനായി പബ്ലിക് റിലേഷൻസ് ഓഫീസർമാർ.
- ആശുപത്രികളിലെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി 43.12 കോടിയുടെ ആശുപത്രി ഉപകരണങ്ങൾ.

പാടി തുടക്കം കുറിച്ചു. കുട്ടിയുടെ ആരോഗ്യം സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ റെക്കോഡിൽ ലഭ്യമാണ്. ഇതോടൊപ്പം സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യപരിപാലനത്തിന് 2500 വിദ്യാർത്ഥികൾക്ക് ഒരാൾ എന്ന തോതിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ പ്രത്യേകപരിശീലനം നൽകി നിയോഗിച്ചു. സംസ്ഥാനത്തെ 1150 സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പരിപാടി നടപ്പിലാക്കി വരുന്നു.

കമ്പ്യൂട്ടർവത്കൃത ആരോഗ്യ വിവരസംവിധാനം

കേരളത്തിലെ 1200 ലധികം ആരോഗ്യസ്ഥാപനങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ആരോഗ്യവിവരശേഖരണ വിതരണ സംവിധാനം രൂപപ്പെടുത്തുന്നു. ഈ സ്ഥാപനങ്ങളിലെ ഫാർമസികൾ കമ്പ്യൂട്ടർവത്കരിക്കുന്നു.

പ്രാഥമിക ആരോഗ്യസേവനങ്ങൾ, ആരോഗ്യബോധവത്ക്കരണം, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം, കൗൺസിലിങ് സൗകര്യം തുടങ്ങിയ സേവനങ്ങൾ വിദ്യാലയ ആരോഗ്യപരിപാടിയിലൂടെ ലഭ്യമാണ്.

ആരോഗ്യവിവരസാങ്കേതിക സംവിധാനം
(Health Management Information System - HMIS)

ആരോഗ്യസംരക്ഷണമേഖലയിൽ വിവരങ്ങൾ ശേഖരിക്കുകയും അപഗ്രഥിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ശക്തമായ ഒരു ആരോഗ്യവിവരസാങ്കേതികസംവിധാനത്തിനു സംസ്ഥാനം തുടക്കംകുറിച്ചു. ശരിയായ വിവരങ്ങൾ യഥാസമയത്ത് ഓൺലൈൻ വഴി കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് ലഭ്യമാക്കുകയാണ് HMIS (Health Management Information System) ന്റെ ലക്ഷ്യം. സംസ്ഥാനത്തെ മൊത്തം പി.എച്ച്.സി.കൾ, സി.എച്ച്.സി.കൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, താലൂക്കാശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവ ഉൾപ്പെടെ 1200-ലധികം ആരോഗ്യകേന്ദ്രങ്ങളെ HMIS വഴി ബന്ധിപ്പിച്ചിരിക്കുന്നു. പ്രാന്തപ്രദേശങ്ങളിലെ സബ്സെന്ററുകളിൽനിന്നും സ്വകാര്യ ആരോഗ്യസ്ഥാപനങ്ങളിൽനിന്നുപോലും HMIS വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിക്കുന്നു. 2009 ഏപ്രിൽ മുതൽ പുതിയ സംവിധാനമനുസരിച്ച് സംസ്ഥാനത്തെ ആരോഗ്യവിവരശേഖരണം ആരംഭിച്ചു. ആരോഗ്യവകുപ്പിലെ പതിനായിരത്തോളം ജീവനക്കാർക്ക് ഓൺലൈൻ റിപ്പോർട്ടിംഗിൽ പരിശീലനം നൽകിക്കഴിഞ്ഞു. 2009 ഏപ്രിൽ മുതൽ 2010 നവംബർ വരെയുള്ള മാസങ്ങളിലെ കൺസോളിഡേറ്റഡ് റിപ്പോർട്ട് ഇന്ത്യാ ഗവൺമെന്റിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കൃത്യതയാർന്നതും ഗുണമേന്മയുള്ളതും സമയോചിതവുമായ വിവരശേഖരണവും അപഗ്രഥനവും ഇതു വഴി സാധ്യമാകുന്നു.

ആശ (ASHA)
(Accredited Social Health Activist)

ആരോഗ്യസേവനങ്ങൾക്കായി ബുദ്ധിമുട്ടുന്ന ജനവിഭാഗങ്ങളുടെ, പ്രത്യേകിച്ചും സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംബന്ധമായ ആവശ്യങ്ങൾ നിർവഹിക്കുന്ന അംഗീകൃത സാമൂഹികാരോഗ്യപ്രവർത്തകയാണ് ആശ. ജനസംഖ്യയിൽ ആയിരം പേർക്ക് ഒരാൾ എന്ന തോതിലാണ് ആശാപ്രവർത്തകരെ വിന്യസിച്ചിരിക്കുന്നത്. മുപ്പത്തൊന്നായിരം ആശാ പ്രവർത്തകരെ പ്രാഥമിക പരിശീലനത്തിനു ശേഷം ഇതിനോടകം സംസ്ഥാനത്തുടനീളം വിന്യസിച്ചു കഴിഞ്ഞു.

മാതൃ-ശിശു സംരക്ഷണം ഉറപ്പാക്കുക, പ്രാഥമിക വൈദ്യസഹായം എത്തിക്കുക, പകർച്ചവ്യാധികൾ തടയുന്നതിന് നടപടികൾ സ്വീകരിക്കുക, അനുബന്ധ സ്ഥാപനങ്ങളുമായി ചേർന്ന് താഴെത്തട്ടിലുള്ളവർക്ക് സേവനം ഉറപ്പാക്കുക എന്നിവയാണ് ആശാ പ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വങ്ങൾ.

കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആശാപ്രവർത്തകരുടെ കർമ്മമേഖല പകർച്ചവ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമൊപ്പം ജീവിതശൈലീരോഗങ്ങൾ, സാന്ത്വനശുശ്രൂഷ, സാമൂഹിക പങ്കാളിത്തത്തോടെയുള്ള മാനസികാരോഗ്യപ

സാമൂഹ്യാധിഷ്ഠിത സാന്ത്വന ശുശ്രൂഷാ പദ്ധതി

- കിടപ്പിലായവർക്കും ദീർഘകാല രോഗങ്ങളാൽ കഷ്ടപ്പെടുന്നവർക്കും സമൂഹ പങ്കാളിത്തത്തോടെയുള്ള പദ്ധതി.
- സാന്ത്വനമേകാൻ അയൽക്കണ്ണികൾ (സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മ).
- സർക്കാർ, സർക്കാരേതര സംവിധാനങ്ങളുടെ യോജിച്ചുള്ള പ്രവർത്തനം.

ജീവിതശൈലി, ക്യാൻസർ രോഗ നിയന്ത്രണം

- 14 ജില്ലകളിലും ജീവിതശൈലീരോഗനിയന്ത്രണ പരിപാടി നടപ്പിലാക്കി വരുന്നു.
- പരിശീലനം ലഭിച്ച ആശാ പ്രവർത്തകർ ജീവിതശൈലീ രോഗനിർണ്ണയ, നിയന്ത്രണപ്രവർത്തനങ്ങൾ നടത്തുന്നു.
- എല്ലാ സബ്സെന്ററുകളിലും പ്രമേഹ, രക്തസമ്മർദ്ദ നിർണ്ണയ ക്യാമ്പുകൾ.
- എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും പ്രതിവാര ജീവിതശൈലീരോഗനിർണ്ണയ ക്യാമ്പുകൾ.

വിദ്യാലയ ആരോഗ്യപരിപാടി

- കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും വിദ്യാലയ ആരോഗ്യപരിപാടിക്ക് തുടക്കം.
- ടി.സി. ഉൾപ്പെട്ട സ്കൂൾ ഹെൽത്ത് റെക്കോർഡ് എല്ലാ കുട്ടികൾക്കും.
- ക്ലിനിക്കൽ പരിശോധന, കൗൺസലിങ്, ആരോഗ്യവിദ്യാഭ്യാസം, രക്ഷകർത്താക്കളുടെ പങ്കാളിത്തം, കുട്ടികളുടെ സമഗ്ര ആരോഗ്യ ഡാറ്റാബേസ് തുടങ്ങിയ സേവനങ്ങൾ.
- നിശ്ചിത ഇടവേളകളിൽ ഡോക്ടറുൾപ്പെട്ട ആരോഗ്യടീമിന്റെ സന്ദർശനം.
- അനീമിയ നിയന്ത്രണത്തിനും ദന്തശുചിത്വത്തിനും പ്രത്യേക പരിഗണന.

ട്രൈബൽ മേഖലയിൽ പ്രത്യേക സേവനങ്ങൾ

- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രജനന ശൈശവാരോഗ്യ ക്യാമ്പുകൾ
- സിക്കിൾസെൽ അനീമിയ നിയന്ത്രണത്തിനായി പ്രത്യേക പദ്ധതി
- കോട്ടത്തറയിലും (പാലക്കാട്) നല്ലൂർനാട്ടിലും (വയനാട്) സ്പെഷ്യാലിറ്റി ആശുപത്രികൾ.

ആരോഗ്യസേവനരംഗം മെച്ചപ്പെടുത്താനുള്ള പരിപാടികൾ

- കേരളത്തിലെ 1000 ജനങ്ങൾക്ക് ഒരു ആശ (അംഗീകൃത സാമൂഹികാരോഗ്യ പ്രവർത്തക)
- സാമൂഹികാധിഷ്ഠിത ക്യാൻസർ പരിചരണത്തിൽ മുഖ്യ പങ്ക്
- ജീവിതശൈലി രോഗനിയന്ത്രണത്തിന് ആശാപ്രവർത്തകർക്ക് പ്രത്യേക പരിശീലനവും ചികിത്സാ-നിർണ്ണയ ഉപകരണങ്ങളും.

മാനസികാരോഗ്യ പദ്ധതി

- സ്ത്രീകളെയും കുട്ടികളെയും കേന്ദ്രീകരിച്ച് സാമൂഹികാധിഷ്ഠിത മാനസികാരോഗ്യപദ്ധതി 5 ജില്ലകളിൽ - മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർകോട്.
- നിശ്ചിത ഇടവേളകളിൽ ഡോക്ടർ, നഴ്സ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരുടെ സന്ദർശനം വിവിധ കേന്ദ്രങ്ങളിൽ

ബോധവത്കരണ/ശീലവത്കരണ പരിപാടികൾ

- നൂതനവും തദ്ദേശീയവുമായ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള ബോധവത്ക്കരണ പരിപാടികൾ

വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾ ആരോഗ്യ പോഷക ദിനങ്ങൾ

- എല്ലാ വാർഡിലും മാസംതോറും വാർഡുതല ആരോഗ്യ പോഷകദിനങ്ങൾ.
- എല്ലാ വാർഡിലും ആരോഗ്യ ശുചിത്വസമിതികൾ-വാർഡ് ഒന്നിന് ഉപാധിരഹിത ഫണ്ടായി ഓരോ വർഷവും 10000 രൂപ.

രിപാടി തുടങ്ങിയവയിലേക്കു കൂടി വ്യാപിപ്പിച്ചു.

ഇ-ബാങ്കിങ് സംവിധാനം

എൻ.ആർ.എച്ച്.എമ്മിന്റെ എല്ലാ പണമിടപാടുകളും ഐ.സി.ഐ.സി ബാങ്കിന്റെ ഇ-ബാങ്കിങ് ശൃംഖലവഴി ഓൺലൈനായാണ് നിർവ്വഹിക്കുന്നത്. ഇ-ബാങ്കിങ് സംവിധാനത്തിലൂടെ ആരോഗ്യകേരളം പദ്ധതി നിർവ്വഹണത്തിനുവേണ്ട ഫണ്ടുകൾ കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തേക്കും അവിടെ നിന്ന് ജില്ലാ സൊസൈറ്റികളിലേക്കും ത്വരിതഗതിയിൽ കൈമാറാൻ സാധിക്കുന്നു. ഇലക്ട്രോണിക് സംവിധാനമുപയോഗിച്ച് തുക നേരിട്ട് ജില്ലാ സൊസൈറ്റികളുടെയോ ആരോഗ്യകേന്ദ്രങ്ങളുടെയോ വ്യക്തികളുടെയോ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു. ഇതിലൂടെ പദ്ധതിയുടെ കീഴിലുള്ള സാമ്പത്തിക വിനിമയങ്ങൾ എളുപ്പത്തിൽ വിലയിരുത്തുവാൻ കഴിയും. ആരോഗ്യമേഖലയിൽ ഇ-ബാങ്കിങ് സംവിധാനം കൊണ്ടുവന്ന ആദ്യ സംസ്ഥാനമാണ് കേരളം. എല്ലാ കണക്കുകളും Management Information System (MIS) റിപ്പോർട്ടുകളും ഓൺലൈൻ വഴി ലഭ്യമാണ്.

ബി.സി.സി : സ്വഭാവ രൂപീകരണത്തിനായുള്ള ആശയവിനിമയം

അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും നേരിട്ടും നടത്തുന്ന ബോധവത്കരണ-ആശയവിനിമയങ്ങളുടെയും വിവരപ്രസരണത്തിന്റെയും സമവായമാണ് സ്വഭാവരൂപികരണത്തിനായുള്ള ആശയവിനിയമം അഥവാ ബി.സി.സി.

കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആരോഗ്യാവബോധം മെച്ചപ്പെടുത്തുകയാണ് ഇതിന്റെ മുഖ്യലക്ഷ്യം. മാസ് മീഡിയ (ബഹുജനമാധ്യമങ്ങൾ), മിഡ് മീഡിയ (നാടൻകലാരൂപങ്ങളുടെയും മറ്റും ഉപയോഗം), വ്യക്തിഗത ആശയവിനിമയം എന്നീ വിഭാഗങ്ങളിലാണ് ബി.സി.സി ശ്രദ്ധയൂന്നുന്നത്. ഇലക്ട്രോണിക്, അച്ചടി, മറ്റു ബഹുജനമാധ്യമ ഉപാധികൾ എന്നിവയിലൂടെ ആരോഗ്യാവബോധം വളർത്തുകയും പരസ്യങ്ങളിലൂടെ പ്രചാരം വർധിപ്പിക്കുകയും സ്വഭാവരൂപീകരണം നടത്തുകയുമാണ് മാസ് മീഡിയ ലക്ഷ്യമിടുന്നത്. കല-നാടോടികലാമാധ്യമങ്ങളിലൂടെ ആശയവിനിമയം നടത്തുകയാണ് മിഡ് മീഡിയ ചെയ്യുന്നത്.

ഫീൽഡു തലത്തിലുള്ള ആശയവിനിമയം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളാണ് വ്യക്തിഗത ആശയവിനിമയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആരോഗ്യകേരളം വാർത്താമാസിക, ആരോഗ്യകേരളം വെബ്സൈറ്റ്, സർക്കാർ വിജ്ഞാപനങ്ങളുടെ പ്രസിദ്ധീകരണം തുടങ്ങിയവയും ബി.സി.സി.യുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. റേഡിയോ ഹെൽത്ത്, ബോധന നൗക (ആരോഗ്യ വിവരപ്രചാരണം നടത്തുന്ന ബോട്ട്) തുടങ്ങിയ നൂതനാശയങ്ങൾക്കും ആവിഷ്കാരം നൽകിയിട്ടുണ്ട്.

ട്രൈബൽ ഹെൽത്ത്

സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ ഒന്നരശതമാനം വരുന്ന വിഭാഗമാണ് ആദിവാസികൾ. വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിലാണ് സംസ്ഥാനത്തെ ഗോത്രആദിവാസികളിൽ ഭൂരിപക്ഷവും ജീവിക്കുന്നത്.

വിദൂരമായ പ്രദേശങ്ങളിലും എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും താമസിക്കുന്ന ആദിവാസികൾക്ക് പ്രാഥമികാരോഗ്യശുശ്രൂഷ ലഭ്യമാക്കുന്നതിന് പതിമൂന്നു ട്രൈബൽ ഹെൽത്ത് യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. അഞ്ചെണ്ണം വയനാട് ജില്ലയിലും രണ്ടുവീതം ഇടുക്കി, പാലക്കാട് ജില്ലകളിലും ഓരോന്നു വീതം കാസർകോട്, മലപ്പുറം, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലുമാണുള്ളത്. ഇവ ശരാശരി 20 മെഡിക്കൽ ക്യാമ്പുകളെങ്കിലും ഓരോ മാസത്തിലും വിദൂര ആദിവാസി മേഖലകളിൽ സംഘടിപ്പിച്ചുവരുന്നു. മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തുന്ന ക്യാമ്പുകളിൽ സഹായത്തിന് ഫാർമസിസ്റ്റ്, സ്റ്റാഫ്നഴ്സ് തുടങ്ങിയ പാരാമെഡിക്കൽ സ്റ്റാഫുകളെയും നിയോഗിച്ചിട്ടുണ്ട്.

ശേഷം പേജ് 34



കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഉന്നതമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും പഠനം അനായാസവും സന്തോഷപ്രദവുമാക്കുന്നതിനും ഇന്ത്യയിൽ മറ്റ് ഏതൊരു സംസ്ഥാനത്തെക്കാളും ഫലപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ എസ്.എസ്.എ. കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

ഗുണമേന്മയുള്ള സാർവ്വത്രിക വിദ്യാഭ്യാസം പ്രാഥമിക തലത്തിൽ സാധ്യമാക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവ ശിക്ഷ അഭിയാൻ. 2000-01 മുതൽ ആരംഭിച്ച സർവ ശിക്ഷ അഭിയാൻ ഓരോ ജില്ലയിലെയും സാഹചര്യത്തിനനുസൃതമായി വികേന്ദ്രീകരണത്തിലൂന്നിയ മിഷൻ രീതിയിലുള്ള ആസൂത്രണവും നിർവ്വഹണവുമാണ് സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നത്. ആറു മുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് സർവ ശിക്ഷ അഭിയാന്റെ മുഖ്യലക്ഷ്യം. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഉന്നതമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും പഠനം അനായാസവും സന്തോഷപ്രദവുമാക്കുന്നതിനും ഇന്ത്യയിൽ മറ്റ് ഏതൊരു സംസ്ഥാനത്തെക്കാളും ഫലപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ എസ്.എസ്.എ. കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിന് സർവ ശിക്ഷ അഭിയാൻ അധ്യാപകശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. പഠനരീതികൾ, സമീപനങ്ങൾ, അധ്യാപകരുടെ കാര്യക്ഷമത, സമൂഹത്തിന്റെ ഇടപെടൽ എന്നിവയെല്ലാം ഗുണനിലവാരത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. അധ്യാപകരുടെ കാര്യക്ഷമതയും ഗുണനിലവാരവും ജോലിയോടുള്ള മനോഭാവവും വിദ്യാഭ്യാസരംഗത്തെ മുന്നോട്ടുനയിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു. ആധുനിക സാങ്കേതിക വിദ്യയും വിദ്യാഭ്യാസ രംഗത്തെ ഏറ്റവും പുതിയ ആശയങ്ങളും അധ്യാപകരെ പരിചയപ്പെടുത്തി വിദ്യാഭ്യാസ രംഗത്തെ കാര്യക്ഷമതയും ഗുണമേന്മയും ഉറപ്പാക്കുന്നു. ദൈനംദിന ക്ലാസ്സ് റൂം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ക്ലസ്റ്റർ യോഗങ്ങൾ സംഘടിപ്പിക്കുന്നു. രണ്ടു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യമായി സർവ ശിക്ഷ അഭിയാൻ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നു.1 മുതൽ 8-ാം ക്ലാസ്സു വരെയുള്ള അധ്യാപകർക്ക് പുതിയ പാഠപുസ്തകം, കൈപുസ്തകം, കരിക്കുലം മൂല്യനിർണ്ണയരീതി എന്നിവയിൽ പരിശീലനം നൽകുന്നു. സ്കൂളും പരിസരവും ആകർഷകമാക്കുന്നതിനും നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും എൽ പി/യു പി തലത്തിൽ സ്കൂൾ ഗ്രാന്റ് വിതരണം ചെയ്യുന്നു. ആവശ്യത്തിനുള്ള പഠനോപകരണങ്ങൾ ക്ലാസ്സ് മുറിയിൽ ലഭ്യമാക്കുന്നതിന് ഓരോ അധ്യാപികയ്ക്കും പഠനോപകരണ ഗ്രാന്റ് നൽകുന്നു.

പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളിലെ ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇംഗ്ലീഷ് ഭാഷയിലുള്ള ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനും ആർ ഐ ഇ എസ് ഐ ബാംഗ്ലൂർ, ഇഗ്നോ, ബ്രിട്ടീഷ് കൗൺസിൽ എന്നിവയുടെ അക്കാദമിക പിന്തുണയോടെ അധ്യാപകർക്കും റിസോഴ്സ് ടീച്ചേഴ്സിനും പരിശീലനം നൽകുന്നു. ആദ്യഘട്ടം ആലപ്പുഴ, കണ്ണൂർ, കൊല്ലം എന്നീ ജില്ലകൾക്കാണ് ഈ പരിശീലനത്തിന്റെ പ്രയോജനം ലഭിച്ചത്. തുടർന്ന് എല്ലാ ജില്ലകളിലും ഈ പരിശീലനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ഭൗതിക സാഹചര്യം

എസ്.എസ്.എ. ആരംഭിച്ച ഘട്ടത്തിൽ കേരളത്തിലെ മിക്ക പൊതുവിദ്യാലയങ്ങളുടെയും സ്ഥിതി വളരെ ശോചനീയമായിരുന്നു. ഈ പരിമിതികളെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തി മുൻഗണന പട്ടിക തയ്യാറാക്കി എസ്.എസ്.എ വിവിധ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. അധിക ക്ലാസ്സ് റൂം നിർമ്മാണം, പ്രഥമ അധ്യാപകരുടെ മുറിയുടെ നിർമ്മാണം, മൂത്രപ്പുരകൾ, ചുറ്റുമതിൽ, ഇടഭിത്തി നിർമ്മാണം, വൈദ്യുതീകരണം, പെൺകുട്ടികളുടെ ടോയ്‌ലറ്റ്, അഡാപ്റ്റഡ്

പൊതുവിദ്യാഭ്യാസവും സർവ്വശിക്ഷ അഭിയാനും

ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ

ടോയ്‌ലറ്റ്, റാംപ് ആന്റ് റെയിൽ, കുടിവെള്ളം എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി. ഗവൺമെന്റ് സ്കൂളുകളിലെ അറ്റകുറ്റപണികൾക്ക് മെയിന്റനൻസ് ഗ്രാന്റും ഓരോ വർഷവും നൽകുന്നു.

എല്ലാവർക്കും വിദ്യാഭ്യാസം എന്ന ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ലക്ഷ്യം പൂർണ്ണതയിൽ എത്തണമെങ്കിൽ വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിക്കാതെ വീടിന്റെ അകത്തളത്തിൽ ഒതുങ്ങിക്കഴിയുന്ന പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്കു കൂടി വിദ്യാഭ്യാസം ലഭിക്കേണ്ടതുണ്ട്. ഇത് പരിഹരിക്കുന്നതിനായി സമഗ്രമായ സർവ്വേയിലൂടെ വിദഗ്ദ്ധ ഡോക്ടർമാരെ പങ്കെടുപ്പിച്ചു കൊണ്ട് വർഷം തോറും ബ്ലോക്ക് തലത്തിൽ വൈദ്യപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ച് കുട്ടികളുടെ ശാരീരിക അവശത മറികടക്കുന്നതിനാവശ്യമായ സാങ്കേതിക സഹായ ഉപകരണങ്ങൾ, വൈദ്യ സഹായം എന്നിവ സർവശിക്ഷ അഭിയാൻ ഉറപ്പുവരുത്തുന്നു. ഗുരുതരമായി വൈകല്യം സംഭവിച്ച് പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ട കുട്ടികൾക്കുവേണ്ടി അവരുടെ വീടുകളിലെത്തി റിസോഴ്സ് അധ്യാപകർ പ്രത്യേക പഠനസഹായവും പഠനോപകരണ കിറ്റുകളും നൽകുന്നതോടെ രക്ഷിതാക്കൾക്ക് പരിശീലനവും സംഘടിപ്പിക്കുന്നു. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ കേരളത്തിലെ ആയിരത്തിലധികം കുട്ടികൾക്ക് ഈ സൗകര്യം ലഭ്യമാക്കുന്നു. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളുടെ സാമൂഹ്യബോധവൽക്കരണത്തിനും രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുന്നതിനും സായന്തന വേദിക് ഒരുക്കുന്നു. ഓട്ടിസം ബാധിച്ച കുട്ടികളുടെ പരാധീനതകളെ പൂർണ്ണമായും പരിഹരിക്കുന്നതിനും കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഓട്ടിസ്റ്റിക് സെന്ററുകൾ പ്രവർത്തിക്കുന്നു. ചലനശേഷി നഷ്ടപ്പെട്ട കുട്ടികൾക്ക് ഫിസിയോതെറാപ്പി സെന്ററുകൾ ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ പ്രവർത്തിപ്പിക്കുന്നു.

സമൂഹത്തിന്റെ എല്ലാ മേഖലകളിലും അവസരസമത്വവും തുല്യപങ്കാളിത്തവും ലഭ്യമാക്കി പെൺകുട്ടികളെ മുഖ്യധാരയിലെത്തിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ എസ്.എസ്.എ നടപ്പിലാക്കി വരുന്നു. ശാരീരികവും മാനസികവുമായ ആരോഗ്യം, സർഗപരമായ കഴിവുകൾ, ജീവിത നൈപുണികൾ എന്നിവയിൽ തങ്ങൾ ആൺകുട്ടികളോടൊപ്പം തന്നെയാണെന്ന ബോധം പെൺകുട്ടികളിൽ വളർത്തിയെടുക്കുന്നതിന് സൈക്കിൾ ക്ലബുകൾ, എയ്റോബിക്സ്, കരാട്ടെ, തായ്കൊണ്ട, നീന്തൽ എന്നിവയിൽ ജില്ലാതലത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും ആരോഗ്യകരമായി പ്രതികരിക്കുന്നതിനുമുള്ള ശേഷി നേടുന്നതിന് ആശയവിനിമയത്തിൽ പ്രത്യേക പരിശീലനം നൽകുന്നു. വ്യക്തിപരമായ പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരം സ്വയം കണ്ടെത്തുന്നതിന് ഹെൽപ് ഡെസ്ക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. തൊഴിൽ പരിശീലന നൈപുണി നൽകുന്നതിലൂടെ സ്വാഭിമാനം വളർത്തുന്നതിനുവേണ്ടി കരകൗശല വസ്തുക്കളുടെ നിർമ്മാണവും വിപണനവും ഒരുക്കുന്നു.

പഠന വീടുകൾ

തന്റേതല്ലാത്ത കാരണങ്ങൾ കൊണ്ട് വിദ്യാലയങ്ങളിലും ക്ലാസ്സ് മുറികളിലും ഒറ്റപ്പെടുന്ന കുട്ടികളെ ആത്മവിശ്വാസം

നൽകി പഠനത്തിൽ താൽപര്യം വളർത്തുന്നതിന് പഠനവീട് എന്ന പദ്ധതി നടപ്പാക്കുന്നു. വീടുകളിൽ വേണ്ടത്ര പഠനാന്തരീക്ഷവും പഠനസൗകര്യവും ഇല്ലാത്ത കുട്ടികൾക്ക് അവ ഒരുക്കി കൊടുക്കുകയും രക്ഷിതാക്കൾക്ക് പത്രം വായിക്കുവാനും തൊഴിൽ പരിശീലിക്കുവാനും സർവ്വോപരി തങ്ങളുടെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ അർത്ഥവത്തായി ഇടപെടാനും ഉള്ള അവസരം ഒരുക്കുകയാണ് പഠനവീടുകൾ ചെയ്യുന്നത്. നഗര/ഗ്രാമ പഞ്ചായത്തുകളുടെ സഹായത്തോടെ ആരംഭിക്കുന്ന പഠനവീടുകൾ 2 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്കൂൾ കഴിഞ്ഞുള്ള പഠനത്തിന് സഹായിക്കുന്നു.

കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗലീലിയോ ലിറ്റിൽ സയന്റിസ്റ്റ് എന്ന സമഗ്ര വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കി. 152 ബ്ലോക്ക് റിസോഴ്സ് സെന്ററുകളും 7 അർബൻ റിസോഴ്സ് സെന്ററുകളും ഒബ്സർവേറ്ററികൾ സജ്ജീകരിച്ചതുവഴി നക്ഷത്ര പഠനത്തിനും ശാസ്ത്രാഭിരുചി വളർത്തുന്നതിനും സാധിച്ചു. ശാസ്ത്ര സഹവാസക്യാമ്പുകൾ, ബാലശാസ്ത്ര കോൺഗ്രസ്സുകൾ എന്നിവ അധ്യാപകരിലും കുട്ടികളിലും വിജ്ഞാനം പകരുന്നതിന് സഹായിച്ചു. കുട്ടികളിലെ സാഹിത്യാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് സാഹിത്യോത്സവം, എഴുത്തുകൂട്ടം, വായനക്കൂട്ടം എന്നിവ സ്കൂൾ തലത്തിൽ സംഘടിപ്പിച്ചു. ക്ലാസ്സുതല പ്രവർത്തനങ്ങളിൽ ഇവ കണ്ണിച്ചേർക്കപ്പെട്ടപ്പോൾ സ്വന്തം രചനയിൽ ശക്തമായ ഭാഷ പ്രയോഗിക്കാൻ കുട്ടികൾ പ്രാപ്തരായി. വിദ്യാരംഗം കലാസാഹിത്യവേദിയുമായി സഹകരിച്ചാണ് സർവ ശിക്ഷ അഭിയാൻ എഴുത്തുക്കൂട്ടം, വായനക്കൂട്ടം, സാഹിത്യോത്സവം എന്നീ പരിപാടികൾ സംഘടിപ്പിക്കുന്നത്.

ബദൽ വിദ്യാലയങ്ങൾ

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നതിനാലോ, ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ജീവിക്കുന്നതിനാലോ, വിദ്യാലയ പ്രവേശനം നേടാത്ത കുട്ടികളെ സന്നദ്ധപ്രവർത്തനങ്ങളിലൂടെ മുഖ്യധാരാ വിദ്യാഭ്യാസത്തിലെത്തിക്കുന്നതിന് സർവ ശിക്ഷ അഭിയാൻ നേതൃത്വം നൽകുന്ന പഠനകേന്ദ്രങ്ങളാണ് ബദൽ വിദ്യാലയങ്ങൾ. 6 മുതൽ 14 വയസ്സു വരെ പ്രായമുള്ള കുട്ടികളെ 1 മുതൽ 4 വരെ ഗ്രേഡുകളിൽ പ്രൈമറി വിദ്യാഭ്യാസത്തിന് തുല്യമായ പഠനാനുഭവങ്ങളാണ് ഇവിടെ നൽകുന്നത്. വനാന്തർഭാഗത്തും തീരപ്രദേശങ്ങളിലും കോളനികൾ കേന്ദ്രീകരിച്ചും ഉള്ള പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ കുട്ടികളാണ് ഇവിടെ എത്തുന്നത്. വിദ്യാഭ്യാസ വോളണ്ടിയർമാരുടെ സഹായത്തോടെ പ്രത്യേകം തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സാമഗ്രികളിലൂടെ കുട്ടികളെ പുതിയ പടവുകൾ കയറുന്നതിന് സഹായിക്കുന്നു. ആദിവാസി സമൂഹത്തിന്റെ തനതുഭാഷ, സംസ്കാരം, നാട്ടറിവുകൾ, തനതുകലകൾ എന്നിവ പ്രകടിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ഉള്ള അവസരവും ബദൽ വിദ്യാലയങ്ങൾ ഒരുക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ ധാരാളം ഇടപെടലുകൾ സർവ ശിക്ഷാ അഭിയാൻ നടത്തിവരുന്നു. പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം എന്നിവ ഫലപ്രദമായി നൽകി കുട്ടികളുടെ ഹാജർനില മെച്ചപ്പെടുത്തുന്നു. സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിന് സാധിക്കുന്നു. രക്ഷിതാക്കൾക്ക് ആരോഗ്യ ബോധവൽക്കരണവും ഇത്തരം സഹവാസ ക്യാമ്പുകളിൽ ഉറപ്പാക്കുന്നു. ആത്മവിശ്വാസം, ആത്മാഭിമാനം എന്നിവ ഉയർത്താനുള്ള തന്ത്രങ്ങൾ പ്രയോഗിക്കുവാൻ അധ്യാപകരെ പ്രാപ്തരാക്കുന്നു.

ശുചിത്വ ആരോഗ്യപരിപാടിയിലൂടെ പൊതുവിദ്യാഭ്യാസ രംഗത്ത് ആദ്യമായി കുട്ടികളുടെ മാനസികാരോഗ്യവും ശുചിത്വവും ഉറപ്പാക്കുന്നതിനും ഉള്ള കൈപുസ്തകം, ശുചിത്വമിഷനുമായി സഹകരിച്ച് 5 മുതൽ 9 വരെ ക്ലാസ്സുകളിലെ 23 ലക്ഷം കുട്ടികൾക്ക് വിതരണം ചെയ്തു. എന്റെ വിദ്യാലയം ശുചിത്വ വിദ്യാലയം, കൊതുകിനെതിരെ കൂട്ടായ്മ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും വ്യക്തിശുചിത്വത്തിന്റെയും സാമൂഹ്യ ശുചിത്വത്തിന്റെയും ശരിയായ ആരോഗ്യപാഠങ്ങൾ പുതിയ തലമുറയിൽ ഒരു സംസ്കാരമായി വേരുറപ്പിക്കാൻ സാധിച്ചു.

വിദ്യാഭ്യാസത്തിന്റെ പാരമ്പര്യ സങ്കൽപങ്ങളും വിദ്യാർത്ഥിയുടെ പഠനാവശ്യങ്ങളും മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ചുമതലയിലുള്ള വിദ്യാലയങ്ങളുടെ വികസനത്തിൽ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. ക്ലാസ്സ് മുറികളിൽ മികവിന്റെ മേനി വിളയിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയും അധ്യാപകരും പ്രാദേശിക സമൂഹവും ഒന്നിച്ച് കൈകോർക്കുന്നത് കേരളത്തിലെ വിദ്യാലയങ്ങളിലും ക്ലാസ്സ് മുറികളിലും ദൃശ്യമാണ്. തികച്ചും ജനാധിപത്യാധിഷ്ഠിതമായ പഞ്ചായത്ത് വിദ്യാഭ്യാസ സമിതി എല്ലാ മാസവും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പുനരവലോകനം ചെയ്യുകയും അടുത്ത മാസത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനം സുഗമമാക്കുന്നതിലൂടെ കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം സാധ്യമാകും.

ഏറ്റവും മികച്ച അപ്പർ പ്രൈമറി വിദ്യാഭ്യാസം കേരളത്തിന്റേതാണെന്ന് നാഷണൽ യൂണിവേഴ്സിറ്റി ഓഫ് പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ വിദ്യാഭ്യാസ വികസന ഇൻഡക്സിലൂടെ രണ്ടു തവണ പ്രഖ്യാപിച്ചുകഴിഞ്ഞു. മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് സർവ ശിക്ഷ അഭിയാൻ സമൂഹ പങ്കാളിത്തത്തോടെ നിരന്തരം പ്രവർത്തിച്ചുവരുന്നു. ■

ലേഖകൻ സർവ്വ ശിക്ഷാ അഭിയാൻ, കേരളയുടെ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടറാണ്.

സംസ്ഥാനത്ത് ബി.പി.എൽ ലിസ്റ്റിൽ

32.29 ലക്ഷം കുടുംബങ്ങൾ

മൂപ്പത്തിരണ്ട് ലക്ഷത്തിഇരുപത്തിഒൻപതിനായിരത്തിഎണ്ണൂറ്റിഇരുപത്തിമൂന്ന് (3229823) കുടുംബങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചു. 2009 ഏപ്രിൽ, മെയ് മാസങ്ങളിൽ അദ്ധ്യാപകരെ ഉപയോഗിച്ച് നടത്തിയ ദാരിദ്ര്യരേഖാ സെൻസസിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. 2002 മുതൽ ദാരിദ്ര്യ രേഖാലിസ്റ്റ് തയ്യാറാക്കുന്നതിന് ആരംഭിച്ച പരിശ്രമങ്ങളാണ് ഇപ്പോൾ ഫലപ്രാപ്തിയിലെത്തിയിരിക്കുന്നത്.

ഗ്രാമ-നഗര പ്രദേശങ്ങളിൽ നിന്നുള്ള 7612343 കുടുംബങ്ങളിലാണ് സർവ്വേ നടത്തിയത്. സർക്കാർ/അർദ്ധ സർക്കാർ/എയിഡഡ്/സഹകരണസ്ഥാപനങ്ങൾ/വിവിധ സർവ്വീസ് പെൻഷനർമാർ/പൊതുമേഖലാ/പ്രൈവറ്റ് സ്ഥാപനങ്ങളിലെ ശമ്പളം പറ്റുന്ന ജീവനക്കാർ/ ആയിരം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശമുള്ള കുടുംബം/വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുള്ള കുടുംബം/ഒരേക്കറിൽ അധികം കൃഷി ഭൂമി കൈവശത്തിലുള്ള പട്ടിക വർഗ്ഗക്കാരൊഴികെയുള്ള കുടുംബം എന്നിവരെ ആദ്യഘട്ടത്തിൽ തന്നെ ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിച്ചിരുന്നില്ല. മുപ്പത്തിഏഴ്ലക്ഷത്തിൽപ്പരം കുടുംബങ്ങൾ ഇപ്രകാരം തന്നെ ബി.പി.എൽ ലിസ്റ്റിൽ പരിഗണിക്കുന്നതിൽ നിന്നും ഒഴിവായി. അവശേഷിച്ച 3879057 കുടുംബങ്ങളിൽ നിന്നും ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ച സൂചകങ്ങളും അവയുടെ വെയിറ്റേജ് മാർക്കും അടിസ്ഥാനമാക്കിയാണ് ലിസ്റ്റിന് അന്തിമരൂപം നൽകിയിരിക്കുന്നത്. നഗരപ്രദേശങ്ങളിൽ 4.73 ലക്ഷം കുടുംബങ്ങൾ ദാരിദ്ര്യരേഖാ പട്ടികയിൽ ഉൾപ്പെടുന്നുണ്ട്. 6.98 ലക്ഷം പട്ടിക ജാതി/ പട്ടികവർഗ്ഗ കുടുംബങ്ങളും ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ട്.

കൂലിവേല, മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ടവർ, ഹോട്ടൽ തൊഴിലാളികൾ, ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ, തയ്യൽക്കട/തയ്യൽജോലി/ എംബ്രോയ്ഡറി/വർക്ക്ഷോപ്പ് തൊഴിലാളികൾ/തട്ടുകട/പെട്ടിക്കട നടത്തുന്നവർ/അന്യഗൃഹങ്ങളിൽ വീട്ടുജോലി ചെയ്യുന്നവർ/സ്വർണ്ണപ്പണിക്കാർ/ തെങ്ങ്/ പനകയറ്റ തൊഴിലാളികൾ/ബാർബർ/ഇരുമ്പു പണിക്കാർ (കൊല്ലപ്പണി)/നെയ്ത്ത്/പച്ചക്കറി കച്ചവടം/ഭക്ഷ്യേതര വസ്തുക്കൾ കൊണ്ടുനടന്നു വിൽക്കുന്നവർ/ ലോട്ടറി ടിക്കറ്റ് വിൽപ്പനക്കാർ/മത്സ്യ സംസ്കരണ ശാലകളിൽ ജോലി ചെയ്യുന്നവർ/വഴിയോരവാണിഭക്കാർ/ കരകൗശല തൊഴിലാളികൾ/മൺപാത്ര നിർമ്മാണം/ഈറ, മുള പനമ്പ് പണിക്കാർ/അലക്കുകാർ തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന എല്ലാ കുടുംബങ്ങളേയും ദാരിദ്ര്യരേഖാലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ ലിസ്റ്റിൽ 1723556 (30.61%) കുടുംബങ്ങളാണ് ഉൾപ്പെടുന്നത്. പുതിയ ലിസ്റ്റിൽ ഇത് 32.29 ലക്ഷമായി വർദ്ധിക്കുന്നു (42.43%). ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇനി പറയുന്നു. തിരുവനന്തപുരം-3.99 ലക്ഷം (47.3%), കൊല്ലം-3.1 ലക്ഷം (46.08%), പത്തനംതിട്ട-1.14 ലക്ഷം (36.5%), ആലപ്പുഴ-2.56 ലക്ഷം (48.57%), കോട്ടയം-1.93 ലക്ഷം (41.43%), ഇടുക്കി-1.53 ലക്ഷം (55.38%), എറണാകുളം- 2.62 ലക്ഷം (34.23%), തൃശ്ശൂർ-2.94 ലക്ഷം (39.93%), പാലക്കാട്-3.02 ലക്ഷം (48.77%), മലപ്പുറം -2.92 ലക്ഷം (38.65%), കോഴിക്കോട്-2.55 ലക്ഷം (38.73%), വയനാട്-1.07 ലക്ഷം (57.46%), കണ്ണൂർ-1.82 ലക്ഷം (34.09%), കാസർഗോഡ്-1.11 ലക്ഷം (42.64%)

ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പരാതി സമർപ്പിച്ചിട്ടുള്ളവരുടെയും ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുമ്പോൾ ലഭിക്കുന്ന അപേക്ഷകളും പരാതികളും അദ്ധ്യാപകരെ ഉപയോഗിച്ചു തന്നെ പരിശോധിപ്പിച്ച് തീരുമാനമെടുക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിശോധനയിൽ അർഹരെന്നു കാണുന്ന കുടുംബങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും അനർഹരെന്ന് കാണുന്നവരെ ഒഴിവാക്കുകയും ചെയ്യുന്നതാണ്. ■

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

ഹരിത സമ്പദ്‌വ്യവസ്ഥയും നീർത്തടാധിഷ്ഠിത വികസനവും
കേരളത്തിലെ സാധ്യതകളും പ്രശ്നങ്ങളും

*വി. സുഭാഷ് ചന്ദ്രബോസ്
**ഡോ. ആർ. അനിൽകുമാർ

ഭൂമിയിൽ പരിമിതമായി മാറികൊണ്ടിരിക്കുന്ന പ്രകൃതി വിഭവങ്ങളെ അവയുടെ സമഗ്രതയിൽ ശാസ്ത്രീയമായി കൈകാര്യം ചെയ്തുകൊണ്ടുമാത്രമെ സ്ഥായിയായ വികസനം സാധ്യമാവുകയുള്ളു. വരുംതലമുറകളുടെ ആവശ്യങ്ങൾക്ക് കോട്ടം വരാത്ത നിലയിൽ ഇന്നത്തെ വികസനാവശ്യങ്ങൾ നേടുകയെന്നതാണ് സുസ്ഥിര വികസനം എന്ന കാഴ്ചപ്പാടിലൂടെ ഉദ്ദേശിക്കുന്നത്. 1970 ലെ സ്റ്റോക്ക്ഹോം സമ്മേളനം മുതലാണ് വികസനവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം ഏറെ ചർച്ചചെയ്യപ്പെട്ടു തുടങ്ങിയത്. മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ ഉപയോഗത്തിൽ പുതിയ ശൈലിയും പ്രവർത്തനപരിപാടികളും കൊണ്ടുവന്നുകൊണ്ട് മാത്രമെ നമുക്ക് ലക്ഷ്യം നേടാനാവുകയുള്ളു. വർദ്ധിക്കുന്ന ജനസംഖ്യ, വികസനാവശ്യങ്ങൾ എന്നതാണ് അവസ്ഥ. ജലസമ്പത്തുൾപ്പെടെ കുറയുന്നു എന്നു മാത്രമല്ല ലഭ്യമാവുന്നവതന്നെ മലിനീകരിക്കപ്പെടുകയും ചെയ്യുന്നു. ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും മാനവരാശി നേരിടുന്ന ഭീഷണികളാണ്. ഭൂമിയുടെ ചൂടു വർദ്ധിക്കുന്നതും ക്രമാതീതമായി അന്തരീക്ഷത്തിൽ കാർബൺഡൈഓക്സൈഡിന്റെ അളവ് കൂടുന്നതും പുതിയ വെല്ലുവിളികളുയർത്തുന്നു. കാർബൺഡൈഓക്സൈഡിന്റെ അളവ് നിയന്ത്രിക്കുക, സൗരോർജ്ജം പോലുള്ള ബദൽ ഊർജ്ജ സ്രോതസ്സുകൾ വ്യാപകമാക്കുക, മഴവെള്ള സംഭരണ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുക, കൂടുതൽ വനവൽക്കരണം നടത്തുക തുടങ്ങിയ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുവാനും പ്രയോജനപ്പെടുത്തുവാനും കഴിയണം.

പുതിയ സാങ്കേതികവിദ്യകളുടെ വികസനത്തിലൂടെ പ്രകൃതി വിഭവപരിപാലനം സാധ്യമാക്കണമെന്ന നിർദ്ദേശവും ഉയർന്നുവരുന്നുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായതും പരമാവധി പരിസ്ഥിതി സന്തുലനം നിലനിറുത്തുന്നതിനുമാവശ്യമായ ഇടപെടലുകളുടെയും സാങ്കേതിക വിദ്യകളുടെ പ്രയോഗവും ഏറെ പ്രാധാന്യമർഹിക്കുന്നു. ഭൂമിയെ കൂടുതൽ ഹരിതാഭമായി പരിഗണിച്ചുകൊണ്ടുള്ള വികസന കാഴ്ചപ്പാടുകൾ നമ്മുടെ മുന്നിലുണ്ട്. വിഭവ തത്വങ്ങളായ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയെ പ്രകൃതിദത്ത അതിർവരമ്പുകൾക്കുള്ളിൽ നിന്നു തന്നെ സംരക്ഷിക്കുവാനും പ്രയോജനപ്പെടുത്തുവാനും നീർത്തടാധിഷ്ഠിത വികസനത്തിലൂടെ കഴിയുന്നതാണ്. ഒരു ഹരിത സമ്പദ്ഘടന രൂപപ്പെടുത്തുന്നതിൽ നീർത്തടാധിഷ്ഠിത വികസനത്തിന് പ്രമുഖമായ സ്ഥാനമാണുള്ളത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, സംയോജിത നീർത്തടപരിപാലന പദ്ധതി, മഴയെ ആശ്രയിക്കുന്ന പ്രദേശങ്ങൾക്കുള്ള ദേശീയ നീർത്തട പദ്ധതി, നബാർഡ് പദ്ധതികൾ, പഞ്ചായത്തുകളുടെ തനതു പദ്ധതികൾ, പശ്ചിമഘട്ട വികസന പരിപാടി തുടങ്ങിയ വിവിധ പദ്ധതികളിൽ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്തീരാജ് സ്ഥാപനങ്ങളാണ് ഈ പദ്ധതികളുടെയെല്ലാം ആസൂത്രകരും നിർവഹണക്കാരും. അതുകൊണ്ടുതന്നെ ഒരു ഹരിത സമൂഹസൃഷ്ടിയിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണായകമായ സ്ഥാനമാണുള്ളത്.

മണ്ണ്, ജല, ജൈവ സംരക്ഷണ പദ്ധതികളിലൂടെ സമഗ്രമായ സ്ഥലജല പരിപാലനം ഉറപ്പാക്കുവാൻ ഈ പരിപാടികളിലൂടെ കഴിയുന്നതാണ്.

ഉത്പാദന വർദ്ധനവിനെ സഹായിക്കുന്നതും പ്രാദേശിക പരിസ്ഥിതിയെ കൂടി സംരക്ഷിക്കുന്ന നിലയിലുള്ള കാർഷിക, മൃഗസംരക്ഷണ, ചെറുകിട വരുമാന വർദ്ധക പരിപാടികൾ നടപ്പിലാക്കുവാനുള്ള സാധ്യതയും മുന്നിലുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനു സഹായകരമായ വനവൽക്കരണം, തൈ നഴ്സറികൾ, ജലസ്രോതസ്സുകളുടെ സംരക്ഷണം, തോടുകളുടെയും നദികളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം, മണ്ണൊലിപ്പ് നിവാരണ പരിപാടികൾ തുടങ്ങിയ നിരവധി മേഖലകളിൽ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

ഓരോ പഞ്ചായത്തിലെയും ചെറു നീർത്തടങ്ങൾ വേർതിരിച്ച് മനസ്സിലാക്കി വിവിധങ്ങളായ പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്. കേവല വാർഡ്, പഞ്ചായത്ത് അതിരുകൾക്കതീതമായി ട്ടാണ് ഭൂമിയിൽ പ്രകൃതി വിഭവങ്ങൾ വ്യാപിച്ചു കിടക്കുന്നത്. നീരൊഴുക്കു വിന്യാസ രീതികളും ഓരോ നീർത്തട ത്തിലെയും പ്രകൃതി വിഭവങ്ങളെ ഒരു യൂണിറ്റിന്റെ ഭാഗമായി കണക്കാക്കി യുള്ള പ്രവർത്തന രീതികളും നീർത്ത ടാധിഷ്ഠിത വികസനത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. നീർത്തടാധി ഷ്ഠിത വികസന മേഖലയിൽ നിരവധി സാധ്യതയുള്ളപ്പോൾ ധാരാളം വെല്ലുവി ളികളും മുന്നിലുണ്ട്.

പ്രശ്നങ്ങൾ

കേരളത്തിലെ നീർത്തടാധിഷ്ഠിത വികസന മേഖല നേരിടുന്ന പ്രശ്ന ങ്ങളെ പ്രധാനമായും നാല് വിഭാഗങ്ങ ളിലായി ഉൾപ്പെടുത്താവുന്നതാണ്. ഭൗതികവും ജൈവപരവുമായ ഘടക ങ്ങൾ, സാമൂഹ്യ-സാമ്പത്തിക ഘടക ങ്ങൾ, സംഘാടക ഘടകങ്ങൾ, സാങ്കേ തിക ഘടകങ്ങൾ എന്നിവയാണവ. വാർഡ്, പഞ്ചായത്ത് (റവന്യൂ, ഭരണ) അതിരുകളും നീർത്തട അതിരുകളും തമ്മിലുള്ള വ്യതിയാനം പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ഒരു വാർഡ്/പഞ്ചായത്ത് പല നീർത്തട ത്തിൽ ഉൾപ്പെടുന്നതും ഒരു നീർത്തട പദ്ധതിയിൽ വാർഡിന്റെയൊ പഞ്ചായ ത്തിന്റെയൊ കുറെ ഭാഗം ഏറ്റെടുക്കുന്ന നീർത്തടത്തിന് പുറത്തു സ്ഥിതിചെയ്യു ന്നതും പലപ്പോഴും പ്രശ്നങ്ങളാണ്. സംസ്ഥാനത്ത് ശരാശരി വർഷത്തിൽ 110 മുതൽ 120 ദിവസം വരെ മാത്രമെ മഴ യുള്ളൂ. ഈ ചുരുങ്ങിയ ദിവസങ്ങളിലെ മഴയുടെ നല്ലൊരു ഭാഗം ചരിവുള്ള ഭൂപ്ര കൃതിയായതിനാൽ വേഗത്തിൽ ഉപരി തല നീരൊഴുക്കിലൂടെ കടലിലെ ത്തുന്നു. ഭൂമിയുടെ ചരിവ്, പാറയുടെ ഘടന, മണ്ണിന്റെ കനം, സ്വഭാവം, നിമ്നോന്നതി, നദികളുടെ നീളത്തി ലെയും വീതിയിലെയും കുറവ് തുട ങ്ങിയ വിവിധ ഭൗതിക ഘടകങ്ങളുടെ സ്വാധീനം നീർത്തട പരിപാടികളെ സങ്കീർണ്ണമാക്കുന്നു.

വളരെ വേഗത്തിൽ മാറുന്നതും ചല നാത്മകവുമായ ഭൂവിനിയോഗ കാർ ഷിക രീതികൾ, കെട്ടിടങ്ങൾ, റോഡു കൾ എന്നിവയ്ക്കായി ധാരാളം ഭൂമി മാറ്റി വയ്ക്കേണ്ട സാഹചര്യങ്ങൾ, ഏക വിള കളുടെ ആധിക്യം, നഗരവൽക്കരണം തുടങ്ങിയ സാമൂഹ്യ സാമ്പത്തിക ഘട കങ്ങളും നാം ചർച്ചചെയ്യപ്പെടേണ്ട താണ്. നീർത്തടാധിഷ്ഠിത പരിപാടിക ളുടെ ഗുണഫലം ലഭിക്കുവാൻ എടു ക്കുന്ന സമയവും പരിഗണിക്കപ്പെടണം. വർദ്ധിച്ചുവരുന്ന ജലാവശ്യങ്ങളുടെയും മറ്റും ഫലമായി വ്യാപകമായി കിണറു കൾ നിർമ്മിക്കുന്നുണ്ട്. ഭൂഗർഭ ജലവി താനത്തിലുണ്ടാകുന്ന ക്രമാതീതമായ കുറവ് പരിസ്ഥിതി പ്രശ്നങ്ങളുൾപ്പെടെ സൃഷ്ടിക്കുന്നു. കാർഷിക മേഖലയോ ടുള്ള ജനങ്ങളുടെ താൽപര്യവും പ്രധാന മേഖലയാണ്. ജനങ്ങളുടെ പങ്കാളിത്തം ഗൗരവമായി ചർച്ചചെയ്യപ്പെടണം. കേവലം കുറെ പദ്ധതികളും നിർമ്മാണപ്രവർത്ത നങ്ങളും നടപ്പിലാക്കിയതുകൊണ്ടു മാത്രം പ്രശ്നം പരിഹരിക്കാനാവില്ല.

ജനകീയ ഇടപെടൽ

നീർത്തടാധിഷ്ഠിത വികസനത്തിൽ സ്ഥലപരമായ ഇടപെടലുകൾക്ക് വലിയ സ്ഥാനമാണുള്ളത്. അതുപോലെ ഒരു പ്രദേശത്തിന്റെ സമഗ്രവികസനമാണ് ലക്ഷ്യം. ഉയർന്ന ഭൂഭാഗം മുതൽ താഴ്‌വര വരെ നീർത്തടത്തെ ഒന്നാകെ പരിഗണി ച്ചാണ് പദ്ധതി വിഭാവനം ചെയ്യേണ്ടത്. അതുകൊണ്ടുതന്നെ നീർത്തടത്തിലെ ജനങ്ങൾക്ക് പ്രധാന സ്ഥാനമാണുള്ളത്. വിവിധ തലത്തിലുള്ള ജനപങ്കാളിത്തം അനിവാര്യമായ ഘടകമാണ്. രൂപപ്പെട്ടു വരുന്ന ഓരോ ആസ്തിയുടെയും സംര ക്ഷണത്തിലും തുടർപരിപാലനത്തിനും കുറവുകൾ പരിഹരിക്കുന്നതിലും ജന ങ്ങൾ ഇടപെട്ടുകൊണ്ടുമാത്രമെ പദ്ധതി കൾ സ്ഥായി സ്വഭാവമുള്ളവയാക്കി മാറ്റാൻ കഴിയുകയുള്ളൂ.

ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കു ന്നതിനും ജനങ്ങളുടെ നേതൃത്വത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാ ക്കുന്നതിനും നിരവധി സംഘാടക പ്രവർ ത്തനങ്ങളും സംഘടനാ രൂപങ്ങളും സജീവമാകേണ്ടതുണ്ട്. ജനപ്രതിനിധി കൾ, ഉദ്യോഗസ്ഥർ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, സാധാരണ ജനങ്ങൾ എന്നി വരുടെ കൂട്ടായ്മയും സഹകരണവും അത്യാവശ്യമാണ്. നീർത്തട കമ്മിറ്റി, നീർത്തട സാങ്കേതിക സമിതി, നീർത്തട ഗ്രാമസഭാ മോണിറ്ററിംഗ് സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങളിലൂണ്ടാ കുന്ന ഏതൊരു ഘടകവും പദ്ധതി യുടെ വിജയത്തെ സ്വാധീനിക്കുന്ന താണ്.

വിവിധ സമിതികളുടെയും സംഘട നകളുടെയും നിയമപരവും സാമ്പത്തി കവും സംഘാടനപരവുമായ മേഖലക ളിൽ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്.

ഓരോ പ്രദേശത്തിനും അനുയോജ്യ മായതും ചെലവു കുറഞ്ഞതും അതേ സമയം സുസ്ഥിരമായി ദീർഘമായി നില നിൽക്കുന്നതുമായ സാങ്കേതിക വിദ്യക ളുടെ തെരഞ്ഞെടുപ്പ് പലപ്പോഴും പ്രതി സന്ധി സൃഷ്ടിക്കാറുണ്ട്. പ്രാദേശിക മായി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് പരിപാടികൾ നടത്താനായാൽ ചിലവ് കുറയ്ക്കാം. പക്ഷെ അവ അനുയോജ്യമാവണമെന്ന് നിർബന്ധമില്ല. അനുയോജ്യമായവ ലഭി ക്കുമ്പോൾ ചിലവ് വർദ്ധിക്കുവാനും സാധ്യതയുണ്ട്. ചിലവും അനുയോജ്യ മായതും പ്രാദേശിക ലഭ്യതയുമൊക്കെ പരിഗണിക്കുമ്പോഴാണ് ചിലപ്പോൾ ദീർഘകാലത്തിൽ ചില പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുന്നത്. പരിസ്ഥിതി സംരക്ഷണത്തിന് സഹായകമാകു ന്നതും ദീർഘകാലം പാർശ്വദൂഷ്യങ്ങ ളൊന്നും നൽകാത്തതും പ്രാദേശിക മായി അസംസ്കൃത പദാർത്ഥങ്ങളും വിദഗ്ധ തൊഴിലാളികൾ ലഭിക്കുന്നതും ചിലവുകുറഞ്ഞതുമായ സാങ്കേതികവി ദ്യകൾ ഇനിയും കണ്ടെത്തിക്കൊണ്ടുമാ ത്രമെ പ്രശ്നം പരിഹരിക്കാനാവൂ.

സുതാര്യത ഉറപ്പാക്കുന്നതിലെ പ്രശ് നങ്ങൾ, കരാർ വ്യവസ്ഥ, ജനപങ്കാളിത്ത കുറവ്, അഴിമതി, ജനങ്ങളുടെ താല്പ ര്യമില്ലായ്മ, പരിശീലനത്തിലെ കുറവ്, മനോഭാവം, ഉത്തരവാദിത്വമില്ലായ്മ തുട ങ്ങിയ നിരവധി ചെറുതും വലുതുമായ പ്രശ്നങ്ങളും നീർത്തടാധിഷ്ഠിത മേഖ ലയെ സങ്കീർണ്ണമാക്കുന്നു.

ജല സ്വാശ്രയത്വം, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറ പ്പാക്കി ഒരു ഹരിതസമൂഹത്തിലേക്കുള്ള പ്രയാണത്തിൽ ഏറെ സാധ്യതകളുള്ള നീർത്തടാധിഷ്ഠിത വികസന പരിപാടി കളിലെ പ്രശ്നങ്ങളും കടമ്പകളും മാറ്റി യെടുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിയേണ്ടതാണ്. മണ്ണിനെയും ജലത്തെയും ജൈവസമ്പ ത്തിനെയും സംരക്ഷിച്ച് പരമാവധി ഊർ ജ്ജലാഭം ഉറപ്പാക്കിയുള്ള ഒരു ഹരിത സമ്പദ്‌വ്യവസ്ഥ നമ്മുടെ ലക്ഷ്യമാ വണം. മാർഗ്ഗം നീർത്തടാധിഷ്ഠിത വിക സനവും. മുന്നിൽ മാർഗ്ഗങ്ങളുണ്ട്. ലക്ഷ്യം നേടുവാനാണ് നാം ശ്രമിക്കേ ണ്ടത്. മഴ പെയ്യേണ്ടത് മനുഷ്യമനസു കളിലാണ്. മാറേണ്ടത് മനോഭാവമാണ്. മനസ് മലിനമാകുന്നിടത്ത് മണ്ണും, വിണ്ണും, ജലവും ജൈവസമ്പത്തും എല്ലാം മലി നമാകുന്നു. നേരെമറിച്ചും. മേഖല നില നിൽപ്പിന്റേതാണ്. നമ്മുടെയും ഭാവി തലമുറകളുടെയും. ■

** ലേഖകൻ ഗവേഷകനാണ്.*

*** ലേഖകൻ യൂണിവേഴ്സിറ്റി കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറാണ്.*



അധികാര വികേന്ദ്രീകരണ ചര്‍ച്ചാവേദിയില്‍ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യന്‍ വിഭാഗങ്ങളുടെ നേതൃത്വത്തില്‍ ഒരുക്കുന്ന ചര്‍ച്ചാവേദിയാണ് സൊലൂഷന്‍ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങള്‍ക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണസ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെന്‍ട്രലൈസേഷന്‍ കമ്മ്യൂണിറ്റി (Decentralization Community) ഈ ചര്‍ച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവര്‍ത്തിക്കുന്നവരെ ഒന്നിച്ചു കൊ ണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയില്‍ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവര്‍ത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചര്‍ച്ചാവേദിയില്‍ നടന്ന ചര്‍ച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേര്‍ത്തിരിക്കുന്നത്.

വിഷയം : **ജലവിതരണ പദ്ധതിയിലും ശുചിത്വ പദ്ധതിയിലും പഞ്ചായത്തീരാജ് സ്ഥാപനങ്ങള്‍ക്കുള്ള പങ്കും പരിചയവും**

- ജലവിതരണത്തിനും ശുചിത്വത്തിനുമുള്ള പദ്ധതികള്‍ക്ക് രൂപം നല്‍കുന്നതിലും പരിപാലിക്കുന്നതിലും നിലവില്‍ പഞ്ചായത്തീരാജ് സ്ഥാപനങ്ങള്‍ക്കുള്ള കഴിവും പരിചയവും ഏന്തെല്ലാമാണ്.
- ജലവിതരണ-ശുചിത്വ പദ്ധതികള്‍ക്ക് രൂപം നല്‍കുന്നതിലും പദ്ധതി നടത്തിപ്പിന്റെ വിലയിരുത്തലിലും പഞ്ചായത്തീരാജ് സ്ഥാപനങ്ങള്‍ മെച്ചപ്പെട്ട പങ്കുവഹിച്ചതിന്റെ ഉദാഹരണങ്ങള്‍.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും മറ്റ് ദാരിദ്ര്യനിര്‍മ്മാര്‍ജ്ജന പദ്ധതിയിലൂടെയും ജലവിതരണ ശുചിത്വ പദ്ധതികള്‍ക്ക് രൂപംനല്‍കി നടപ്പാക്കിയിട്ടുണ്ടോ?

പ്രതികരണങ്ങള്‍ ചുരുക്കത്തില്‍

ഗ്രാമവികസന പദ്ധതികള്‍ നടപ്പാക്കുന്നതില്‍ ഗ്രാമപഞ്ചായത്തുകള്‍ക്കുള്ള പങ്ക് വളരെ വലുതാണ്. അതുപോലെ തന്നെ ജലവിതരണ -ശുചിത്വ പദ്ധതികള്‍ നടപ്പാക്കുന്നതില്‍ ഗ്രാമപഞ്ചായത്തിനും ഗ്രാമത്തിലെ ജല-ശുചിത്വ കമ്മിറ്റിക്കും ഉള്ള പങ്ക് നിര്‍ണ്ണായകമാണ്. എന്നാല്‍ ഈ പദ്ധതികള്‍ നടപ്പാക്കുന്നതില്‍ ഗ്രാമപഞ്ചായത്തിനും ജല-ശുചിത്വ കമ്മിറ്റിക്കും സാങ്കേതിക അറിവിന്റേയും ഫണ്ടിന്റേയും അപര്യാപ്തത നിലനില്‍ക്കുന്നു. പദ്ധതികള്‍ അതുകൊണ്ടുതന്നെ ഫലപ്രദമായി നടപ്പാക്കുന്നതിന് സാധിക്കാതെ വരുന്നു. എന്നാല്‍ കേരളം, കര്‍ണ്ണാടകം, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ പഞ്ചായത്തുകള്‍ ജലവിതരണ ശുചിത്വ പദ്ധതികള്‍ക്ക് രൂപം നല്‍കി നടപ്പാക്കുന്നതില്‍ മുന്നിട്ടു നില്‍ക്കുന്നു.

ഗ്രാമത്തില്‍ ജലവിതരണ -ശുചിത്വ പദ്ധതികള്‍ക്ക് രൂപം നല്‍കി നടപ്പാക്കേണ്ടതിന്റെ ഉത്തരവാദിത്വം പഞ്ചായത്തുകള്‍ക്കാണ്. അതുപോലെ തന്നെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് വാട്ടര്‍ ചാര്‍ജ്ജ് ഈടാക്കുകയും പമ്പ് ഓപ്പറേറ്ററുടെ വേതനവും മറ്റ് അറ്റകുറ്റപ്പണികളും നടത്തേണ്ട ഉത്തരവാദിത്വവും പഞ്ചായത്തിനുണ്ട്. കൂടാതെ ഗ്രാമവാസികളെ ബോധവല്‍ക്കരിച്ച് സമ്പൂര്‍ണ്ണ ശുചിത്വ യജ്ഞത്തില്‍ നിഷ്കര്‍ഷിച്ചിരിക്കുന്നതുപോലെ ഗ്രാമത്തില്‍ ശുചിത്വം ഉറപ്പാക്കേണ്ടതിന്റെ ഉത്തരവാദിത്തവും ഗ്രാമപഞ്ചായത്തിനുണ്ട്.

ജലവിതരണ -ശുചിത്വ പദ്ധതികള്‍ നടപ്പാക്കുന്നതില്‍ പഞ്ചായത്തിന് നിര്‍ണ്ണായകപങ്കാണ് വഹിക്കുവാനുള്ളത്. എന്നാല്‍ ഇതു ഫലപ്രദമായി നിര്‍വ്വഹിക്കുന്നതിന് ഫണ്ടും, പദ്ധതിയും, ഉദ്യോഗസ്ഥരും ഗ്രാമപഞ്ചായത്തുകള്‍ക്കാവശ്യമാണ്. ഇക്കാര്യത്തില്‍ കേന്ദ്രസര്‍ക്കാരിന് പ്രധാന പങ്കാണ് നിര്‍വഹക്കാനുള്ളത്. ഗ്രാമപഞ്ചായത്തുകള്‍ക്കാവശ്യമായ ഫണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും അധിക

സാമ്പത്തിക സഹായത്താലും പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന് കഴിയണം. കേന്ദ്രസർക്കാരിനെപ്പോലെ തന്നെ സംസ്ഥാന ധനകാര്യകമ്മീഷനും ജില്ലാപ്ലാനിംഗ് കമ്മിറ്റികൾക്കും ഇക്കാര്യത്തിൽ നിർണ്ണായക പങ്കാണ് ഉള്ളത്.

ചുരുക്കത്തിൽ ഗ്രാമപഞ്ചായത്തുകൾ ജലവിതരണ പദ്ധതികൾക്ക് രൂപം നൽകുകയും ലൈൻ ഡിപ്പാർട്ടുമെന്റിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സഹായത്തോടെയും വില്ലേജ് ജല-ശുചിത്വ കമ്മറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കുകയും വേണം. എന്നാൽ ഒട്ടുമിക്ക പഞ്ചായത്തുകളും ഇക്കാര്യത്തിൽ ഇടപെടുന്നതായി കാണുന്നില്ല. മറിച്ച് പൂർത്തീകരിച്ച പദ്ധതികൾ പഞ്ചായത്തിന് കൈമാറുന്നതായാണ് കാണുന്നത്. ഇത്തരത്തിൽ കൈമാറപ്പെടുന്ന പദ്ധതികൾ എല്ലാം തന്നെ പരാജയപ്പെടുകയാണ് പതിവ്. ഇത്തരം പദ്ധതികൾ പഞ്ചായത്തിന്റേയോ സമൂഹത്തിന്റേയോ ഉടമസ്ഥതയിൽ വന്നു കാണുന്നില്ല. അതുകൊണ്ടുതന്നെ വാട്ടർ ചാർജ്ജ് പിരിക്കുകയോ അറ്റകുറ്റപണികൾ നടത്തുകയോ ചെയ്യപ്പെടുന്നുമില്ല.

അതേസമയം തന്നെ പദ്ധതിരൂപീകരണം മുതൽ അതിന്റെ പൂർത്തീകരണം വരെ പഞ്ചായത്തുകൾ നിർണ്ണായക പങ്ക് വഹിക്കുന്ന പദ്ധതികൾ വളരെ വിജയപ്രദമായി നടന്നുവരുന്നതായി കാണുവാൻ കഴിയും. ഇതിന് ഉദാഹരണമാണ് മഹാരാഷ്ട്ര സംസ്ഥാനത്തെ 'സന്ത് ഗാഡ്ജെ സ്വചതാ അഭിയാൻ' പദ്ധതി. ഈ പദ്ധതിയിലൂടെ ധാരാളം ഗ്രാമങ്ങൾ പുരോഗതി കൈവരിക്കുകയും ജനങ്ങളുടെ ജീവിത നിലവാരം ഉയരുകയും ചെയ്തു. താനെ ജില്ലയിലുള്ള മഹലൂർ ഗ്രാമം ഈ പദ്ധതിയിലൂടെ പുരോഗതി നേടുകയും ധാരാളം അവാർഡുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഈ ഗ്രാമം രണ്ടായിരമാണ്ടിൽ സമ്പൂർണ്ണ ശുചിത്വ ഗ്രാമം ആവുകയും ഈ നില ഇപ്പോഴും തുടരുകയും ചെയ്യുന്നുണ്ട്.

ഹരിയാനയിലെ സിർസ ജില്ലയിലെ കലൗന പഞ്ചായത്തും സമ്പൂർണ്ണ ശുചിത്വം കൈവരിച്ച പഞ്ചായത്താണ്. സ്റ്റേറ്റ് ഇൻസെന്റീവ് പദ്ധതിയിലൂടെയാണ് ഈ പഞ്ചായത്ത് നേട്ടം കൈവരിച്ചത്. പദ്ധതി അനുസരിച്ച് എല്ലാ വീടുകളിലും ശൗചാലയങ്ങളും ഖരമാലിന്യ സംസ്ക്കരണ പദ്ധതിയും മഴവെള്ള സംഭരണിയും നടപ്പാക്കുകയുണ്ടായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഇതിനായി പഞ്ചായത്ത് പ്രയോജനപ്പെടുത്തി. ഗുജറാത്ത്, മഹാരാഷ്ട്ര, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളും ജലവിതരണ -ശുചിത്വ പദ്ധതികൾക്ക് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് പ്രയോജനപ്പെടുത്തി വരുന്നു.

ആന്ധ്രാപ്രദേശിലെ വാറംഗൽ ജില്ലയിലുള്ള 'ഗംഗാദേവിപ്പള്ളി' ഗ്രാമ വികസന പദ്ധതികളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതിക്ക് രൂപം നൽകി വിജയകരമായി നടപ്പാക്കുകയുണ്ടായി. അതുപോലെ തന്നെ ജനങ്ങളെ ബോധവൽക്കരിച്ച് വീടുകളിലെയും കൃഷിയിടങ്ങളിലെയും ജലത്തിന്റെ ഉപയോഗം പരിമിതപ്പെടുത്തി. ഇവിടെ ജല സംസ്ക്കരണത്തിന് പ്ലാന്റ് സ്ഥാപിക്കുകയും ഫ്ളൂറൈഡ് നീക്കിയ കുടിവെള്ളം 20 ലിറ്ററിന് 1 രൂപ നിരക്കിൽ ജനങ്ങൾക്ക് നൽകുകയും ചെയ്യുന്നു. അതുപോലെ തന്നെ തുറസായ സ്ഥലത്തെ മല-മൂത്ര വിസർ ജ്ജനം ഒഴിവാക്കുകയും അതു ഉറപ്പാക്കുന്നതിനായി കമ്മറ്റിക്ക് രൂപം നൽകുകയും ചെയ്തു. ഇവിടെ തുറസ്സായ സ്ഥലത്തെ മല-മൂത്രവിസർജ്ജനത്തിന് പഞ്ചായത്ത് നല്ല തുക ഫൈൻ ആയി ചുമത്തി വരുന്നു. തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളി ജില്ലയിലുള്ള പഞ്ചായത്തുകൾ ഒരു സന്നദ്ധ സംഘടനയുടെ സഹായത്തോടെ 400 വില്ലേജുകളിൽ 'അസ്സോസിയേഷൻ ഫോർ വാട്ടർ, സാനിട്ടേഷൻ ആന്റ് ഹൈജീൻ' കമ്മറ്റിക്ക് രൂപം നൽകി. ഈ കമ്മിറ്റിയുടെ മുഖ്യ ഉപദേഷ്ടാവ് പഞ്ചായത്ത് പ്രസിഡന്റാണ്. കൂടാതെ അതേ മാസത്തിൽ നടക്കുന്ന കമ്മറ്റി യോഗങ്ങളിൽ പ്രസിഡന്റ് നിശ്ചയമായും പങ്കെടുക്കുകയും ചെയ്തുവരുന്നു. പശ്ചിമ ബംഗാളിലെ കിഴക്കൻ മിഡ്നാപൂരിൽ 'രാമകൃഷ്ണാ ലോക്ശിക്ഷാ പരിഷത്തി'ന്റെ സഹായത്തോടെ ശുചിത്വ പദ്ധതികൾ വിജയകരമായി നടപ്പാക്കി വരുന്നു.

ഗുജറാത്തിലെ കച്ച് ജില്ലയിൽ 'സജീവൻ' എന്ന സന്നദ്ധ സംഘടന കുടിവെള്ള ശുചിത്വ പദ്ധതികൾ നടപ്പാക്കുന്നതിൽ പഞ്ചായത്തുകളെ സഹായിച്ച് വരുന്നു. രാജസ്ഥാനിലെ ഭരത്പൂർ ജില്ലയിലെ പഞ്ചായത്തുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും സന്നദ്ധസംഘടനകളുടേയും സഹായത്തോടെ വില്ലേജുകളിലുള്ള കുളങ്ങൾ പുനരുദ്ധരിച്ച് വരുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന ഉദാഹരണങ്ങളിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. പഞ്ചായത്തുകൾക്ക് ആവശ്യമായ ഫണ്ടും ജീവനക്കാരും നല്ല പദ്ധതികളും ഉണ്ടെങ്കിൽ ഗ്രാമങ്ങളിൽ കുടിവെള്ള - ശുചിത്വ പദ്ധതികളുൾപ്പെടെ പല പദ്ധതികളും വിജയകരമായി നടപ്പാക്കുന്നതിനും ഗ്രാമങ്ങളുടെ മുഖഛായ തന്നെ മാറ്റിയെടുക്കുന്നതിനും നിശ്ചയമായും സാധിക്കും.■

ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joyelamon@un.org.in), ടീനാ മാഥൂർ (tina.mathur@un.org.in) എന്നിവർക്കെഴുതുകയോ www.solutionexchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

തയ്യാറാക്കിയത്: ഡോ.ജോയ് ഇളമൺ
ഡീസെന്റട്രലൈസേഷൻ കമ്മ്യൂണിറ്റി
സൊലൂഷൻ എക്സ്ചേഞ്ച്, യുണൈറ്റഡ് നേഷൻസ്.

മലയാളത്തിലേയ്ക്ക് പരിവർത്തനം നടത്തിയത്:
സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം.

ഓഫീസ് പൊതുസ്ഥാപന ശുചിത്വ കാമ്പയിൻ

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

ശുചിത്വ മേഖലയിലും ഖരമാലിന്യ പരിപാലന രംഗത്തും ഗാർഹിക-സ്ഥാപന മാലിന്യ പരിപാലന രംഗത്തും ആവശ്യമായ ഇടപെടലുകൾ നടത്തുവാനും ജനങ്ങളുടെ ഈ രംഗത്തുള്ള ശുചിത്വ അവബോധം സൃഷ്ടിക്കുവാനുമായാണ് 'മാലിന്യമുക്ത കേരളം' പദ്ധതി വഴി സർക്കാർ ലക്ഷ്യമിട്ടത്. ഇതിന്റെ ഭാഗമായി 2008-09, 2009-10 കാലയളവിൽ ആഫീസ് സ്ഥാപന ശുചിത്വ കാമ്പയിൻ മികച്ച രീതിയിൽ നടപ്പാക്കിയ സ്ഥാപനങ്ങളെയും ഓഫീസുകളെയും സർക്കാർ അവാർഡുകൾ നല്കി അംഗീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2010-11 കാലയളവിൽ ഈ കാമ്പയിൻ തുടരാൻ സർക്കാർ തീരുമാനിച്ചു. ഇതനുസരിച്ച് 2010 ഡിസംബർ 1 മുതൽ 2011 ഫെബ്രുവരി 28 വരെ സ്ഥാപന ശുചിത്വ കാമ്പയിൻ കാലമായി ആചരിക്കുന്നതാണ്. ഓരോ ആഫീസ് തലത്തിലും ശുചിത്വകർമ്മ പരിപാടി തയ്യാറാക്കുന്നതിനും, അതിന്റെ നിർവ്വഹണം നിരീക്ഷിക്കുന്നതിനുമായി ജീവനക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ശുചിത്വ കർമ്മസമിതി രൂപീകരിക്കേണ്ടതും കർമ്മപരിപാടി തയ്യാറാക്കേണ്ടതുമാണ്. ഇതിനായി അതത് ആഫീസ് മേധാവികൾ മുൻകൈ എടുക്കേണ്ടതാണ്. കർമ്മ പദ്ധതി തയ്യാറാക്കുമ്പോൾ ആഫീസിന്റേയും പരിസരത്തിന്റേയും വൃത്തി, ജീവനക്കാർക്കും പൊതുജനങ്ങൾക്കും ടോയ്‌ലറ്റ് സൗകര്യം, സ്ത്രീകൾക്കും അംഗവൈകല്യമുള്ളവർക്കും ഉപയോഗിക്കാൻ പറ്റുന്ന പ്രത്യേക സൗകര്യങ്ങൾ ഉള്ള ടോയ്‌ലറ്റുകൾ, വെള്ളം കെട്ടിനിൽക്കാത്തതും വൃത്തിയുള്ളതുമായ ആഫീസ് കോമ്പൗണ്ട്, മാലിന്യ സംസ്കരണ സംവിധാനം, കുടിവെള്ള സൗകര്യം, പ്ലാസ്റ്റിക് വിമുക്തമായ ആഫീസ് പരിസരം, റെക്കോർഡ്റൂം സജ്ജമാക്കൽ, ആഫീസ് കോമ്പൗണ്ടിൽ ഫലവൃക്ഷ തൈകൾ നടൽ, പച്ചക്കറി/പൂന്തോട്ടം സജ്ജീകരിക്കൽ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഈ ക്യാമ്പയിൻ കാലത്ത് പൊതുജനത്തിന് ടോയ്‌ലറ്റ്, കുടിവെള്ള സൗകര്യം എന്നിവ നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

സെക്രട്ടറിമാരുടേയും, വകുപ്പുതല ഉദ്യോഗസ്ഥരുടേയും അദ്ധ്യക്ഷതയിൽ ചേരുന്ന അവലോകന യോഗങ്ങളിൽ ആഫീസ് ശുചിത്വവും കർമ്മപരിപാടി പുരോഗതി അവലോകനവും നിർബന്ധമായും പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.

ഓരോ വകുപ്പും ആഫീസുകളിൽ ആവശ്യം വേണ്ട ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായി വരുന്ന അധിക സാമ്പത്തിക ബാധ്യത കണക്കാക്കി സർക്കാരിനെ അറിയിക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ ആഫീസുകളുടേയും പൊതുസ്ഥാപനങ്ങളുടേയും പരിസരങ്ങൾ ശുചിയാക്കുന്നതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (ഒരു തവണ മാത്രം) ഉപയോഗപ്പെടുത്താവുന്നതാണ്. നഗര പ്രദേശത്ത് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പരിസരം ശുചിയാക്കലിന് പ്രയോജനപ്പെടുത്താവുന്ന താണ്.

ആഫീസ് ശുചിത്വ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ വകുപ്പും നോഡൽ ഓഫീസറെ സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലും നിയമിക്കേണ്ടതാണ്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ബന്ധപ്പെട്ട വകുപ്പിന്റെ കീഴിലുള്ള വിവിധ ആഫീസുകളുടേയും സ്ഥാപനങ്ങളുടേയും ശുചിത്വ കർമ്മ പരിപാടിയുടെ പുരോഗതി അവലോകനം നടത്തേണ്ടതും നിർവ്വഹണം നിരീക്ഷിക്കേണ്ടതും ആവശ്യമായ പിൻതുണ സഹായം ലഭ്യമാക്കേണ്ടതും നോഡൽ ആഫീസർമാരുടെ ഉത്തരവാദിത്വം ആയിരിക്കും.

പൊതുജന സൗകര്യാർത്ഥം സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ, കോടതി സമുച്ചയങ്ങൾ, മറ്റ് ആഫീസ് സമുച്ചയങ്ങൾ എന്നിവയുടെ പരിസരത്തായി ടോയ്‌ലറ്റ് കോംപ്ലക്സുകൾ സ്ഥാപിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ/ഓഫീസുകളിൽ കുടിവെള്ള-ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതല ആയിരിക്കും.

ജില്ലയിലെ ഓഫീസ്/സ്ഥാപന

ശുചിത്വ പ്രവർത്തനങ്ങളുടെ പൊതുവായ ഏകോപനം ജില്ലാ കളക്ടർ നിർവ്വഹിക്കുന്നതായിരിക്കും. വികാസ് ഭവൻ, പബ്ലിക് ഓഫീസ്, സിവിൽ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിലെ എസ്റ്റേറ്റ് ഓഫീസർമാർ ഈ സമുച്ചയങ്ങളിലെ കർമ്മപരിപാടി രൂപീകരിക്കുന്നതിലും അവ നടപ്പിലാക്കുന്നതിലും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ഓഫീസിലെ റിക്കാർഡ് റൂം വൃത്തിയായും ഭംഗിയായും സൂക്ഷിക്കേണ്ടതാണ്. പഴയ റിക്കോർഡുകൾ സൂക്ഷിക്കുന്നതിന് പുരാരേഖ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. ഈ കാമ്പയിൻ കാലയളവിൽ തുടർച്ചയായി രണ്ടാഴ്ചയിലൊരിക്കൽ ജീവനക്കാരുടെ യോഗം ചേർന്ന് തങ്ങളുടെ ഓഫീസിന്റെ/സ്ഥാപനത്തിന്റെ ശുചിത്വ കർമ്മപരിപാടിയുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യേണ്ടതാണ്. അതിന്റെ റിപ്പോർട്ട് സംസ്ഥാന തലത്തിൽ ശേഖരിക്കുകയും വേണം.

ജീവനക്കാരുടെ പങ്കാളിത്തത്തോടെയുള്ള ആഫീസ് സ്ഥാപന ശുചിത്വ പരിപാടി വിലയിരുത്തി അംഗീകാരം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

അവാർഡ് നിർണ്ണയ രീതി

സ്വയം വിലയിരുത്തൽ:- അതാത് ആഫീസ്/സ്ഥാപനം തയ്യാറാക്കുന്ന പ്രവർത്തന പരിപാടിയുടെ പൂർത്തീകരണവും കൈവരിച്ച നേട്ടവും ആഫീസിലെ മൂല്യ നിർണ്ണയത്തിനായി തിരഞ്ഞെടുക്കുന്ന സമിതി വിലയിരുത്തി രേഖപ്പെടുത്തുന്നതാണ് സ്വയം വിലയിരുത്തൽ ഘട്ടം.

സാമൂഹ്യ പരിശോധന:- തദ്ദേശ സ്ഥാപന തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സാമൂഹ്യ പ്രവർത്തകരും സാങ്കേതിക വിദഗ്ദ്ധരുമടങ്ങുന്ന ഒരു സന്നദ്ധ സമിതിയായിരിക്കും സാമൂഹ്യ പരിശോധന നടത്തുക. സ്വയം വിലയിരുത്തലിനെ അടിസ്ഥാനമാക്കിയായിരിക്കും ടീമിന്റെ റിപ്പോർട്ട്.

ഗ്രേഡിംഗും അവാർഡും:- ജില്ലാ കളക്ടർ നിയോഗിക്കുന്ന ഒരു പരിശോധനാ സമിതി ആഫീസിന്റെ/സ്ഥാപനത്തിന്റെ ശുചിത്വ നിലവാരം നിർണ്ണയിച്ച് ഏറ്റവും മെച്ചപ്പെട്ടത്, മെച്ചപ്പെട്ടത്, തൃപ്തികരം എന്നീ നിലയിൽ ഗ്രേഡ് ചെയ്യുകയും ചെയ്യും. തുടർന്ന് താലൂക്ക് തലത്തിലും/ജില്ലാ തലത്തിലും ഏറ്റവും മെച്ചപ്പെട്ട രണ്ട് പൊതു സ്ഥാപനങ്ങൾക്കും/ആഫീസുകൾക്കുമാണ് അവാർഡ് നൽകുക.

സംസ്ഥാന തലത്തിൽ രണ്ട് ആഫീസുകൾക്കും, ജില്ലാ തലത്തിൽ മൂന്ന് ആഫീസുകൾക്കും, താലൂക്ക് തലത്തിൽ അറുപത്തിമൂന്ന് ആഫീസുകൾക്കുമാണ് ക്യാഷ് അവാർഡ് നൽകുന്നത്. ■

ശുദ്ധജലം, ശുചിത്വം, ആരോഗ്യം ഏകദിന ശില്പശാല

ജലസമൃദ്ധി കൊണ്ട് അനുഗ്രഹിക്കപ്പെട്ട നാടാണ് നമ്മുടെ കേരളം. പ്രതിവർഷം കുറഞ്ഞത് 3000 മില്ലിമീറ്റർ മഴ നമുക്ക് ലഭിക്കുന്നു. 44 നദികളും ആയിരത്തോളം പോഷകനദികളും എണ്ണമറ്റ ജലാശയങ്ങളും കൊണ്ട് സമ്പന്നമാണ് കേരളം. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ CWRDM നടത്തിയ പഠനത്തിൽ ജലത്തിന്റെ ശരാശരി പ്രതിശീർഷ ഉപഭോഗം നഗരപ്രദേശങ്ങളിൽ 162 ലിറ്ററും ഗ്രാമപ്രദേശങ്ങളിൽ 169 ലിറ്ററുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളത്തിലെ ആളോഹരി ജലലഭ്യത മരുപ്രദേശമായ രാജസ്ഥാനേക്കാൾ കുറവാണ്. നദികളെയും പുഴകളെയുമൊക്കെ മാലിന്യക്കുഴികൾ ആയാണ് ആളുകൾ ഇന്ന് കണക്കാക്കുന്നത്. ഇവ മാത്രമല്ല കിണർവെള്ളം പോലും ഇന്ന് മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ജീവജലം നമുക്ക് മാത്രമല്ല വരുന്ന തലമുറയ്ക്കു കൂടി അവകാശപ്പെട്ടതാണെന്ന ബോധം നമ്മൾക്കുണ്ടായേ തീരൂ.

ശുദ്ധജലവും ശുചിത്വവും മെച്ചപ്പെട്ട ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. ശുചിത്വം കുറവായ സ്ഥലങ്ങളിലും ശുദ്ധജലക്ഷാമം ഉള്ളയിടത്തുമാണ് രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നത്. വേണ്ട രീതിയിൽ ശുദ്ധീകരിച്ചില്ലെങ്കിൽ ഇതിലെ ബാക്ടീരിയ, വൈറസ്, പ്രോട്ടോസോവ എന്നീ ജൈവമാലിന്യങ്ങളും മറ്റ് രാസവസ്തുക്കളും നമ്മെ രോഗത്തിനടിമപ്പെടുത്തുന്നു. വീടിന്റെ പരിസരത്ത് മലിനജലം കെട്ടിനിൽക്കുന്നതുകൊണ്ടും ശുചിത്വമില്ലായ്മ മൂലവും രോഗകാരികളായ സൂക്ഷ്മജീവികൾ പെരുകുവാനും രോഗം പടർന്നുപിടിക്കാനും ഇടയാകുന്നു. നമുക്കിടയിൽ കണ്ടുവരുന്ന രോഗങ്ങളിൽ 80%വും ജലത്തിലൂടെ പകരുന്ന രോഗങ്ങളാണ്. പല രോഗങ്ങളും വെള്ളത്തിൽ കൂടിപകരുന്നവ, വെള്ളവുമായി ബന്ധപ്പെട്ടവ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ടൈഫോയ്ഡ്, കോളറ, വയറിളക്കരോഗങ്ങൾ എന്നിവയെല്ലാം പകരുന്നതിൽ മലിനമായ കുടിവെള്ളത്തിനുള്ള പങ്ക് വളരെ വലുതാണ്.

ജലജന്യരോഗങ്ങൾ തടയാൻ നമുക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. വീടും പരിസരവും ശുചിയായി സൂക്ഷിക്കുക, ഭക്ഷണപദാർത്ഥങ്ങൾ, കുടിവെള്ളം എന്നിവ അടച്ചുവയ്ക്കുക, കിണറും പരിസരവും വൃത്തിയായി സംരക്ഷിക്കുക എന്നിവ ഇതിൽ ഉൾപ്പെടും. ഭക്ഷണത്തിനു മുമ്പും മലമൂത്ര വിസർജ്ജനത്തിനു ശേഷവും കൈകൾ സോപ്പിട്ട് കഴുകുക, ഭക്ഷണപദാർത്ഥങ്ങൾ വൃത്തി യുള്ള സാഹചര്യങ്ങളിൽ പാകം ചെയ്യുക, പച്ചയ്ക്കു കഴിക്കുന്നവ ശുദ്ധ ജലത്തിൽ നന്നായി കഴുകിയ ശേഷം മാത്രം ഉപയോഗിക്കുക എന്നിവ വളരെ പ്രധാനമാണ്. കുടിവെള്ള സ്രോതസ്സിൽ നിന്ന് നിശ്ചിത അകലത്തിൽ മാത്രം കക്കൂസുകൾ സ്ഥാപിക്കണം. അടുക്കളയിലെയും കുളിമുറിയിലെയും മലിനജലം കിണറിൽ എത്താതെ നോക്കണം. തിളപ്പിച്ച ജലം മാത്രം കുടിക്കുന്നതു വഴി നമുക്ക് ജലജന്യരോഗങ്ങളെ ഒരു പരിധിവരെ തടയാം. ശുദ്ധജലം നമുക്ക് ആരോഗ്യമാണ് തരുന്നത്. വൃത്തി ആരോഗ്യത്തിന്റെ കാവൽക്കാരനും.

ജലവിഭവ വികസന കേന്ദ്രം, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗസിലിന്റെ സഹകരണത്തോടെ കേരളത്തിലെ 3 കേന്ദ്രങ്ങളിൽ (കോഴിക്കോട്-ജനുവരി 27, കോട്ടയം- ഫെബ്രുവരി 5, തിരുവനന്തപുരം- ഫെബ്രുവരി 24) 'ശുദ്ധജലം, ശുചിത്വം, ആരോഗ്യം'എന്നീ വിഷയങ്ങളിൽ ഒരു ഏകദിന ശില്പശാല നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വനിതാ അംഗങ്ങൾ, കുടുംബശ്രീ, ആരോഗ്യവകുപ്പ്, ജലവും ശുചിത്വവുമായും ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു പരിപാടിയാണ് ഉദ്ദേശിക്കുന്നത്. ഈ ഏകദിന ശില്പശാലയിൽ വിദഗ്ദ്ധരുടെ ക്ലാസുകൾ കൂടാതെ, പങ്കെടുക്കുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും സംശയങ്ങൾക്ക് മറുപടി പറയാനുമുള്ള അവസരം ഉണ്ടാകും.

ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ

1. ജല ഗുണനിലവാര പരിപാലനം
2. ഗാർഹികമായി കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ
3. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന രീതികൾ
4. ജലവും ആരോഗ്യവും
5. ജലവും ശുചിത്വവും

കൂടുതൽ വിവരങ്ങൾക്ക്

Dr. P.S. Harikumar
Scientist and Head
Central Water Analysis Laboratory
Centre for Water Resources
Development and Management
Kozhikode 673571
Tel 0495 2351871; Mobile 9847781444
E mail: hps@cwrdm.org ■

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 11

ഏപ്രിൽ 1 മുതൽ കംപ്യൂട്ടർവൽക്യത അക്കൗണ്ടിംഗ്

2011 ഏപ്രിൽ 1 മുതൽ ത്രിതല പഞ്ചായത്തുകൾ അക്കൗണ്ടിംഗ് നിർവ്വഹിക്കേണ്ടത് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച "സാംഖ്യ- പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ" ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലായിരിക്കണമെന്ന് സർ ക്കാർ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. 23.12.2010 ലെ 308/ 10/എൽഎസ്ജിഡി- നമ്പരായി പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവ് lsg.kerala.gov.in എന്ന പേരിലുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

ത്രിതല പഞ്ചായത്തുകൾക്കു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത "സാംഖ്യ- പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ" ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2010-11 ലെ കണക്കുകൾ സമാന്തരമായി തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2011ലെ "കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം സർക്കാർ ഉടൻതന്നെ പുറപ്പെടുവിക്കുമെന്നു പ്രതീക്ഷിക്കുന്നു. തുടർന്ന് അക്കൗണ്ടന്റുമാർക്കും അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ 'കില' കൈക്കൊള്ളുന്നതായിരിക്കും.

വിവരങ്ങൾ തത്സമയം

'കാഷ് ബുക്ക് എഴുതിയില്ല, വരവ് രജിസ്റ്റർ പൂർത്തിയായില്ല, ചെലവ് രജിസ്റ്ററിൽ ഇനിയും കുറെക്കൂടി എഴുതാനുണ്ട്, പ്രതിമാസ അക്കൗണ്ട് തയ്യാറായില്ല, വാർഷിക ധനകാര്യ പത്രിക തയ്യാറാക്കാൻ 4 മാസം വേണം,' തുടങ്ങി നാമിതുവരെ കേട്ടു ശീലിച്ച പരാതികൾ പഴങ്കഥകളായിത്തീരുകയാണ്. ഓരോ വരുമാനവും ചെലവും ആസ്തിയും ബാദ്ധ്യതയും അതുത്ഭവിക്കുമ്പോൾ തന്നെ കംപ്യൂട്ടറിൽ രേഖപ്പെടുത്തുന്നു. കാഷ്ബുക്ക്, ബാങ്ക്ബുക്ക്, ജേണൽ, ലെഡ്ജർ, ട്രയൽ ബാലൻസ്, വരുമാന ചെലവ് സ്റ്റേറ്റ്മെന്റ് (Income and expenditure statement), ആസ്തി ബാദ്ധ്യതാപത്രിക (Balance sheet) പണം വരവ്- പണം നൽകൽ സ്റ്റേറ്റ്മെന്റ് (Receipts and Payments Statement) തുടങ്ങിയവ കംപ്യൂട്ടറിന്റെ ഭാഷയിൽ ഓരോ "റിപ്പോർട്ട്" ആണ്. അതിനാൽ "റിപ്പോർട്സ്" എന്ന മെനുവിൽ ബന്ധപ്പെട്ട റിപ്പോർട്ട് സെലക്ട് ചെയ്ത് ക്ലിക്ക് ചെയ്താൽ മതി. നിമിഷത്തിനകം സ്ക്രീനിൽ റിപ്പോർട്ട് തെളിയും. ആവശ്യമെങ്കിൽ പ്രിന്റ് ഔട്ട് എടുക്കാം.

> **സാംഖ്യ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് ചെയ്യുന്നതിനെപ്പറ്റി ജീവനക്കാർക്കോ ജനപ്രതിനിധികൾക്കോ യാതൊരാശങ്കയ്ക്കും അവസരമില്ല. കാരണം അക്കൗണ്ടിംഗിൽ വൈദഗ്ധ്യമില്ലാത്തവർക്കും എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന വിധത്തിൽ സാംഖ്യയിൽ ഒട്ടേറെ കാര്യങ്ങൾ ഓട്ടോമേറ്റ് ചെയ്തിട്ടുണ്ട്.**

കംപ്യൂട്ടറിൽ രേഖപ്പെടുത്താതെ ഒരു തുകയും സ്വീകരിക്കാനാവില്ല; ഒരു തുകയും ചെലവു ചെയ്യാനുമാവില്ല. അതുകൊണ്ടു തന്നെ ഒരു ദിവസത്തെ അവസാന ഇടപാടു രേഖപ്പെടുത്തിക്ക

ഴിഞ്ഞ ഉടനെ അന്നത്തെ കാഷ് ബുക്കിന്റേയും ബാങ്ക് ബുക്കിന്റേയും പ്രിന്റ് ഔട്ട് എടുത്ത് ഒപ്പിട്ടു സൂക്ഷിക്കാം.

ഓരോ മാസത്തിന്റേയും അവസാന പ്രവൃത്തി ദിവസം ആ മാസത്തെ അക്കൗണ്ട് തയ്യാറായിരിക്കും. അടുത്ത ദിവസം ബാങ്ക് റിക്കൺസിലിയേഷൻ കംപ്യൂട്ടറിൽ നടത്തി പ്രതിമാസ അക്കൗണ്ടിന്റെ പ്രിന്റ്ഔട്ട് എടുക്കാം.

ഓരോ മാർച്ച് മാസത്തിലേയും അവസാന പ്രവൃത്തിദിവസം ആ വർഷത്തെ അക്കൗണ്ടുകൾ തയ്യാറാണ്. എങ്കിലും ചില അഡ്ജസ്റ്റുമെന്റുകൾക്കുവേണ്ടി ഒരു മാസം അനുവദിച്ചിട്ടുണ്ട്. അതിനാൽ ഏപ്രിൽ 30 ന് കഴിഞ്ഞ സാമ്പത്തികവർഷത്തിലെ അക്കൗണ്ടിന്റെ പ്രിന്റ്ഔട്ട് എടുക്കാം.

വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു

സാംഖ്യയിലെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനാൽ കേരളത്തിലെ ത്രിതലപഞ്ചായത്തുകളുടെ അക്കൗണ്ട് സംബന്ധിച്ച സമഗ്ര ചിത്രം ഉയർന്ന അധികാരികൾക്ക് ലഭിക്കുന്നു. പൊതുജനങ്ങൾക്കും ഈ വിവരങ്ങൾ ലഭ്യമായിരിക്കും.

ഓരോ പഞ്ചായത്തിനേയും സംബന്ധിച്ച വിവരവും ഗ്രാമ /ബ്ലോക്ക്/പഞ്ചായത്തുകളെ സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലുമുള്ള സമഗ്രവിവരങ്ങളും വെബ്സൈറ്റിൽ ലഭിക്കും.

തീരുമാനങ്ങൾക്കു സഹായം

ഫ്രണ്ട് ഓഫീസിൽ കാഷ്കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ, അക്കൗണ്ടന്റ്, ധനകാര്യ ഇടപാടുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട്, ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ്ക്ലർക്ക്, ജില്ലാ പഞ്ചായത്തിലെ ഫൈനാൻസ് ഓഫീസർ, സെക്രട്ടറി തുടങ്ങിയവർ സാംഖ്യയിൽ പ്രവർത്തിക്കുന്നവരാണ്. പ്രസിഡന്റ്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കൂടിയായ വൈസ്പ്രസിഡന്റ് തുടങ്ങിയവർക്കും സാംഖ്യയിലെ വിവരങ്ങൾ കാണാനുള്ള അവകാശമുണ്ടായിരിക്കും.

സാംഖ്യ വിന്യസിക്കുന്നതുവഴി പഞ്ചായത്തിന്റെ പല തീരുമാനങ്ങളും കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ കൈക്കൊള്ളാനാവും. ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം പട്ടികയിൽ കൊടുത്തിരിക്കുന്നു.

യന്ത്രത്തിനുമാത്രം എല്ലാം ചെയ്യാനാവില്ല

ഒരു പുത്തൻ ബെൻസ് കാറിൽ സങ്കല്പിക്കാവുന്ന എല്ലാ സൗകര്യങ്ങളുമുണ്ടായിരിക്കും. എന്നാൽ റോഡപകടം ഒഴിവാക്കാൻ ബെൻസ് കാർ മാത്രം വിചാരിച്ചാൽ സാദ്ധ്യമല്ല.

തീരുമാനങ്ങൾ എടുക്കാൻ സാംഖ്യ എങ്ങനെ ഉപയോഗപ്പെടുത്താം

ലഭ്യമായ വിവരങ്ങൾ	എടുക്കാവുന്ന തീരുമാനങ്ങൾ
1. വസ്തു നികുതി, തൊഴിൽ നികുതി തുടങ്ങിയവ തനതുവരുമാനങ്ങൾ സംബന്ധിച്ച് : വർഷാരംഭത്തിൽ പിരിക്കാനുണ്ടായിരുന്ന കുടിശ്ശിക, തന്നാണ്ടിലെ ഡിമാന്റ്, തന്നാണ്ടിൽ ഇതുവരെ പിരിച്ചെടുത്ത തുക, പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക.	1. പിരിവ് ഊർജ്ജിതപ്പെടുത്താനുള്ള സത്വര നടപടികൾ.
2. സർക്കാരിൽ നിന്നു ലഭിക്കാനുള്ള വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയ്ക്കുള്ള ലെറ്റർ ഓഫ് അതോറിറ്റി പഞ്ചായത്തിൽ ലഭിച്ചിട്ടും ട്രഷറിയിൽ ലഭിക്കാത്തതിന്റെ പേരിൽ ട്രഷറി ക്രെഡിറ്റ് ചെയ്തു തരാത്ത തുകകൾ.	2. ട്രഷറിയേയോ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരേയോ സർക്കാരിനേയോ സമീപിച്ച് തുക അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള സത്വര നടപടി.
3. പ്ലാൻ പ്രോജക്ടുകൾക്കു വേണ്ടി തന്നാണ്ടിൽ ഇതുവരെ ചെലവാക്കിയ തുകകൾ.	3. പുരോഗതി തൃപ്തികരമല്ലെങ്കിൽ ലക്ഷ്യം നിശ്ചിത സമയത്ത് കൈവരിക്കാനുള്ള സത്വരനടപടി.
4. ഓരോ ബാങ്ക്/ട്രഷറി അക്കൗണ്ടിലെയും തത്സമയ നീക്കിയിരിപ്പ്.	4. എത്രപണം ഉടനടി പിൻവലിച്ച് ആവശ്യങ്ങൾക്കു വേണ്ടി ചെലവാക്കാമെന്ന വസ്തുനിഷ്ഠ തീരുമാനം.
5. റവന്യൂ ചെലവുകൾക്കും (അതായത്, സാമാന്യമായി, ആസ്തി ആർജ്ജിക്കാനുള്ളതല്ലാത്ത ചെലവുകൾ) മൂലധനച്ചെലവുകൾക്കും (അതായത് സാമാന്യമായി, ആസ്തി ആർജ്ജിക്കാനുള്ളതോ ആസ്തിയുടെ മൂല്യം വർദ്ധിപ്പിക്കാനുള്ളതോ ആയ ചെലവുകൾ) വേണ്ടി ഓരോ അക്കൗണ്ട് ഹെഡിലും ബജറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്.	5. നേരത്തേ നടത്തിയ ബജറ്റ് പ്രഖ്യാപനം ലംഘിക്കാതെ, നിയമപ്രകാരം ഇനി എത്രമാത്രം ചെലവു ചെയ്യാമെന്ന തീരുമാനം.
6. ഘടകസ്ഥാപനങ്ങൾക്കായി ബജറ്റിൽ നീക്കിവെച്ച തുക ഇതുവരെ ചെലവു ചെയ്തതിന്റെ വിവരം.	6. ന്യായയുക്തമായി ഘടക സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ച തുകകൾ ഇതുവരെ നൽകിയിട്ടില്ലെങ്കിൽ അതു സംബന്ധിച്ച സത്വര നടപടി.
7. വാഹനങ്ങളുടെ പെട്രോൾ/ഡീസൽ/ അറ്റകുറ്റപ്പണി, ടെലഫോൺ ചാർജ്, ഓഫീസ് വൈദ്യുതി ചാർജ്, തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്, വെള്ളക്കരം തുടങ്ങിയ ഇനങ്ങളിൽ തന്നാണ്ടിൽ ഇതുവരെ ചെലവായ തുകകൾ.	7. ചെലവുകൾ ന്യായമായ പരിധി കടക്കുന്നുണ്ടെന്ന വിലയിരുത്തലുണ്ടെങ്കിൽ മിതവ്യയം സംബന്ധിച്ച സത്വര തീരുമാനം.

സാംഖ്യ എല്ലാ രീതിയിലും സുസജ്ജമാണ്. എന്നാൽ തെറ്റു കൂടാതെ അക്കൗണ്ട് തയ്യാറാക്കണമെങ്കിൽ, ആപ്ലിക്കേഷൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ കൂടി ശ്രദ്ധാപൂർവം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

രണ്ടുകാര്യങ്ങൾ സംബന്ധിച്ച സാമാന്യ വൈദഗ്ദ്ധ്യം ജീവനക്കാർ ആർജ്ജിക്കേണ്ടതാണ്:

1. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലും അതോടനുബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും നിർദ്ദേശിക്കുന്ന രീതിയിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം.

2. സാംഖ്യ-ഡബിൾ എൻട്രി ആപ്ലിക്കേഷനിൽ കംപ്യൂട്ടറിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതി.

ഇതുസംബന്ധിച്ച് പരിശീലനങ്ങളും തുടർപരിശീലനങ്ങളുമുണ്ടാകുമെന്ന കാര്യം ഉറപ്പാണ്. എങ്കിലും തെറ്റായ തുകകൾ രേഖപ്പെടുത്തുക, തെറ്റായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുക, തുകകൾ വിട്ടുപോവുക തുടങ്ങിയ പല തെറ്റുകളും സംഭവ്യമാണ്. എന്നാൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥരും സൂപ്പർവൈസ് ചെയ്യുന്ന ഉദ്യോഗസ്ഥരും ശ്രദ്ധിച്ചാൽ തെറ്റുകൾ ഒഴിവാക്കാനാകും; വന്നുപോയ തെറ്റുകൾ തിരുത്താനാകും. അതുവഴി കൃത്യമായി കണക്കുകൾ തയ്യാറാക്കാനുമാകും.

ആശങ്കയ്ക്ക് അവസരമില്ല

എന്നാൽ സാംഖ്യ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് ചെയ്യുന്നതിനെപ്പറ്റി ജീവനക്കാർക്കോ ജനപ്രതിനിധികൾക്കോ യാതൊരാശങ്കയ്ക്കും അവസരമില്ല. കാരണം അക്കൗണ്ടിംഗിൽ വൈദഗ്ധ്യമില്ലാത്തവർക്കും എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന വിധത്തിൽ സാംഖ്യയിൽ ഒട്ടേറെ കാര്യങ്ങൾ ഓട്ടോമേറ്റ് ചെയ്തിട്ടുണ്ട്. ഉദാഹരണമായി വസ്തുനികുതി സംബന്ധിച്ച ഡാറ്റാബേസ് 'സഞ്ചയ' ആപ്ലിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ, നികുതിദായകൻ കൗണ്ടറിൽ വന്ന് വാർഡ്നമ്പർ/ഡോർ നമ്പർ പറഞ്ഞാൽ മാത്രം മതി. അത് എന്റർ ചെയ്ത്, F8 പ്രസ് ചെയ്താൽ നികുതിദായകൻ നൽകാനുള്ള തുകകളുടെ വിശദ വിവരം കംപ്യൂട്ടർ സ്ക്രീനിൽ തെളിയും. 'പ്രിന്റ് റസീറ്റ്' എന്നു ക്ലിക് ചെയ്താൽ മതി. രസീത് തയ്യാറായിക്കഴിയും. കൗണ്ടറിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന് ഇതു സംബന്ധിച്ച ഒരു അക്കൗണ്ടിംഗ് പരിജ്ഞാനവും ആവശ്യമില്ല.

അതുപോലെ, ശമ്പളബിൽ സംബന്ധിച്ച് മൂന്നു ജേർണലുകൾ തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ ഇതിനെപ്പറ്റിയൊന്നും പഠിക്കാത്ത വ്യക്തി ശമ്പളബില്ലിന്റെ ഗ്രോസ്, നെറ്റ്, റിക്കവറി തുകകൾ 'പേ ഓർഡർ' എന്ന സ്ക്രീൻ എടുത്ത് എന്റർ ചെയ്താൽ മതി. അത് അപ്രൂവ് ചെയ്തുകഴിഞ്ഞ് 'ജേണൽ' എന്ന റിപ്പോർട്ട് എടുത്തു നോക്കിയാൽ ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന മൂന്നു ജേർണലുകളും കംപ്യൂട്ടർ സ്വയം തയ്യാറാക്കി രേഖപ്പെടുത്തിയതായികാണാം.

ഇപ്രകാരം ഒട്ടേറെ കാര്യങ്ങൾ സാംഖ്യയിൽ ഓട്ടോമേറ്റ് ചെയ്തിട്ടുണ്ട്.

മറ്റൊരുകാര്യം, കംപ്യൂട്ടറിൽ നിന്നു ലഭിക്കുന്ന രജിസ്റ്ററുകളുടേയും റിപ്പോർട്ടുകളുടേയും കാര്യത്തിൽ മാന്വൽ സമ്പ്രദായത്തിൽ കൈക്കൊണ്ടെഴുതി സൂക്ഷിക്കുന്ന രജിസ്റ്ററുകളൊന്നും വേണ്ടെന്നതാണ്. ഇക്കാര്യം നേരത്തേ പ്രസ്താവിച്ച സർക്കാർ ഉത്തരവിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

> **സാംഖ്യ എല്ലാ രീതിയിലും സുസജ്ജമാണ്. എന്നാൽ തെറ്റു കൂടാതെ അക്കൗണ്ട് തയ്യാറാക്കണമെങ്കിൽ, ആപ്ലിക്കേഷൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ കൂടി ശ്രദ്ധാപൂർവം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.**

മറ്റ് ആപ്ലിക്കേഷനുകളുമായി ഉദ്ഗ്രഥനം

തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ ഒട്ടേറെ സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സഞ്ചയ (റവന്യൂമൊഡ്യൂൾ), സുലേഖ (പ്ലാൻമോണിറ്ററിംഗ് മൊഡ്യൂൾ), സിവിൽ രജിസ്ട്രേഷൻ (ജനന/മരണ/വിവാഹ രജിസ്ട്രേഷൻ മൊഡ്യൂൾ), സേവന-പെൻഷൻ (സാമൂഹ്യസുരക്ഷാ പെൻഷൻ മൊഡ്യൂൾ), സൂചിക (വർക്ക്ഫ്ളോ മൊഡ്യൂൾ), സങ്കേതം (കെട്ടിട നിർമ്മാണ പെർമിറ്റ് മൊഡ്യൂൾ), സ്ഥാപന (എസ്റ്റാബ്ലിഷ്മെന്റ് മൊഡ്യൂൾ), സുഗമ (എസ്റ്റിമേഷൻസ്-വർക്ക്ബിൽ മൊഡ്യൂൾ), സചിത്ര (ജി.ഐ.എസ്), സചിത്ര (ആസ്തി രജിസ്റ്റർ), സകർമ്മ (യോഗതീരുമാനങ്ങൾ) എന്നിവ അവയിൽ ചിലതാണ്. ഇവയിൽ ചിലതെല്ലാം എല്ലാ പഞ്ചായത്തുകളിലും മറ്റു ചിലവ പല പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ഇവയിൽ ഓരോ ആപ്ലിക്കേഷനുമായും ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന രീതിയിലാണ് 'സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ' രൂപകല്പന ചെയ്തിരിക്കുന്നത്. അതുകൊണ്ട് ആവർത്തനങ്ങൾ ഒഴിവായിക്കിട്ടും; പ്രവർത്തനം സുഗമമായിരിക്കുകയും ചെയ്യും.

ഇൻഫർമേഷൻ കേരള മിഷൻ വിന്യസിച്ച മറ്റു സോഫ്റ്റ്‌വെയറുകൾ കൂടി പഞ്ചായത്തുകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ ജനങ്ങൾക്കാവശ്യമായ ഒട്ടേറെ വിവരങ്ങൾ കൂടുതൽ വേഗത്തിൽ കൃത്യതയോടെ ലഭ്യമാവും.

അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ

സാംഖ്യ നടപ്പാക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ അടിയന്തരമായി ചെയ്തേ മതിയാവൂ.

1. ആവശ്യമായ കംപ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങുക.
2. കംപ്യൂട്ടർ പ്രവർത്തിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുക.

ആവശ്യമായ കംപ്യൂട്ടറുകൾ എന്ന തിനർത്ഥം ഓരോ ഉദ്യോഗസ്ഥന്റേയും മേശപ്പുറത്ത് കംപ്യൂട്ടർ കൂടിയേ കഴിയൂ എന്നല്ല. എന്നാൽ ഫ്രണ്ട് ഓഫീസിലും അക്കൗണ്ടന്റിനും സെക്രട്ടറിക്കും കംപ്യൂട്ടർ കൂടിയേ കഴിയൂ. രസീത് നൽകാൻ ഫ്രണ്ട് ഓഫീസിൽ ഡോട്ട് മാട്രിക്സ് പ്രിന്ററും റിപ്പോർട്ടുകൾ എടുക്കാൻ അക്കൗണ്ടന്റിന് ലേസർ പ്രിന്ററും ആവശ്യമാണ്. ഇതിനുപുറമേ പ്രസിഡന്റിനുള്ളതുൾപ്പെടെ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആവശ്യാനുസരണം കംപ്യൂട്ടറുകൾ ആകാവുന്നതാണ്.

കംപ്യൂട്ടറിന് ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിനുള്ള വൈദ്യുതീകരണവും സർവർ കംപ്യൂട്ടറുമായുള്ള നെറ്റ്‌വർക്കിംഗും ചെയ്തു തീർക്കേണ്ടതാണ്.

കംപ്യൂട്ടറുകൾ വാങ്ങുന്നതും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭിക്കുന്നതാണ്. ഇൻഫർമേഷൻ കേരള മിഷന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം ഇക്കാര്യത്തിൽ ലഭ്യമായിരിക്കും.

റവന്യൂ സംബന്ധിച്ച ഡാറ്റാബേസ്

സാംഖ്യയുടെ പ്രവർത്തനം കുറ്റമറ്റതായിത്തീരാൻ വസ്തുനികുതി, തൊഴിൽ നികുതി, കെട്ടിടം/ഭൂനികുതി, ഡി&ഒ/പി.എഫ്.എ., ലൈസൻസ് ഫീ എന്നിവയുടെ ഡാറ്റാബേസ് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സഞ്ചയ ആപ്ലിക്കേഷൻ' ഉപയോഗിച്ച് തയ്യാറാക്കേണ്ടതാണ്. ഇവ തയ്യാറായിക്കഴിഞ്ഞാൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് വീട്ടിലിരുന്നു തന്നെ നികുതി അടയ്ക്കാനുള്ള സൗകര്യവും സജ്ജമാക്കിക്കഴിഞ്ഞിട്ടുണ്ട്. ഔട്ട്ഡോർ കളക്ഷൻ നടത്തുന്ന ഉദ്യോഗസ്ഥർക്ക് കയ്യിൽ കൊണ്ടു നടക്കാവുന്നതും നികുതിദായകരുടെ പൂർണവിവരങ്ങൾ ഉൾക്കൊള്ളുന്നതും രസീത് നൽകാവുന്നതുമായ യന്ത്രവും തയ്യാറായിക്കഴിഞ്ഞു.

ആവശ്യമായ കംപ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങാനും വൈദ്യുതീകരണം/നെറ്റ്‌വർക്കിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാനും, റവന്യൂ ഡാറ്റാബേസ് തയ്യാറാക്കാനുമുള്ള പ്രോജക്ടുകൾ 2011-12 ലെ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞാൽ ഇ- ഗവേണൻസ് സംബന്ധിച്ച് അതൊരു കുതിച്ചുചാട്ടമായിരിക്കും.■

ലേഖകൻ ഏജീസ് ഓഫീസിൽ സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു. ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ കൺസൾട്ടന്റാണ്
മൊബൈൽ : 9447454221
ഇ-മെയിൽ: ubkandeth@gmail.com

THE TASTE OF FRESH MILK CREAM
ice cream
Vesta
Fresh Milk Cream
ICE CREAM
Manufactured by:
KSE LIMITED
Dairy Division, Konikkara , Marathakkara P.O.
Thrissur. - 680 320, Kerala. Ph : 0487 2356394
2351501. Fax : 0487 2356394

പഞ്ചായത്ത്‌രാജ് പഠന പരമ്പര

ജനപ്രതിനിധികള

നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ

പഞ്ചായത്തംഗങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് പരാമർശിച്ചിരിക്കുന്നത് എവിടെയാണ് ?

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 158-ാം വകുപ്പിലും, 1995 ലെ യോഗനടപടിക്രമം ചട്ടങ്ങളിലുമാണ് പ്രധാനമായും പഞ്ചായത്തംഗങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് പരാമർശിച്ചിരിക്കുന്നത്. കൂടാതെ നിയമത്തിലെ 15-ാമത് അധ്യായത്തിലും മറ്റിടങ്ങളിലും പറഞ്ഞിരിക്കുന്ന പഞ്ചായത്തുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും കൂടി ഓരോ അംഗത്തിനുമുണ്ട്.

ഗ്രാമസഭയുമായി ബന്ധപ്പെട്ട ഒരു പഞ്ചായത്തംഗത്തിന്റെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ് ?

ഗ്രാമസഭാ കൺവീനർ എന്ന നിലയിൽ ഇടവേള 6 മാസത്തിൽ കവിയാതെ വർഷത്തിൽ 4 ഗ്രാമസഭ (അതായത് 3 മാസത്തിലൊരിക്കൽ) പ്രസിഡന്റുമായി ആലോചിച്ച് വിളിച്ചു കൂട്ടേണ്ടതും പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ അസാന്നിധ്യത്തിൽ ഗ്രാമസഭകളിൽ അദ്ധ്യക്ഷം വഹിക്കുക എന്നതും ഒരു പഞ്ചായത്തംഗത്തിന്റെ ഉത്തരവാദിത്തമാണ്. നിർണയിക്കപ്പെട്ട രീതിയിൽ ഗ്രാമസഭ നടത്തുക, തീരുമാനങ്ങളും നടപടിക്രമങ്ങളും കൃത്യമായി രേഖപ്പെടുത്തുക, തുടർ നടപടികൾ സ്വീകരിക്കുക എന്നിവയും ഒരു പഞ്ചായത്തംഗത്തിന്റെ കർത്തവ്യങ്ങളിൽപെടുന്നു.

വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു ഒരു പഞ്ചായത്തംഗത്തിന് എപ്രകാരമാണ് ഇടപെടാനാവുക? തങ്ങളുടെ ചുമതലകളെന്തൊക്കെയാണ് ?

മുമ്പേ സൂചിപ്പിച്ച ഇടപെടൽ അവകാശങ്ങൾ, സ്റ്റാന്റിങ് കമ്മിറ്റികളിലെ അംഗത്വം എന്നിവ കൂടാതെ പദ്ധതി ആസൂത്രണ-നിർവ്വഹണ-മോണിറ്ററിങ് പ്രവർത്തനങ്ങളുടെ ചുമതലയുള്ള വർക്കിങ് ഗ്രൂപ്പുകളുടെ അദ്ധ്യക്ഷസ്ഥാനത്ത് പഞ്ചായത്തംഗങ്ങളെയാണ് നിയമിക്കുന്നത്. കൂടാതെ സ്റ്റാന്റിങ് കമ്മിറ്റികളിലെ പോലെ എല്ലാ പഞ്ചായത്തംഗങ്ങളും ഏതെങ്കിലുമൊരു വർക്കിങ് ഗ്രൂപ്പിൽ അംഗമായിരിക്കുന്നതുമാണ്. പഞ്ചായത്തിന്റെയും സർക്കാരിന്റെയും വികസനആസൂത്രണ-നിർവ്വഹണ-മോണിറ്ററിങ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും സഹായിക്കുകയും ചെയ്യുക, കുടുംബശ്രീ, ജാഗ്രതാസമിതി, ഗുണഭോക്തൃ സമിതികൾ, വാർഡ് സമിതി തുടങ്ങിയവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സഹായിക്കുക, പഞ്ചായത്തിന്റെ വരുമാന വർദ്ധനവിന് വേണ്ട പ്രവർത്തനങ്ങളിൽ സഹായിക്കുക, വികസന പ്രൊജക്ടുകൾ വർക്കിങ് ഗ്രൂപ്പ് അടിസ്ഥാനത്തിലും സ്റ്റാന്റിങ് കമ്മിറ്റി അടിസ്ഥാനത്തിലും പഞ്ചായത്ത് ഭരണ സമിതിയിലും ചർച്ചചെയ്ത് കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുന്നുവെന്ന് ഉറപ്പു വരുത്തുക എന്നിവ ഒരേ സമയം ഒരു പഞ്ചായത്തംഗത്തിന്റെ ചുമതലയും അവകാശവുമാണ്.

ഒരു പഞ്ചായത്തംഗത്തിന്റെ ഭരണപരമായ ചുമതലകളൊന്തൊക്കെയാണ് ?

പഞ്ചായത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും അധികാരങ്ങളും സംബന്ധിച്ച് കൃത്യമായ ബോധ്യമുണ്ടായിരിക്കുകയും വിശദാംശങ്ങൾ സംബന്ധിച്ച് അറിവുണ്ടായിരിക്കുകയും ചെയ്യുക, പഞ്ചായത്തിന്റെയും താൻ അംഗമായ സ്റ്റാന്റിങ് കമ്മിറ്റിയുടെയും മറ്റ് സമിതികളുടെയും യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുക, ചർച്ചകളിൽ അഭിപ്രായം പ്രകടിപ്പിക്കുക, സെക്രട്ടറിയുടെയും മറ്റ് സ്ഥാപനമേധാവികളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സ്റ്റാറ്റ്യൂട്ടറി ചുമതലകളിൽ ഇടപെടാതിരിക്കുക, എന്നാൽ അവരുടെ ചുമതലാ നിർവ്വഹണം വിലയിരുത്തു

ുടെ അവകാശങ്ങൾ ചുമതലകൾ ഉത്തരവാദിത്തങ്ങൾ

കയും പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തുകയും ചെയ്യുക, ഔദ്യോഗിക കൃത്യങ്ങൾ ഭയാശങ്ക കൂടാതെയും മമതയോ വിദ്വേഷമോ കൂടാതെയും യഥാവിധിയായും വിശ്വസ്തതയോടെയും പരമാവധി കഴിവു പ്രയോജനപ്പെടുത്തിയും നിർവ്വഹിക്കുക, സദ്ഭരണ നിർവ്വഹണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയവ ഒരു പഞ്ചായത്തംഗത്തിന്റെ പ്രാധാന്യമേറിയ ചുമതലകളാണ്.

ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിന് നിയമം പഞ്ചായത്തംഗങ്ങൾക്കു നൽകുന്ന പ്രധാന അവകാശങ്ങളെന്തൊക്കെയാണ് ?

തങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിന്റെ ഭാഗമായി, 1995 ലെ യോഗനടപടിക്രമം ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനും പഞ്ചായത്തിന്റെ ഭരണാധികാരത്തിൽ പെടുന്ന കാര്യങ്ങൾ സംബന്ധിച്ച് പ്രസിഡന്റിനോടോ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരോടോ ചോദ്യങ്ങൾ ചോദിക്കുന്നതിനും പഞ്ചായത്തംഗങ്ങൾക്ക് അവകാശമുണ്ട്. പഞ്ചായത്തിലെ രേഖകൾ നോട്ടീസ് നൽകിക്കൊണ്ട് ഓഫീസ് സമയത്ത് പരിശോധിക്കാനും പഞ്ചായത്ത് നടത്തുന്ന ജോലികളോ പദ്ധതികളോ പരിശോധന നടത്താനും നടത്തുന്ന പണികളിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ചും പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങളെ സംബന്ധിച്ചും പൊതു പ്രാധാന്യമുള്ള മറ്റു കാര്യങ്ങളെ സംബന്ധിച്ചും പഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിക്കാനും പഞ്ചായത്തംഗങ്ങൾക്ക് അവകാശമുണ്ട്.

ഒരു പഞ്ചായത്തംഗമായി തുടരുന്നത് തടസ്സപ്പെടുത്തുന്ന സാഹചര്യങ്ങൾ എന്തൊക്കെയാണ് ?

ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തുമ്പോഴാണല്ലോ സാധാരണ അയോഗ്യത കൽപ്പിക്കപ്പെടാറുള്ളത്. പഞ്ചായത്തംഗങ്ങളുടെ കാര്യത്തിലും ഇത് ബാധകമാണ്. പഞ്ചായത്തംഗങ്ങളുടെ അയോഗ്യതയ്ക്കുള്ള കാരണങ്ങൾ കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 35, 35എന്ന വകുപ്പുകളിലും അയോഗ്യത നിർണ്ണയിക്കൽ രീതി 36-ാം വകുപ്പിലും പ്രതിപാദിക്കുന്നുണ്ട്.

പഞ്ചായത്തംഗങ്ങളുടെ അയോഗ്യതയ്ക്കുള്ള കാരണങ്ങൾ വിശദമാക്കാമോ?

തന്റെ ഉദ്യോഗകാലം ആരംഭിക്കുന്നതോ പുനരാരംഭിക്കുന്നതോ ആയ തീയതി മുതൽക്കോ താൻ ഹാജരായ ഒടുവിലത്തെ യോഗത്തിന്റെ തീയതി മുതൽക്കോ യഥാവിധി നോട്ടീസ് ലഭിച്ചിട്ടും തുടർച്ചയായി മൂന്നു മാസക്കാലം ബന്ധപ്പെട്ട പഞ്ചായത്തിന്റെ അനുവാദമില്ലാതെ പഞ്ചായത്തിന്റെയോ സ്റ്റാന്റിങ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകാതിരുന്നാൽ അത് അയോഗ്യതയ്ക്കു കാരണമാകും. ഈ കാലയളവിൽ കൂടിയിട്ടുള്ള യോഗങ്ങൾ മൂന്നിൽ കുറവാണെങ്കിൽ മേൽപ്പറഞ്ഞ തീയതിക്കു ശേഷം നടത്തിയ തുടർച്ചയായ മൂന്നു യോഗങ്ങളിൽ ഹാജരാകാതിരുന്നാലാണ് അത് അയോഗ്യതക്കു കാരണമാകുക. 1999 ലെ കൂറുമാറ്റം നിരോധിക്കൽ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുക, ഗ്രാമസഭായോഗം വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി രണ്ടുതവണ വീഴ്ച വരുത്തുക, 159-ാം വകുപ്പു പ്രകാരം ആസ്തി സംബന്ധിച്ച പ്രസ്താവം നൽകുന്നതിൽ വീഴ്ച വരുത്തുക, പാർലമെന്റിലെയോ സംസ്ഥാന നിയമസഭയിലെയോ അംഗമായിരിക്കുക, പഞ്ചായത്തിനുണ്ടായ നഷ്ടത്തിനോ പാഴാക്കലിനോ ദുർവിനിയോഗത്തിനോ ഉത്തരവാദിയായിരിക്കുക, ബന്ധപ്പെട്ട പഞ്ചായത്ത് പ്രദേശത്തിനുള്ളിലെ താമസം അവസാനിപ്പിക്കുക, സ്ഥിരബുദ്ധി ഇല്ലാത്ത ആളാണെന്ന് വിധിക്കപ്പെടുക, വിദേശ പൗരത്വം സ്വേച്ഛയാൽ ആർജ്ജിക്കുക, ഒരു തെരഞ്ഞെടുപ്പ് കുറ്റത്തിന് ശിക്ഷിക്കപ്പെടുക, അങ്ങനെയുള്ള അയോഗ്യതാകാല തീയതി മുതൽ ആറു വർഷം കഴിയാതിരിക്കുക, ഒരു നിർദ്ധനനായി വിധിക്കപ്പെടുന്നതിന് അപേക്ഷിച്ചിരിക്കുകയോ അപ്രകാരം വിധിക്കപ്പെട്ടിരിക്കുകയോ ചെയ്യുക, പഞ്ചായത്തുമായി കരാറിലേർപ്പെടുക, സർക്കാരിലേയ്ക്കോ പഞ്ചായത്തിലേയ്ക്കോ കുടിശ്ശികക്കാരനായിരിക്കുക, സർക്കാരിനു വേണ്ടിയോ പഞ്ചായത്തിനു വേണ്ടിയോ പ്രതിഫലം പറ്റുന്ന അഭിഭാഷകനായിരിക്കുക, പഞ്ചായത്തിനെതിരെ അഭിഭാഷകനായി ജോലി സ്വീകരിച്ചിരിക്കുക, വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് വിലക്കപ്പെട്ടിരിക്കുക, പഞ്ചായത്ത് രാജ് നിയമത്തിലെ മറ്റേതെങ്കിലും വകുപ്പുകൾ പ്രകാരം അയോഗ്യത കൽപ്പിക്കപ്പെടുക, 102 -ാം വകുപ്പ് പ്രകാരം തെരഞ്ഞെടുപ്പ് അസാധുവാണെന്ന് പ്രഖ്യാപിക്കപ്പെടുക എന്നീ സാഹചര്യങ്ങൾ ഒരു പഞ്ചായത്തംഗത്തിന് തന്റെ അംഗത്വം നഷ്ടപ്പെടുന്നതിന് കാരണമാകുന്നതാണ്. ■

തയ്യാറാക്കിയത്: **കെ. വിനോദ് കുമാർ**
അസിസ്റ്റന്റ് ഡിസ്ട്രിക്ട് കോർഡിനേറ്റർ
അക്ഷയകേന്ദ്രം, കാസർകോട്

ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 15

റോയ് ചാക്കോ ഇളമണ്ണൂർ

വടക്കേന്ത്യയിൽ നിന്ന് അതിശൈത്യം വിടവാങ്ങുന്ന ഫെബ്രുവരി മാസത്തോടെ തദ്ദേശീയ ടൂറിസ്റ്റുകളുടെ വരവു വർദ്ധിക്കുന്നു. എന്നാൽ വിദേശ ടൂറിസ്റ്റുകൾക്ക്, പ്രത്യേകിച്ചും അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിൽ നിന്നുള്ളവർക്ക് ഡൽഹിയിലെ കുറഞ്ഞ താപനിലയായ, അർദ്ധരാത്രിയിലെ 5 ഡിഗ്രിയൊന്നും വലിയ തണുപ്പല്ല. 50 സെന്റീമീറ്ററോളം കനത്തിൽ രാജ്യമാകെ ഡിസംബറിൽ മഞ്ഞു വീണ് നിറയുന്നിടത്തു നിന്നു വരുന്നവർക്ക് ഡൽഹിയിലെ ശൈത്യമൊന്നും ഭീഷണിയല്ല.

ഇന്ത്യയുടെ തലസ്ഥാന നഗരിയിലെത്തുന്നവർക്ക് നഗരത്തിലെല്ലായിടത്തും നിറഞ്ഞു നിൽക്കുന്ന വാഹനങ്ങൾ അവരുടെ വിനോദയാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്നില്ല. കാരണം, ഇവിടുത്തെ വിശാലമായ റോഡുകളും മെട്രോ ട്രെയിൻ സർവീസും ഡൽഹിയുടെ വലിയ നേട്ടങ്ങൾ തന്നെയാണ്. 2009ൽ ഈ നഗരത്തിൽ വാഹനാപകടങ്ങൾ മുഖേന 2325 പേർ കൊല്ലപ്പെട്ടിരുന്നു. 2272 അപകടങ്ങളാണ് ആ വർഷം ഉണ്ടായത്. എന്നാൽ 2010 ൽ വാഹന അപകടങ്ങളുടെ എണ്ണം കുറയ്ക്കുവാൻ സാധിച്ചു. എന്നിരുന്നാലും 1787 പേർ കഴിഞ്ഞവർഷം ഡൽഹിയിൽ വിവിധ വാഹനാപകടങ്ങളിൽ മരിക്കുകയുണ്ടായി.

ഫരീദാബാദ്-ബദർപൂർ ഫ്ളൈഓവർ

അഞ്ച് ദേശീയപാതകൾ കടന്നുപോകുന്ന ഡൽഹി സംസ്ഥാനത്ത് നിരവധി കൂറ്റൻ ഫ്ളൈഓവറുകൾ ഉള്ളത് ഗതാഗതത്തിന് വലിയൊരു സഹായമാണ്. മിക്കവാറുമുള്ള ഫ്ളൈഓവറുകളെല്ലാം നാലുവരി പാതകൾ ആയിരിക്കും. ഫ്ളൈഓവറിന്റെ കീഴിൽ വലതുഭാഗത്തും ഇടതുഭാഗത്തും വീതിയുള്ള റോഡുകളും കാണും. ഏറ്റവും പുതുതായി ഡൽഹിയിൽ ഉദ്ഘാടനം ചെയ്ത ഫ്ളൈഓവർ ബദർപൂരിലാണ്. ഫരീദാബാദ്-ബദർപൂർ ഫ്ളൈഓവറിന് (ഓവർബ്രിഡ്ജിന്) നാലര കിലോമീറ്ററാണ് നീളം. ആറ് വരി പാതയാണ് ഈ കൂറ്റൻ ഫ്ളൈഓവറിന് ഉള്ളത്.

പ്രൈവറ്റ് ബസുകളുടെ മത്സരയോട്ടവും മരണപ്പാച്ചിലും ഡൽഹി നഗരത്തിലെ പതിവുകാഴ്ചയാണ്. നഗരത്തിലൂടെ വേഗതയിലോടുന്ന സ്വകാര്യബസിലെ ഡ്രൈവറുടെ പ്രോത്സാഹനാർത്ഥം ‘പയ്യൻ കിളികൾ’ ഓടിക്കൊണ്ടിരിക്കുന്ന ബസിന്റെ തകരത്തിനിട്ടടിച്ചുകൊണ്ടിരിക്കുന്നതും അരോചകമെങ്കിലും ഇവിടുത്തെ പതിവുകാഴ്ചയാണ്.

ഒരു ബസിൽ ചിലപ്പോൾ രണ്ടിൽ കൂടുതൽ കിളികളും കണ്ടെന്നു വരാം. ഇക്കൂട്ടത്തിൽ 'മുട്ടേന്നു വിരിയാത്ത' പയ്യന്മാരും ഉൾപ്പെടും. ബെല്ലിനു പകരം (വണ്ടിയിൽ ബെൽ ഫിറ്റ് ചെയ്യാറില്ല) ഈ പയ്യന്മാരുടെ വായ്കൊണ്ടുള്ള നീണ്ട വിസിലടി വളരെ അരോചകമാണ്.

മിക്കവാറും എല്ലാ പ്രൈവറ്റ് ബസുകളിലും മീശ മുളക്കാത്ത കൊച്ചു പയ്യന്മാരാണ് കണ്ടക്ടർ സാറന്മാർ. ഇവർ വൃത്തിയായി വസ്ത്രധാരണം പോലും ചെയ്യാറില്ല. അടിസ്ഥാന വിദ്യാഭ്യാസം പോലുമില്ലാത്തവരാണ് ഇവരിൽ ഭൂരിഭാഗവും എന്ന് പെരുമാറ്റത്തിൽ നിന്നും തോന്നുന്നു. ഇന്ത്യൻ കറൻസി ചുരുട്ടിക്കൂട്ടി വൃത്തികേടാക്കി നശിപ്പിക്കുന്നതിൽ ഇവർ ഒരു വലിയ പങ്കുവഹിക്കുന്നുണ്ട്. പണം സൂക്ഷിക്കുവാനായി ഇവർക്ക് സഞ്ചിയോ ബാഗോ ഒന്നുമില്ല. നോട്ടുകൾ പലതായി മടക്കി വിയർപ്പും അഴുക്കും പിടിച്ച കൈവിരലുകൾക്കിടയിൽ തിരുകിവക്കയാണ് പതിവ്.

മിക്ക സ്വകാര്യ ബസുകളിലും സ്റ്റീരിയോ പാട്ടുകൾ അസഹ്യത ഉളവാക്കുന്നു. സഹിക്കാവുന്ന ശബ്ദത്തിലല്ല പാട്ടു വയ്ക്കുന്നത്. പ്രൈവറ്റ് ബസുകളിലെ സ്റ്റീരിയോകളിൽ നിന്ന് ഹിന്ദി, ഉറുദു തട്ടുപൊളിപ്പൻ പാട്ടുകൾ സദാ അലറിക്കൊണ്ടിരിക്കും.

ഒരു വണ്ടിയിൽ രണ്ട് മൂന്ന് കണ്ടക്ടർമാർ കാണും. രണ്ടു വാതില്ക്കലും ഓരോ കിളിയും കാണും. ഇതെല്ലാം കൂടാതെ കുറേ സ്റ്റെപ്പിനികളും. ചില സ്റ്റെപ്പിനികൾ ഡ്രൈവറോടൊപ്പമിരുന്നു വിലസുന്നതു കാണാം. ഡ്രൈവറുടെ സീറ്റിനരികിലുള്ള വാതിലിൽ ചില 'സ്റ്റെപ്പിനി'കൾ ഇരുന്ന് അപകടകരമായി യാത്രചെയ്യുന്നതു കാണാം. അവർക്കതൊക്കെ ഒരു 'ഷൈനിംഗ്' ആണ്. വിവേകമുള്ളവന്റെ ദൃഷ്ടിയിൽ വിഢ്ഢിയുടെ കോമാളിത്തരവും.

എല്ലാ പ്രൈവറ്റ് ബസുകളിലും റൂട്ട് നമ്പരുകൾ കൂടാതെ ബസ് യാത്ര പുറപ്പെടുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളുടെ പേരുകൾ സ്ഥിരമായി എഴുതിവച്ചിട്ടുണ്ട്. അതിനാൽ എവിടെ നിന്ന് എങ്ങോട്ടാണ് പോകുന്നതെന്ന് അറിയാൻ സാധിക്കില്ല. ഉദാഹരണമായി 'മോറിഗേറ്റ്- ലോധികോളനി' എന്ന് ബസിന്റെ ഗ്ലാസ്സിൽ എഴുതി വച്ചിരിക്കുന്നതു കണ്ടാൽ ഇത് ലോധികോളനിയിലേക്കാണോ മോറി ഗേറ്റിലേക്കാണോ പോകുന്നത് എന്ന് കിളിയോടു ചോദിച്ചറിയേണ്ടിയിരിക്കുന്നു. ബസ് കടന്നുപോകുന്ന സ്ഥലത്തിന്റെയെല്ലാം പേരുകൾ ഒറ്റ ശ്വാസത്തിൽ അവ്യക്തമായി കിളിപ്പയ്യൻ അത്യുച്ചത്തിൽ വിളിച്ചു പറയുമെങ്കിലും അപരിചിതന് ആ ഉച്ചാരണം ഒന്നും മനസ്സിലാകില്ല. സ്വകാര്യ ബസുകളിൽ, റൂട്ടിൽ ഇടയ്ക്കുള്ള സ്ഥലങ്ങൾ ഗ്ലാസിൽ എഴുതി വച്ചിരിക്കുന്നത് അപരിചിതർക്ക് ഒരാശ്വാസമാണ്.

ഡൽഹിയിലെ ബസുകളുടെ റൂട്ട് നമ്പരുകളാണ് അവിടെ സന്ദർശകരായെത്തുന്നവരും യാത്രയ്ക്കായി പഠിച്ചുവയ്ക്കുന്നത്. 620 എന്ന നമ്പർ ഉള്ള വണ്ടികൾ 'മുനീർകാ' (ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി കാംപസിനു സമീപമുള്ള സ്ഥലം) എന്ന സ്ഥലത്തുകൂടി പോകുന്നതാണെന്നിരിക്കട്ടെ. ഡൽഹിയിൽ എവിടെ നിന്നായാലും 620 എന്ന റൂട്ട് നമ്പരുള്ള ബസിൽ കയറിയാൽ മുനീർകയിലെത്താം. അത് 50 കിലോമീറ്റർ അകലെ നിന്നായാലും ആ ബസ് പല വഴി ഓടി മുനീർകാ വഴി കടന്നുപോയിരിക്കും. അപ്രകാരമൊരു റൂട്ട് നമ്പർ ക്രമീകരണമാണ് ഡൽഹിയിൽ വർഷങ്ങളായിട്ടുള്ളത്. ചില ബസുകൾക്ക് പ്ലസ്(+), മൈനസ് (-) ചിഹ്നങ്ങൾ ഉണ്ടാകും. ഈ വണ്ടികൾ റിംഗ് റോഡിലൂടെ ഓടുന്നവയാണ്. 'ബാഹർ +' 'ബാഹർ-' ചിഹ്നമുള്ള ബസുകൾ ഔട്ടർ റോഡിലൂടെ ഓടുന്നവയാണ്. റിംഗ് റോഡിലെ ഒരു ദിശയിലൂടെ ഓടുന്നവയ്ക്ക് + ചിഹ്നവും മറു ദിശയിലൂടെ ഓടുന്നവയ്ക്ക് '–' ചിഹ്നവും കൊടുക്കും.

ഇന്ത്യയിലെ മറ്റു നഗരങ്ങളിലെങ്ങുമില്ലാത്ത വലിയ രണ്ട് റിങ്റോഡുകൾ ഡൽഹി നഗരത്തിലുണ്ട്. അതായത് ഒരു സ്ഥലത്തുനിന്നാരംഭിക്കുന്ന റോഡ് പല സ്ഥലങ്ങളിലൂടെ കറങ്ങി ആരംഭിച്ച സ്ഥലത്തുതന്നെ എത്തുന്ന രീതിയിൽ പണിതിരിക്കുന്നു. ഇതിനെന്താണിത്ര പ്രത്യേകത, ഇതെല്ലായിടത്തുമുണ്ടല്ലോ എന്ന് ഒരു പക്ഷേ വായനക്കാർക്കിപ്പോൾ തോന്നാം. ഒരു സ്ഥലത്തുനിന്നു യാത്ര പുറപ്പെട്ടാൽ പല റോഡുകളിലൂടെ യാത്രചെയ്ത് യാത്ര പുറപ്പെട്ടിടത്ത് നമുക്കുമെത്താം. അതു വേറെ കാര്യം. ഇത് അപ്രകാരമല്ല. വിശാലമായ ഒരു റോഡ് കിലോമീറ്ററുകളോളം ദൂരത്തിൽ വൃത്താകൃതിയിൽ നിർമ്മിച്ചിരിക്കുകയാണ്. ഡൽഹിയിലെ ഔട്ടർ റിങ് റോഡ് ഒന്നു കറങ്ങി വരാൻ ബസിൽ നാലര മണിക്കൂർ യാത്ര ചെയ്യണം. നമ്മൾ എവിടെ നിന്നാണോ കയറുന്നത്, ആ സ്ഥലത്തേക്കു തന്നെ ബസിൽ ടിക്കറ്റ് കിട്ടും എന്നത് മറ്റൊരു പ്രത്യേകതയാണ്.

ആദ്യകാലത്ത് ഒരു റിങ്റോഡ് മാത്രമേ ഡൽഹിയിലുണ്ടായിരുന്നുള്ളൂ. ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ആർ.കെ. പുരം എന്നിങ്ങനെ ഡൽഹിയുടെ ഹൃദയഭാഗത്തുകൂടിയുള്ള റിങ് റോഡായിരുന്നു അത്. ഇന്ത്യയിലെ ഏറ്റവും വലിയ പഴം-പച്ചക്കറി ചന്ത ഡൽഹിയിലെ 'ആസാദ്പൂർ' എന്ന സ്ഥലത്താണ്. ഇത് ഏഷ്യയിലെ ഏറ്റവും

വലിയ ചന്തയാണെന്നും പറയപ്പെടുന്നു. ഇന്നർ റിങ് റോഡ് ബസുകൾ എല്ലാം ആസാദ് പൂരിലൂടെയും കടന്നുപോകും. ഡൽഹിയുടെ അതിർത്തിപട്ടണങ്ങളിലൂടെ ഒക്കെ കടന്നുപോകുന്ന ഔട്ടർ റിങ് റോഡ് ഈ അടുത്ത കാലത്താണ് നിർമ്മിച്ചത്. ഈ രണ്ട് റിങ് റോഡുകളും സംഗമിക്കുന്ന സ്ഥലമാണ് നിസാമുദ്ദീൻ. ഡൽഹിയുടെ തെക്കേ അറ്റത്തെ ഒരു പട്ടണമായ അംബേദ്കർ നഗർ (സാകേത്, പുഷ്പ വിഹാർ എന്നീ വലിയ റെസിഡെൻഷ്യൽ മേഖലകൾക്കു സമീപം), പടിഞ്ഞാറു ഭാഗത്തെ പട്ടണമായ ജനക്പുരി ഉത്തംനഗർ തുടങ്ങിയ സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന ഔട്ടർ റിങ് റോഡ് ആനന്ദ വിഹാർ വഴി ഇന്റർ സ്റ്റേറ്റ് ബസ് ടെർമിനലിലെത്തും. മറ്റുള്ള സംസ്ഥാനങ്ങളിലേക്കുള്ള ബസുകൾ പുറപ്പെടുന്ന സ്ഥലമാണിത്.

ഡൽഹി നഗരം കാണാനെത്തുന്നവർ തീർച്ചയായും ഔട്ടർ റിംങ് റോഡിലൂടെ ഒരു യാത്ര നടത്തേണ്ടതാണ്. ബഹുനിലമന്ദിരങ്ങളും ആധുനിക റോഡുകളും പോഷ് ജീവിതവും മാത്രമല്ല ഡൽഹിയിലുള്ളതെന്ന് ആ കാഴ്ച നമ്മെ കാട്ടിത്തരും. ആകെയുള്ള നാലരമണിക്കൂർ യാത്രയിൽ 2 മണിക്കൂർ ചേരിപ്രദേശങ്ങളിലൂടെയായിരിക്കും കടന്നുപോകുക. വലിയ ദുർഗന്ധവും അസഹനീയമായ പൊടിയും ഒക്കെ സഹിച്ച്, ഡൽഹിയുടെ ജീവിതമറിയാനുള്ള ഈ യാത്ര ദുരിതപൂർണ്ണമാണെങ്കിലും ഈ മഹാനഗരത്തിന്റെ മറ്റൊരു മുഖം നമുക്ക് കാട്ടിത്തരും. പൊടിയിൽ നിന്നും ദുർഗന്ധത്തിൽ നിന്നും രക്ഷനേടാൻ ഇതുവഴിയുള്ള എ.സി. ലോ ഫ്ളോർ ബസിൽ യാത്ര ചെയ്താൽ മതിയാകും. 10, 15, 20, 25 നിരക്കുകളിലാണ് ടിക്കറ്റ്. നോൺ

ഏ.സി. ബസിലെ ടിക്കറ്റ് നിരക്കിനെക്കാൾ 5 രൂപയേ കൂടുതലായുള്ളൂ. ഡൽഹിയിൽ ഏറ്റവും കുറഞ്ഞ ബസ് ടിക്കറ്റ് നിരക്ക് 5 രൂപയാണ്.

മത്സ്യത്തിന്റെ മൊത്ത വ്യാപാരകേന്ദ്രമായ ഗാസിപൂർ ഫിഷ് മാർക്കറ്റ് കഴിഞ്ഞാൽ കിലോമീറ്ററുകളോളം ദൂരത്തിൽ നഗരത്തിലെ മാലിന്യങ്ങൾ കൊണ്ടിടുന്ന മേഖലകൾ കാണാം. ഒരു ദുരന്തഭൂമിപോലെ തോന്നും. വർഷങ്ങളായി വെയ്സ്റ്റ് കൊണ്ടിട്ട് രൂപാന്തരപ്പെട്ട ചെറിയ നിരവധി കുന്നുകൾ മൈലുകളോളം നീളവും വീതിയുള്ള മാലിന്യ കുന്നുകൾ കാണാം.

ധാരാളം ചേരിപ്രദേശങ്ങളിലൂടെയാണ് ബസ് കടന്നുപോകുന്നത്. ഈ ചേരികൾക്കിടയിലുള്ള വലിയ അഴുക്കുചാലുകളിൽ (കേരളത്തിലെ ഒരു ചെറിയ പുഴയുടെ വീതിയുള്ളവയാണിവ) ആഴ്ചയിൽ മൂന്നാലു മൃതദേഹങ്ങൾ കാണാറുണ്ടെന്ന് റിപ്പോർട്ടുകളുണ്ട്. ചില വിഭാഗങ്ങൾക്കിടയിലുള്ള ശത്രുത, അവർ തമ്മിലുള്ള അടി എന്നിവയൊക്കെ കൊലപാതകത്തിൽ കലാശിക്കുന്നു. സൈക്കിൾ റിക്ഷാക്കാർ തമ്മിലടിച്ചാൽ "ഒരാളുടെ ശവം ഓടയിൽ പൊങ്ങും" എന്ന് ഡൽഹിയിൽ ചിലർ പറയാറുണ്ട്. നഗരത്തിലെ പല പ്രദേശങ്ങളിലും ഇപ്പോഴും സൈക്കിൾ റിക്ഷയുണ്ട്. പുതിയ ഡൽഹിയായ (ന്യൂഡൽഹി) തെക്കൻ മേഖലയിൽ സൈക്കിൾ റിക്ഷകൾക്ക് നിരോധനമുണ്ട്. എന്നാൽ പഴയ ഡൽഹിയിലും ജനക്പുരി, ഉത്തംനഗർ, മയൂർ വിഹാർ തുടങ്ങിയ പട്ടണങ്ങളിലെല്ലാം റോഡുനിറയെ സൈക്കിൾ റിക്ഷകളുണ്ട്. ഇപ്പോൾ 10 രൂപയാണ് സൈക്കിൾ റിക്ഷയിൽ ഏറ്റവും കുറഞ്ഞ കൂലി. ഒന്നും രണ്ടും കിലോമീറ്റർ യാത്ര ചെയ്യാൻ സാധാരണക്കാർക്ക് പ്രിയപ്പെട്ട വാഹനമാണ് സൈക്കിൾ റിക്ഷകൾ. വലിയ കയറ്റമുള്ള റോഡുകൾ ഇല്ലാത്തതിനാൽ റിക്ഷാക്കാർക്ക് വലിയ ക്ലേശമില്ലാതെ സൈക്കിൾ ചവിട്ടാം. എന്നിരുന്നാലും രണ്ട് മൂന്നുപേരെ ഇരുത്തി കഷ്ടപ്പെട്ട് ഒരു സാധുവായ സൈക്കിൾ റിക്ഷാക്കാരൻ സൈക്കിൾ ചവിട്ടി വിയർക്കുന്നതും അണയ്ക്കുന്നതും കാണുമ്പോൾ സൈക്കിൾ റിക്ഷയിൽ കയറുവാൻ സഹാനുഭൂതിയുള്ളവർക്ക് തോന്നുകയില്ല. ഈ നഗരത്തിൽ ആർക്കും ആരോടും സഹാനുഭൂതിയൊന്നുമില്ലാത്തതിനാൽ തിരക്കേറിയ റോഡിലൂടെ രണ്ടുംമൂന്നും പേരെ ഇരുത്തി സൈക്കിൾ റിക്ഷാക്കാർ റിക്ഷാ ചവിട്ടുന്നതു കാണാം.■

(തുടരും)

ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം

പേജ് 15ൽ നിന്ന്

പ്രസവപൂർവ-പ്രസവാനന്തരശുശ്രൂഷകൾ, പ്രതിരോധ കുത്തിവയ്പുകൾ, സാംക്രമികരോഗ നിയന്ത്രണം തുടങ്ങിയ സേവനങ്ങൾ ഈ ക്യാമ്പുകളിൽ ലഭ്യമാണ്. കൂടാതെ ആരോഗ്യകേരളത്തിന്റെ സഹായത്തോടെ സ്ഥിരം മെഡിക്കൽ ക്യാമ്പുകൾ, സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു. വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസിപ്രദേശങ്ങളിൽ സിക്കിൾ സെൽ രോഗത്തിനെതിരെ സമഗ്രചികിത്സാപദ്ധതി ആദിവാസി ആരോഗ്യപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി. കോട്ടത്തറ, നല്ലൂർനാട് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും അത്യാധുനിക ഉപകരണങ്ങളും മികച്ച ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കി.

പ്രതിരോധ ചികിത്സ

പ്രതിരോധ ചികിത്സയുടെ കാര്യത്തിൽ മുൻപന്തിയിലായിരുന്ന നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ഒന്നു രണ്ടു വർഷങ്ങളിൽ രോഗപ്രതിരോധ വാക്സിനേഷൻ എടുക്കുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുരേഖപ്പെടുത്തി കാണുന്നു. ഇത് കണക്കിലെടുത്ത് ഈ മേഖലയിൽ നാം ഇതിനകം കൈവരിച്ച നേട്ടം നിലനിർത്തുന്നതിനും കൂടുതൽ മുന്നേറുന്നതിനും വിവിധ കർമ്മപരിപാടികൾ ആവിഷ്കരിച്ചു. മെഡിക്കൽ ഓഫീസർമാർ ഇല്ലാതെയുള്ള ഇമ്മ്യൂണൈസേഷൻ ക്യാമ്പുകൾ, സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ജനവിഭാഗങ്ങളിലെത്തിപ്പെടാനായി കൂടുതൽ ക്യാമ്പുകൾ, പ്രാദേശികബോധവത്കരണപരിപാടികൾ, മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ജെ.പി.എച്ച്.എൻമാർക്ക് പുരസ്കാരങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. എല്ലാ വർഷവും ഒക്ടോബർ മാസം പ്രതിരോധ കുത്തിവയ്പ് മാസമായി സംസ്ഥാനം ആചരിക്കുന്നു.വാർഡുതല ആരോഗ്യ-പോഷകദിനാചരണങ്ങളിലൂടെയും ആശമാരുടെയും അംഗൻവാടി പ്രവർത്തകരുടെയും സഹായത്തോടെയും പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആരോഗ്യസ്ഥാപനങ്ങളുടെ ഉന്നമനം

എല്ലാ സി.എച്ച്.സികളുടെയും തെരഞ്ഞെടുത്ത ജനറൽ/ ജില്ലാ/ താലൂക്ക്/ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇവയുടേയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെയും നിലവാരം ഉയർത്തുക എന്നത് എൻ.ആർ.എച്ച്.എമ്മിന്റെ അടിസ്ഥാന സൗകര്യ വികസന പ്രക്രിയയിലെ മുഖ്യ ഇനമാണ്. പ്രാരംഭ ഘട്ടത്തിൽ ഐ.പി.എച്ച്.എസ്സിന്റെ (ഇന്ത്യൻ പൊതുജനാരോഗ്യ മാനദണ്ഡം) മാർഗ്ഗനിർദ്ദേശമനുസരിച്ച് നൂറ്റിപതിനഞ്ച് സി.എച്ച്.സികളെ ഇതിനായി തിരഞ്ഞെടുത്തു. ഒട്ടുമിക്ക സി.എച്ച്.സികളിലും ഇതിന്റെ പ്രവർത്തനം പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റ് ആരോഗ്യസ്ഥാപനങ്ങളിലെ നിലവാരം ഉയർത്തൽപ്രക്രിയ സമയബന്ധിതമായി പുരോഗമിച്ചു വരുന്നു. സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 110 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തു. ഇതിൽ 101 സ്ഥാപനങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ചു. വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ ബയോമെഡിക്കൽ ഉപകരണങ്ങളും ഫർണിച്ചറുകളും വിതരണം ചെയ്തു. കോഴിക്കോട് മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ പുതിയ ബ്ലോക്കുകളുടെ നിർമ്മാണവും പഴയ ബ്ലോക്കുകളുടെ നവീകരണവും നടപ്പിലാക്കി.

സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്തൽ

NABH ന്റെ (National Accreditation Board for Hospitals) അംഗീകാരത്തിലൂടെ സർക്കാർ ആശുപത്രികളിൽ ഉയർന്ന നിലവാരമുള്ള ആരോഗ്യപരിചരണ സംവിധാനം ഉറപ്പാക്കുന്നതിനായി ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ നേതൃത്വത്തിൽ കേരള സർക്കാർ വെല്ലുവിളികൾ നിറഞ്ഞ ഒരു നീക്കത്തിനു തുടക്കം കുറിച്ചു. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ കീഴിലുള്ള NABHന്റെ അംഗീകാരം നേടുന്നതിനുള്ള പ്രക്രിയയിലാണ് കേരളത്തിലെ 14 പ്രമുഖ സർക്കാർ ആശുപത്രികൾ. എറണാകുളം ജനറൽ ആശുപത്രിയും ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയും അന്തിമ നിർണ്ണയം കഴിഞ്ഞ് അംഗീകാരത്തിനായി കാത്തിരിക്കുകയാണ്. കോഴിക്കോട്ടെയും തിരുവനന്തപുരത്ത് തൈക്കാട്ടെയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ പ്രാഥമിക നിർണ്ണയം പൂർത്തീകരിച്ച് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അന്തിമനിർണ്ണയത്തിനായി തയ്യാറായിക്കഴിഞ്ഞു. സംസ്ഥാനത്ത് ഗുണനിലവാര നിർണ്ണയപരിപാടി നടപ്പാക്കിയതിലൂടെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, സേവന നിലവാരം എന്നിവയിൽ കാര്യമായ പുരോഗതി ഉണ്ടായി.■

ലേഖകൻ ആരോഗ്യകേരളം സംസ്ഥാന മിഷൻ ഡയറക്ടറാണ്.

അജിത് വെണ്ണിയൂർ

അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷം

ജൈവചിന്തയുടെ സ്ഫുലിംഗങ്ങൾ

ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്ത അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷത്തിന്റെ അവസാനത്തെ അഞ്ചുനാളുകളിൽ രാജ്യമെങ്ങും നിന്നുള്ള പരിസ്ഥിതി പ്രേമികൾ ആശങ്കകളും ആശയങ്ങളും പങ്കുവച്ച പ്രഥമ ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിന് സാക്ഷ്യം വഹിച്ചുകൊണ്ടാണ് കേരളത്തിന്റെ തലസ്ഥാനനഗരിയിൽ 2010 വിടവാങ്ങിയത്.

ആഗോളതാപനത്തിന്റേയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും കൊടും കെടുതികളിൽ ലോകവും ഇന്ത്യയും ആശങ്കയുടെ മുൾമുനയിലെത്തി നിൽക്കുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ പകച്ചു നില്ക്കുന്ന സമൂഹത്തിനുമുന്നിൽ ജൈവചിന്തയുടെ സ്ഫുലിംഗങ്ങൾ വിതറിയ ജൈവവൈവിധ്യ കോൺഗ്രസ്സ് ഭാവി ഭാരതത്തെക്കുറിച്ചുള്ള പ്രത്യാശകൾക്ക് നിറം പകർന്നു.

"തങ്ങളുടെ ദൗത്യത്തിൽ അടിയുറച്ച വിശ്വാസവും അതു നിറവേറ്റുന്നതിൽ തികഞ്ഞ അർപ്പണ ബോധവുമുള്ള ഒരു ചെറുസംഘം മനസ്സുവച്ചാൽ ചരിത്രത്തിന്റെ ഗതി തന്നെ തിരുത്തിക്കുറിക്കാനാവും" എന്ന മഹാത്മാഗാന്ധിയുടെ പ്രത്യാശാനിർഭരമായ വാക്കുകൾ ഉദ്ധരിച്ച് ഐക്യരാഷ്ട്രസഭയുടെ 'കൺവെൻഷൻ ഓൺ ബയോളജിക്കൽ ഡൈവേഴ്സിറ്റി'യുടെ എക്സിക്യൂട്ടീവ് സെക്രട്ടറി അഹമ്മദ് ജോഘ്ലഫ് അയച്ച ആശംസാസന്ദേശം വായിച്ചുകൊണ്ടാണ് അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷത്തിൽ ഇന്ത്യയിൽ നടന്ന ഏക ദേശീയ കോൺഗ്രസിൽ പരിചിന്തനങ്ങളുടെ തിരിതെളിഞ്ഞത്.

ജൈവവൈവിധ്യ വർഷാചരണത്തിൽ ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ പങ്കാളിയായ സെന്റർ ഫോർ ഇന്നൊവേഷൻ ഇൻ സയൻസ് ആൻഡ് സോഷ്യൽ ആക്ഷൻ (സിസ) മുൻകൈയെടുത്ത് കേരള ജൈവവൈവിധ്യ ബോർഡ്, ദേശീയ ജൈവവൈവിധ്യ അതോറിറ്റി, കേരള സർവകലാശാല, നവധാന്യ എന്നിവയുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച ജൈവവൈവിധ്യ കോൺഗ്രസ്, വിഷയവൈവിധ്യം കൊണ്ടും വിപുലമായ പങ്കാളിത്തം കൊണ്ടും ദേശീയ ശ്രദ്ധ പിടിച്ചുപറ്റി.

വിജ്ഞാനവും വിനോദവും പകർന്ന പ്രദർശനം

തിരുവനന്തപുരം നഗരഹൃദയത്തിലെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നൂറ്റമ്പതിൽപ്പരം സ്റ്റാളുകളിൽ അണിയിച്ചൊരുക്കിയ ദേശീയ ജൈവവൈവിധ്യ പ്രദർശനമായിരുന്നു പരിപാടിയിൽ ജനശ്രദ്ധ നേടിയ ഒരിനം. ജൈവവൈവിധ്യ രംഗത്തെ പ്രധാനപ്പെട്ട എല്ലാ സർക്കാർ-അർധസർക്കാർ സ്ഥാപനങ്ങളും സംഘടനകളും വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളും

2010 International Year of Biodiversity

തിരുവനന്തപുരത്ത് നടന്ന ദേശീയ ജൈവ വൈവിധ്യ കോൺഗ്രസ് പരിസ്ഥിതി പ്രവർത്തകയും ശാസ്ത്രജ്ഞയുമായ ഡോ. വന്ദനശിവ ഉദ്ഘാടനം ചെയ്യുന്നു.

അവരുടെ അറിവും ആശയങ്ങളും പ്രദർശനശാലയിൽ പൊതുജനങ്ങളുമായി പങ്കുവച്ചു.

പുരാതന ആയുർവേദ ഗ്രന്ഥമായ ചരകസംഹിതയിൽ വിവരിക്കുന്ന അഞ്ഞൂറോളം ഔഷധസസ്യങ്ങൾ, പശ്ചിമഘട്ടങ്ങളിലും മലബാറിന്റെ ചിലപ്രദേശങ്ങളിലും മാത്രം കാണപ്പെടുന്ന അപൂർവയിനം ജലസസ്യങ്ങൾ, സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നു ശേഖരിച്ച കരകൗശല ഉല്പന്നങ്ങൾ, പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന തവളകളും ഇഴജന്തുക്കളും, ഇന്ത്യൻ നാഷണൽ മ്യൂസിയത്തിന്റെ പെയിന്റിംഗ് പരമ്പര, കപ്പയുടെ വിവിധഭാഗങ്ങളുടെ ഉപയോഗങ്ങൾ വിവരിക്കുന്ന സി.എസ്.ഐ. ആർ.സ്റ്റാൾ, പരമ്പരാഗത കൃഷിസമ്പ്രദായങ്ങളും കാർഷിക-ഗൃഹോപകരണങ്ങളും, ജൈവവൈവിധ്യത്തിന്റെ അപൂർവ ചാരുതകൾ ഒപ്പിയെടുത്ത ലോക പ്രശസ്ത ഫോട്ടോഗ്രാഫർമാരുടെ ഫോട്ടോകൾ, വംശനാശം നേരിടുന്ന സസ്യ-പക്ഷി-മൃഗാദികളെക്കുറിച്ചുള്ള സചിത്രവിവരണങ്ങൾ, കേരളത്തിന്റെ തനതുരുചികൾ വിളമ്പിയ നാടൻ ഭക്ഷ്യമേള എന്നിവ പ്രദർശനത്തെ വൈവിധ്യ സമ്പന്നമാക്കി.

പ്രകൃതിയുടെ സൗന്ദര്യരഹസ്യങ്ങൾ

ഒപ്പിയെടുത്ത ലോകോത്തര നിലവാരമുള്ള ഡോക്യുമെന്ററി ചലച്ചിത്രങ്ങളുടെ പ്രദർശനമായിരുന്നു ജൈവവൈവിധ്യ കോൺഗ്രസിൽ ജനശ്രദ്ധ നേടിയ മറ്റൊരു ഇനം.

ആശങ്കകൾ ആധിപത്യം നേടിയ ആഴമേറിയ ചർച്ചകൾ

ശാസ്ത്ര-പരിസ്ഥിതി മേഖലകളിൽ ദേശീയ-അന്തർദേശീയ തലത്തിൽ പ്രഗത്ഭരും പ്രശസ്തരുമായ ഒട്ടനേകം പേർ നേതൃത്വം നൽകിയ സെമിനാറുകൾ ഉള്ളടക്കം കൊണ്ടും വൈവിധ്യം കൊണ്ടും തികച്ചും ദേശീയ നിലവാരം പുലർത്തി.

ജൈവവൈവിധ്യ മേഖലയിൽ ഗാന്ധിയൻ സമരമുറകളിലൂടെ അന്തർദേശീയ-ദേശീയ കുത്തകകൾക്കെതിരെ പോരാടുന്ന ശാസ്ത്രജ്ഞ ഡോ. വന്ദനശിവയാണ് സെമിനാർ പരമ്പര ഉദ്ഘാടനം ചെയ്തത്. ജൈവവൈവിധ്യം ഉപയോഗിച്ചു തീർക്കുകയല്ല വേണ്ടത്, ഉപയോഗിക്കുന്നതിനൊപ്പം ഉല്പാദിപ്പിക്കുക കൂടി വേണമെന്ന വാദഗതിയാണ് അവർ ഉദ്ഘാടന പ്രസംഗത്തിൽ ഉന്നയിച്ചത്. “സ്വരാജ്, സ്വദേശി എന്നിവ കൊണ്ട് ഗാന്ധിജി അർഥമാക്കിയത് അതാണ്”, അവർ കൂട്ടിച്ചേർത്തു.

ഡോ. ആശിഷ് കോത്താരി, കാർത്തികേയ സാരാഭായ്, ഡോ.എൻ. എസ്. ഹെഡ്ജ്, ഡോ. രാമൻസുകുമാർ, ഡോ. ഓം.പി. രജൗറ, ഡോ. നന്ദിത കൃഷ്ണ, പ്രൊഫ. എം. കെ. പ്രസാദ്, കെ. ശർമ, ഡോ. പി.കെ. പുഷ്പാംഗദൻ, ഡോ. എം.പി. നായർ, ഡോ. സി.കെ. പീതാംബരൻ, ഡോ. വി.എസ്. വിജയൻ, ഡോ. എച്ച്.എസ്. യാഹ, ഡോ. എൻ. ഗോപാലകൃഷ്ണൻ, ഡോ. ആർ.വി. വർമ, ഡോ. ജി.ജി. ഗംഗാധരൻ, ഡോ. എ. ബിജുകുമാർ, ഡോ. സുരേഷ്കുമാർ തുടങ്ങി വിവിധമേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്ത ശാസ്ത്രജ്ഞരും ധനമന്ത്രി ഡോ. തോമസ് ഐസക്, വനം മന്ത്രി ബിനോയ് വിശ്വം, സുഗതകുമാരി മുതലായ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രവർത്തകരും ജൈവ വൈവിധ്യകോൺഗ്രസ്സിന്റെ വിവിധവേദികളെ സമ്പന്നമാക്കി.

25 സംസ്ഥാനങ്ങളിൽ നിന്നുള്ള 750 പ്രതിനിധികൾ പങ്കെടുത്ത സെമിനാറുകളിൽ 86 പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പുറമേ പോസ്റ്റർ പ്രദർശനങ്ങളും.

സമീപഭാവിയിൽ രാജ്യം നേരിടേണ്ടി വരുന്ന ഏറ്റവും വലിയ ആഭ്യന്തര ഭീഷണി ജൈവവൈവിധ്യത്തിന്റെ നാശമായിരിക്കുമെന്ന മുന്നറിയിപ്പോടെയാണ് തിരുവനന്തപുരത്ത് നടന്ന അഞ്ചുനാളത്തെ ദേശീയ ജൈവവൈവിധ്യ കോൺഗ്രസ് കൊടിയിറങ്ങിയത്.

പ്രകൃതിയിൽ നിന്നുള്ള ഉല്പന്നങ്ങളുടേയും അറിവുകളുടേയും മേൽ സ്വതന്ത്രാവകാശം നേടുന്നതിലൂടെ മാത്രമേ ഈ ഭീഷണിയെ നേരിടാനാവൂ എന്നാണ് സമ്മേളനങ്ങളിൽ ഉയർന്നു വന്ന അഭിപ്രായം.

സമ്പന്നമായ കാർഷിക സംസ്കാരം മറ്റേതു രാജ്യത്തേക്കാളും ഇന്ത്യക്കു അവകാശപ്പെടാനാകും. രാസവളവും കീടനാശിനികളും ഉപയോഗിച്ചു തുടങ്ങുന്നതിനുമുമ്പുള്ള പരമ്പരാഗതമായ അറിവുകളിലൂടെ മണ്ണിനും മനുഷ്യനു മിണങ്ങിയ കൃഷിരീതികൾ വീണ്ടെടുക്കാൻ ബോധപൂർവമായ ശ്രമം വേണം. ജൈവകൃഷിയിൽ എല്ലാം ചാക്രികമായതിനാൽ മാലിന്യമോ അതുമൂലം പ്രകൃതിക്ക് ദോഷമോ ഉണ്ടാകുന്നില്ല. എന്നാൽ വൻകിട കുത്തക കമ്പനികൾ ഇന്ത്യൻ കാർഷിക രംഗത്ത് കടന്നുകയറി നമ്മുടെ പൈതൃക സമ്പത്തിനേയും സംസ്കാരത്തേയും പിഴുതെറിയുകയാണ്. സാമ്പത്തിക ലാഭവും വിപണിയിലെ ആധിപത്യവും മാത്രമാണ് അവരുടെ ലക്ഷ്യം. അതിന് അറിഞ്ഞോ അറിയാതെയോ നാം കൂട്ടുനില്ക്കുന്നു. എന്താണിതിന് പരിഹാരം?

ജൈവവൈവിധ്യ കോൺഗ്രസ്സിൽ ഏകസ്വരത്തിൽ ഉയർന്നു കേട്ട ഒരു നിർദേശം ഇതാണ്:

“കർഷകരെ യുക്തിയോടും ബുദ്ധിയോടും കൂടി ചിന്തിക്കാനും പ്രവർത്തിക്കാനും അനുവദിക്കുക. ഭക്ഷ്യോല്പാദനവും വിതരണവും പ്രാദേശികവൽക്കരിക്കുക”.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ചെയർമാനായിരുന്നു ഡോ. വി.എസ്. വിജയൻ കണക്കുകൾ നിരത്തി അക്കാര്യം സമർത്ഥിച്ചു.

"ജൈവവൈവിധ്യവും വികസന മാതൃകകളും" എന്ന വിഷയത്തെ അധികരിച്ച് പ്രൊഫ. എം. കെ. പ്രസാദിന്റെ അധ്യക്ഷതയിൽ നടന്ന സെമിനാർ നമ്മുടെ തെറ്റായ ഭൂവിനിയോഗ നയം വിളിച്ചു വരുത്തുന്ന വിപത്തുകളിലേക്കാണ് വിരൽ ചൂണ്ടിയത്.

അശാസ്ത്രീയമായ വികസന മാതൃകകൾ ജൈവവൈവിധ്യത്തിനേല്പിക്കുന്ന ആഘാതങ്ങളെക്കുറിച്ച് നാമിനിയും ഗൗരവത്തോടെ ചിന്തിച്ചു തുടങ്ങിയിട്ടില്ല എന്ന് സെമിനാർ വിലയിരുത്തി. "ഭൂമിയുടെ ഉപയോഗത്തെക്കുറിച്ച് കൃത്യമായ ധാരണ മനുഷ്യർക്കുണ്ടാകണം. സംസ്കാരങ്ങൾ പടർന്നുപന്തലിച്ചത് ഭൂമിയുടെ സവിശേഷതകളെ വേണ്ടുവോളം ഉപയോഗപ്പെടുത്തിയാണ്. അതിനാൽ സംസ്കാരങ്ങളുടെ നിലനില്പിന് ശരിയായ ഭൂവിനിയോഗ പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളായ വായു, വെള്ളം, ഭക്ഷണം, പാർപ്പിടം എന്നിവ പ്രദാനം ചെയ്യാനുള്ള കെല്പ് നശിപ്പിക്കാതെയുള്ള ഭൂവിനിയോഗ രീതിയാണ് സ്വീകരിക്കേണ്ടത്. ജൈവസമ്പത്തിന്റെ ശാസ്ത്രീയവും വിവേകപൂർവകവുമായ ഉപയോഗത്തിലൂടെ മാത്രമേ ജൈവവൈവിധ്യ സംരക്ഷണം സാധ്യമാകൂ" - സെമിനാർ അഭിപ്രായപ്പെട്ടു.

"പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ എല്ലാ മേഖലകളിലേയും വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം എന്നിവയിൽ ജൈവവൈവിധ്യ സംരക്ഷണവും അവയുടെ സുസ്ഥിര ഉപയോഗവും അനിവാര്യഘടകമായി ഉൾപ്പെടുത്തണമെന്നതാണ് ജൈവവൈവിധ്യ കോൺഗ്രസ്സിൽ പൗരസംഘടനാ പ്രതിനിധികളുടെ ഭാഗത്തുനിന്നുയർന്ന പ്രധാന നിർദേശം. മറ്റുപ്രധാന പ്രമേയങ്ങൾ ചുവടെ:

- എൻഡോസൾഫാൻ മനുഷ്യനും പ്രകൃതിക്കുമുണ്ടാക്കുന്ന മാരകമായ വിപത്തുകൾ സംബന്ധിച്ച് ഇതിനകം പുറത്തുവന്ന വിവരങ്ങൾ കണക്കിലെടുത്ത്, ഇതിനകം 74 രാജ്യങ്ങളിൽ നിരോധിക്കപ്പെട്ട ഈ കീടനാശിനിയെ ഇന്ത്യയിലാകമാനം അടിയന്തരമായി നിരോധിക്കണം.
- ദാരിദ്ര്യ നിർമാർജ്ജനം, ഭക്ഷ്യസുരക്ഷ, സാധാരണ ജനങ്ങളുടെ ഉപജീവനമാർഗം എന്നിവയ്ക്ക് ജൈവസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും അനിവാര്യമാണെന്നിരിക്കെ അവയെ ഉന്മൂലനം ചെയ്യുന്ന ഘടകങ്ങൾ വികസന പദ്ധതികളിൽ കടന്നുകൂടാതിരിക്കാൻ നിതാന്ത ജാഗ്രത ആവശ്യമാണ്. ദേശീയ ജൈവവൈവിധ്യ സ്ട്രാറ്റജി ആൻഡ് ആക്ഷൻ പ്ലാനി(NBSAP)ന്റെ അന്തിമ റിപ്പോർട്ടിലെ ശുപാർശകൾ ഇതിന് ആധാരമായി സ്വീകരിക്കണം.
- കാലാവസ്ഥാ വ്യതിയാനവും അനുദിനം പ്രത്യക്ഷമാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും കണക്കിലെടുത്ത് ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് അടിയന്തര പ്രാധാന്യം നൽകണം.
- ജൈവവൈവിധ്യ സംരക്ഷണം പ്രധാന ലക്ഷ്യങ്ങളിലൊന്നായി വിവക്ഷിക്കപ്പെട്ടിട്ടുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് ജൈവവൈവിധ്യം നശിപ്പിക്കുന്ന പ്രവൃത്തികൾ നടത്തുന്നതിനെതിരെ ജാഗ്രത പുലർത്തണം.
- നീർത്തട സംരക്ഷണത്തിന് ദേശീയ നീർത്തട പരിപാലന തന്ത്രങ്ങളും കർമ്മ പരിപാടികളും ആവിഷ്കരിക്കണം.
- നീർത്തട സംരക്ഷണവും പരിപാലനവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ അനിവാര്യ ചുമതലയായി നിഷ്കർഷിക്കണം.
- നിലവിലുള്ള ജൈവവൈവിധ്യ സംരക്ഷണനിയമത്തിലെ ഗുരുതരമായ പോരായ്മകൾ പരിഹരിക്കുന്നതിന് പ്രാദേശിക സമൂഹങ്ങൾ, ഗ്രാമസഭകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കൂടുതൽ അധികാരവും അവകാശങ്ങളും നൽകുന്ന രീതിയിൽ നിയമം വിപുലമായ കൂടിയാലോചനകളിലൂടെ അഴിച്ചു പണിയണം.

- ജൈവവൈവിധ്യം സംബന്ധിച്ച നാട്ടറിവുകൾ സംരക്ഷിക്കുന്നതിന് പൗര സമൂഹങ്ങളും സംഘടനകളുമായി കൂടിയാലോചിച്ച് "സൂയി ജനറസ്" നിയമം കൊണ്ടുവരണം.
- പാരമ്പര്യ അറിവുകൾക്ക് ബൗദ്ധിക സ്വത്തവകാശം അനുവദിക്കരുത്.

തീരദേശ നിയന്ത്രണ നിയമത്തിന്റെ പരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ വിനോദസഞ്ചാരത്തിനും വ്യവസായങ്ങൾക്കും വേണ്ടിയുള്ള നിർമാണ പ്രവർത്തനങ്ങൾ അനുവദിക്കരുതെന്നും സമ്മേളനം പ്രമേയത്തിൽ നിർദേശിച്ചു.

പരമ്പരാഗത മത്സ്യതൊഴിലാളികളുടെ അവകാശങ്ങൾ ഉൾപ്പെടുത്തി പ്രത്യേക നിയമനിർമാണം നടത്തുക, ജൈവവൈവിധ്യ സംരക്ഷണത്തിനും ഉപജീവനോപാധികൾക്കും പ്രാധാന്യം നല്കി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ട്രൈബൽ സബ് പ്ലാനുകൾ പരിഷ്കരിക്കുക എന്നിവയും പൗരസംഘടനാ സമ്മേളനത്തിന്റെ നിർദ്ദേശങ്ങളിൽപ്പെടുന്നു.

ജനിതകമാറ്റം വരുത്തിയ വിളകൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക-കാർഷിക-ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ഇതിനകം വെളിപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിരോധ മാർഗ്ഗമെന്ന നിലയിൽ ഇന്ത്യയിൽ ജനിതക

മാറ്റം വരുത്തിയ വിത്തുകളുടെ പരീക്ഷണവും പ്രചാരണവും അടിയന്തരമായി തടയണമെന്ന് ജൈവവൈവിധ്യ കോൺഗ്രസ്സ് ആവശ്യപ്പെട്ടു.

രാസവളങ്ങളുടെയും കീടനാശിനികളുടേയും ഉപയോഗവും വില്പനയും നിയന്ത്രിക്കുന്നതിനുള്ള അധികാരം പ്രാദേശിക പൗരസമൂഹങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നല്കുന്നതിന് സഹായകമായ നിയമനിർമ്മാണം ഉണ്ടാകണം എന്നതാണ് ശ്രദ്ധേയമായ മറ്റൊരു നിർദേശം. രാജ്യത്ത് ഘട്ടം ഘട്ടമായി അഞ്ചുകൊല്ലത്തിനുള്ളിൽ കീടനാശിനിയും രാസവളങ്ങളും പൂർണമായും നിർമ്മാർജനം ചെയ്യുന്നതിന് കഴിയുംവിധം ദേശീയതലത്തിൽ ജൈവകൃഷിനയത്തിന് രൂപം നല്കണമെന്ന് ആവശ്യമുയർന്നു. മറ്റ് പ്രധാന നിർദ്ദേശങ്ങൾ:

- ജൈവവൈവിധ്യ പ്രാധാന്യമുള്ള പശ്ചിമഘട്ടം, പൂർവ്വഘട്ടം, കിഴക്കൻ ഹിമാലയങ്ങൾ എന്നിവയുടെ പരിരക്ഷയ്ക്ക് മുൻഗണന നൽകുക.
- പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുക.
- വിത്തിന്മേൽ കർഷകർക്കുള്ള പരമാധികാരം ഉറപ്പിക്കുക.
- വിത്തിന്റെ വിലനിയന്ത്രണാധികാരം സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കുക.
- പ്രാദേശിക വിത്തിനങ്ങളെ പരിരക്ഷിക്കുക.
- കാർഷിക വിഭവങ്ങൾക്ക് പ്രാദേശിക വിപണി ഉറപ്പാക്കുന്ന രീതിയിൽ പൊതുവിതരണ സംവിധാനം ക്രമീകരിക്കുക.
- മാലിന്യ പരിപാലന പദ്ധതികളിൽ സീറോ വേസ്റ്റ് സങ്കല്പം സന്നിവേശിപ്പിക്കുക.
- സ്കൂൾതലം മുതൽ ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം പാഠ്യവിഷയമാക്കുക.
- ജൈവവൈവിധ്യ ശോഷണത്തിന് ഇടയാക്കുന്ന വ്യവസായങ്ങളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിനു ആവശ്യമായ നിയമ നിർമ്മാണം നടത്തുക.

വികസനം സംബന്ധിച്ച കാഴ്ചപ്പാടിൽ ഭരണകർത്താക്കൾക്കും ജനങ്ങൾക്കും അടിസ്ഥാനപരമായ മാറ്റം വരണമെന്ന സമീപനമാണ് വിവിധ വേദികളിൽ നടന്ന സമ്മേളനങ്ങളിലെ ചർച്ചകൾ ചെന്നെത്തിയത്.

“വളർച്ചാനിരക്കിലെ വർധനയാണ് വികസനമെന്ന ധാരണ മാറണമെന്നും അമേരിക്കയുടെ മാതൃകയിൽ ഇന്ത്യയെ വികസിപ്പിക്കാൻ ശ്രമിച്ചാൽ ലോകം തന്നെ തകർന്നുപോകുമെന്ന് ഡോ. വന്ദനശിവയുടെ അഭിപ്രായം ശ്രദ്ധേയമായി. നിലവിൽ സമ്പദ് വ്യവസ്ഥയ്ക്കുണ്ടാകുന്ന വളർച്ചമൂലം ജനസംഖ്യയുടെ 60 ശതമാനം പേർക്ക് നേട്ടമൊന്നും ഉണ്ടാകുന്നില്ലെന്ന വന്ദനശിവയുടെ വാദഗതിയോട് യോജിച്ചുകൊണ്ട് പാശ്ചാത്യമാതൃകയിൽ വികസിക്കുക എന്നതിനല്ല, വികസിക്കാതിരിക്കുക എന്നതിനാണ് പ്രാധാന്യം നൽകേണ്ടതെന്ന് പ്രശസ്ത പരിസ്ഥിതി പ്രവർത്തകനും ലോകപ്രശസ്ത ബഹിരാകാശ ശാസ്ത്രജ്ഞൻ വിക്രംസാരാഭായ്യുടെ മകനുമായ കാർത്തികേയ സാരാഭായ് പ്രസ്താവിച്ചു.

ആത്മഹത്യാപരമായ സാമ്പത്തിക നിക്ഷേപം

ജൈവവൈവിധ്യത്തേയും അതിനെ ആശ്രയിച്ച് നിലനില്ക്കുന്ന എല്ലാറ്റിനെയും നിത്യനാശത്തിലേക്ക് നയിക്കുന്ന “ആത്മഹത്യാപരമായ സാമ്പത്തിക നിക്ഷേപ”ത്തിന് ഇന്ത്യ പ്രതിവർഷം ചെലവഴിക്കുന്നത് 1.3 ലക്ഷം കോടി രൂപ. കേട്ടാൽ ഞെട്ടുന്ന കണക്കുകൾ. എന്തിനുവേണ്ടിയാണിത് എന്നുകൂടി അന്വേഷിക്കുമ്പോഴാണ് ശരിക്കും ഞെട്ടുക - രാജ്യത്തെ കാർഷിക വളർച്ചയ്ക്കായി ഉപയോഗിക്കുന്ന രാസവളങ്ങൾക്കും കീടനാശിനികൾക്കും.

ഇന്ത്യൻ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ സമാപന വേളയിൽ ഇന്ത്യയിലെ സമുന്നത ശാസ്ത്രജ്ഞരും പരിസ്ഥിതി പ്രവർത്തകരുമായ ഡോ. വന്ദനശിവ, ഡോ. ആശിഷ് കോത്താരി, കാർത്തികേയ സാരാഭായി എന്നിവർ ആധികാരിക രേഖകളുടെ സഹായത്തോടെ കണക്കുകൾ അവതരിപ്പിച്ചപ്പോൾ തരിച്ചു നിന്നത് മാധ്യമലോകം.

പിറ്റേന്നത്തെ ബിസിനസ് ലൈനിൽ പ്രസിദ്ധീകരിച്ച അഞ്ചു കോളം വാർത്തയുടെ തലവാചകം ഇതായിരുന്നു.: "Rs.1.3 lac-cr investment driving suicidal economy - It measures upto India’s annual defence budget: conservationists'. ബിസിനസ്സ് ലൈൻ മാത്രമല്ല മറ്റ് മിക്ക മാധ്യമങ്ങളുടെയും പ്രധാന വാർത്തകളിലൊന്ന് ഇതായിരുന്നു.

ഇന്ത്യയുടെ അമൂല്യപൈതൃകമായ ജൈവവൈവിധ്യത്തെ കൊന്നൊടുക്കാൻ നമ്മുടെ ഖജനാവിൽ നിന്ന് സബ്സിഡികളുടെയും വ്യാവസായിക നിക്ഷേപ പ്രോത്സാഹനത്തിന്റേയും മറ്റും പേരിൽ ചെലവിടുന്ന ലക്ഷം കോടികൾ ഇന്ത്യയുടെ മൊത്തം പ്രതിരോധ ചെലവുകളെ കവച്ചുവയ്ക്കുന്നതാണെന്നറിയുമ്പോഴാണ് അതിന്റെ രൂക്ഷത തെളിഞ്ഞു വരിക. ■

പ്രകൃതി കനിഞ്ഞനുഗ്രഹിച്ചു നൽകിയ മണ്ണും മഴയും. പശ്ചിമഘട്ട മലനിരകൾക്കും അറബിക്കടലിനും ഇടയിലെ അനിതരസാധാരണമായ ഭൂവിഭാഗം അനേകം അപൂർവ്വ സസ്യവൈവിധ്യത്തിന്റെ കലവറയായി സഹസ്രാബ്ദങ്ങളോളം നിലകൊണ്ടു. ജനവാസം ഈ ഭൂവിഭാഗത്തിന്റെ ജൈവബന്ധത്തിനു പോറലേൽപ്പിക്കാതെ പിന്നെയും സഹസ്രാബ്ദങ്ങൾ പിന്നിട്ടു. പിന്നീടുണ്ടായ ജനസംഖ്യാ വിസ്ഫോടനവും ജനപഥങ്ങളുടെ വർദ്ധനവും ആധുനിക കൃഷിരീതികളുടെ വ്യാപനവും ജൈവഘടനയിൽ സർവ്വനാശത്തിന്റെ വിത്തു വിതച്ചു.

ലോകാത്ഭുത ചികിത്സാ സമ്പ്രദായമായ ആയുർവേദത്തിന് കേരളീയ വഴികളിലൂടെ ഉണ്ടായ വികാസ പരിണാമങ്ങൾക്ക് നമ്മുടെ ജൈവ സമ്പത്ത് കുറച്ചൊന്നുമല്ല സ്വാധീനം ചെലുത്തിയിട്ടുള്ളത്. വംശനാശത്തിന്റെ അതിർവരമ്പുകളിൽ അവിടവിടെ മാത്രം അവശേഷിക്കുന്ന ഔഷധ സസ്യങ്ങളെ, പ്രത്യേകിച്ച് ഔഷധ വൃക്ഷങ്ങളെ സംരക്ഷിക്കേണ്ടത് ആയുർവേദത്തിന്റെ നിലനില്പിനും അപ്പുറം പ്രകൃതിയുടെ ജീവതാളവും ജൈവവൈവിധ്യവും കാത്തുസൂക്ഷിക്കുന്നതിനും അത്യാവശ്യമാണ്.

വംശനാശഭീഷണി നേരിടുന്ന ഔഷധവൃക്ഷങ്ങളുടെ സംരക്ഷണത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളും തദ്ദേശ ഭരണസ്ഥാപനങ്ങളും ജനപങ്കാളിത്തത്തോടെ കൂട്ടായ പരിശ്രമത്തിലൂടെ ക്രിയാത്മക പദ്ധതികൾ ആവിഷ്കരിച്ചില്ലെങ്കിൽ ഇന്നലെകളിൽ കേരളത്തിലെ നാട്ടിലും കാട്ടിലും സുലഭമായിരുന്ന ഔഷധ സസ്യങ്ങൾ പലതും അപ്രത്യക്ഷമാകുവാൻ അധികകാലം വേണ്ടിവരില്ല. തോട്ടവിളകളുടെ കൃഷി വ്യാപകമായതോടെ നമ്മുടെ നാട്ടിൽ ഒരുകാലത്ത് സുലഭമായുണ്ടായിരുന്ന പുന്ന, മരോട്ടി, കാഞ്ഞിരം, കടുക്ക, താന്നി, നെല്ലി, പലകപ്പയ്യാനി, പാതിരി, കരിങ്ങോട്ടി, അത്തി, ഇത്തി, അരയാൽ, പേരാൽ, മഞ്ചാടി, കുന്നി തുടങ്ങി അസംഖ്യം ഔഷധ വൃക്ഷങ്ങൾ ഇന്നു നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ഇവയുടെ സംരക്ഷണത്തിന് കാവുകൾ ഒരുക്കുവാൻ നമ്മുടെ നദീതീരവും തോട്, പുഴ പുറമ്പോക്കുകളുമാണ് എന്തുകൊണ്ടും അനുയോജ്യം. ഇത്തരം കൊച്ചുവനങ്ങൾ പുഴയോരസംരക്ഷണത്തോടൊപ്പം ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും വംശനാശത്തിൽ നിന്നും സംരക്ഷിക്കുകയും ജൈവവൈവിധ്യം നിലനിർത്തുന്നതിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുന്നതിനും പ്രയോജനപ്രദമായിരി

കടുക്ക

ശതാവരി

ബ്രഹ്മി

ക്കും. ഒപ്പം ആഗോളതാപനത്തിനെതിരെ ഹരിതകവചം നിർമ്മിക്കുന്ന പ്രവർത്തനത്തിന് ക്രിയാത്മകമായ സംഭാവന നൽകുന്നതിനും ഈ സംരംഭത്തിന് കഴിയും.

ഇതിനായി കേന്ദ്ര-സംസ്ഥാന തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിലെ സാദ്ധ്യതകൾ ശാസ്ത്രീയമായി സമന്വയിപ്പിച്ച് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. നിലവിലുള്ള പുഴപുറമ്പോക്കുകൾ തിട്ടപ്പെടുത്തി അവിടെ അനുയോജ്യമായ വൃക്ഷത്തൈകൾ തിരഞ്ഞെടുത്ത് നട്ട് പരിപാലിച്ചാൽ നമ്മുടെ പുഴയോരങ്ങളിൽ രൂപപ്പെടുന്ന ഔഷധോദ്യാനം ഏകവിള സമ്പ്രദായത്തിൽ അന്യവൽക്കരിക്കപ്പെട്ട സസ്യ വൈവിധ്യങ്ങളുടെ തിരിച്ചുവരവിന് വഴിയൊരുക്കും മാത്രമല്ല ഭാവിയിൽ നമ്മുടെ ബോധപൂർവ്വമായ ഇടപെടൽ ഇല്ലാതെ തന്നെ പുഴയെ ആശ്രയിച്ച് സ്വാഭാവിക വിത്തുവിതരണം വഴി വംശവർദ്ധനവിലൂടെ വീണ്ടും നമ്മുടെ പുഴയോരങ്ങൾ സസ്യനിബിഡമാക്കുന്നതിനുള്ള ഒരു മെക്കാനിസം കൂടി ഇതോടൊപ്പം രൂപപ്പെട്ടുകൊള്ളും.

വിവിധ തൊഴിൽദാന-പ്രകൃതി സംരക്ഷണ പദ്ധതികളായ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, റിവർ മാനേജ്മെന്റ് ഫണ്ട്, കാവ് സംരക്ഷണ പദ്ധതി, ജനകീയാസൂത്രണ പദ്ധതിയിലുള്ള വിവിധ നീർത്തട വികസന പരിപാടികൾ എന്നിവയിലൂടെ നടപ്പാക്കാവുന്ന വിവിധ പ്രവർത്തനങ്ങളിൽ പുഴയോരങ്ങൾക്കാവശ്യമായ ചരിവു നൽകി മണ്ണൊരുക്കൽ പ്രവർത്തികൾ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുത്തു നടപ്പാക്കാവുന്നതുമാണ്. റിവർമാനേജ്മെന്റ് ഫണ്ട്, ജനകീയാസൂത്രണ പദ്ധതികൾ എന്നിവയിലൂടെ സംരക്ഷണ-പരിപാലന നടപടികൾ സ്വീകരിക്കാവുന്നതാണ്. പദ്ധതി പ്രദേശത്തോടു ചേർന്നുള്ള സ്ഥല ഉടമകളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന യൂസർ ഗ്രൂപ്പിനെ പരിപാലന ചുമതല ഏൽപ്പിക്കുന്നതോടൊപ്പം പിൽക്കാലത്ത് ഈ പദ്ധതിയിൽ നിന്നും ലഭിക്കാവുന്ന വരുമാനത്തിന്റെ വിഹിതവും ഉറപ്പാക്കിയാൽ ജനകീയ സഹകരണത്തോടെ ഇത് വിജയകരമായി നടപ്പാക്കാവുന്നതാണ്.

പുഴയോരങ്ങൾ കോടികൾ ചെലവഴിച്ച് കരിങ്കൽഭിത്തി കെട്ടി സംരക്ഷിക്കുന്ന, തികച്ചും അശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവും അല്ലാത്ത പദ്ധതികൾക്ക് പകരം ഔഷധവൃക്ഷങ്ങളും രാമച്ചപ്പുല്ലും വച്ചുപിടിപ്പിച്ചാൽ താരതമ്യേന കുറഞ്ഞ ചെലവിൽ തീര സംരക്ഷണവും ഒപ്പം ജല-ജൈവ സമ്പത്തുകളുടെ സംരക്ഷണവും സാദ്ധ്യമാകുന്ന, പരിസ്ഥിതി സൗഹൃദ നദീതീരസംരക്ഷണം യാഥാർത്ഥ്യമാക്കുവാൻ നമുക്കു സാധിക്കും. സമൃദ്ധമായ ഔഷധ സസ്യസമ്പത്തിനാൽ പച്ച പുതച്ച് പുഴയോരങ്ങൾ ജല-ജൈവ- മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്ക് നമുക്കു നൽകാവുന്ന ഏറ്റവും വലിയ സംഭാവനയായിരിക്കും. ഇങ്ങനെ സംരക്ഷിക്കപ്പെടുന്ന കൊച്ചു ഔഷധവനങ്ങൾക്ക് ഇടയിലൂടെ ഒഴുകുന്ന തെളിനീർ നമ്മുടെ പുഴകളെയും തോടുകളെയും എല്ലാക്കാലത്തും സജലങ്ങളാക്കട്ടെ! മരിച്ചുകൊണ്ടിരിക്കുന്ന പുഴകൾക്ക് അതു മൃതസഞ്ജീവനി ആകട്ടെ!

അതിജീവനത്തിന് പ്രകൃതി നൽകിയിട്ടുള്ള ലോലമായ പ്രതിരോധകവചവും നഷ്ടപ്പെട്ട്, മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലുകളിലൂടെ, കാലപ്രവാഹത്തിന്റെ അനന്തതയിൽ വിലയം പ്രാപിക്കുവാൻ വിധിക്കപ്പെട്ട ജൈവ വൈവിധ്യത്തിന്റെ സംരക്ഷണത്തിന്, വിശേഷബുദ്ധിയും വിചാരവികാരങ്ങളുമുള്ള മനുഷ്യരാശിയുടെ വിവേകപൂർണ്ണമായ പ്രവർത്തനങ്ങൾ അനിവാര്യമാണ്. ജീവന്റെ നിലനിൽപിനായി പ്രകൃതി ഒരുക്കിയിട്ടുള്ള വിഭവങ്ങളും പരിസ്ഥിതിയും അടുത്ത തലമുറയ്ക്ക് കൈമാറുന്നതിന് ഒരുപിടി മണ്ണും ഒരു കുമ്പിൾ വിഭവങ്ങളും ഒരൽപം ശ്രദ്ധയും നമുക്കു മാറ്റിവയ്ക്കാം. ■

സി.എൻ. ബാലകൃഷ്ണൻ

ഔഷധ വൃക്ഷങ്ങൾക്ക് വംശനാശത്തിൽ നിന്നും പുഴകൾക്ക് സർവ്വനാശത്തിൽ നിന്നും സംരക്ഷണം

മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

ഭാഷയുടെ തനിമ എന്നത് നാം നിരന്തരം പറഞ്ഞുകേൾക്കുന്ന ഒന്നാണ്. അതെന്താണ് എന്നതിന് ഒന്നല്ല ഉത്തരം പലതാണ്. ഒരു സംസ്കാരവും ചുറ്റുമതിലുകളാൽ സംരക്ഷിക്കപ്പെടുന്നില്ല. അതിനാൽ അനേകം കലർപ്പുകളും ചേരുവകളും അതിൽ വരും. എന്നാലും ദേശ്യഭാഷയിൽ അഥവാ വായ്മൊഴിയിൽ ഭാഷയുടെ വേരിൽ നിന്നെടുത്ത ഈർപ്പം തങ്ങി നില്ക്കും. മാനവ ഭാഷയുടെ അതിർത്തിക്കപ്പുറത്ത് അതു തിളങ്ങും. ചിലപ്പോൾ എഴുത്തുമൊഴിയിൽ കലരും. ഓണാട്ടുകരയുടെ അത്തരം ചില പ്രയോഗങ്ങളാണ് ഇനി അടുത്ത ഒന്നു രണ്ടു ലക്കങ്ങളിൽ. തീർത്തും ഗ്രാമീണമാണിവ. ചിലത് അത്ര നല്ല അർത്ഥത്തിലല്ലാതെ പ്രയോഗിക്കുന്നവയും ഉണ്ട്. പ്രാദേശിക വ്യത്യാസം ഇതിനുണ്ട്. ഓരോ നാട്ടുകാരും അത്തരം വാക്കുകൾ ശേഖരിച്ചു വെയ്ക്കട്ടെ. ഉപയോഗിച്ചില്ലെങ്കിലും ഇടയ്ക്കിടെ എടുത്തു നോക്കാം. ഭാവിയിലേക്ക് ഉപകാരപ്പെടും.

ഈച്ചാടികുത്ത്

നെൽകൃഷിയുള്ള വീടുകളിൽ നിന്നും നെല്ല് വിലയ്ക്കു വാങ്ങി പുഴുങ്ങികുത്തി അരിയാക്കി വില്പന നടത്തുന്ന ഒരു തൊഴിൽ സംരംഭം മുമ്പ് ഗ്രാമാന്തരങ്ങളിൽ നിലനിന്നുപോന്നിരുന്നു. സ്ത്രീകളായിരുന്നു പ്രധാനമായും ഈ തൊഴിൽ സംരംഭത്തിൽ ഏർപ്പെട്ടിരുന്നത്. ഇതിന് 'ഈച്ചാടികുത്ത്' എന്നാണ് ഓണാട്ടുകര പ്രദേശങ്ങളിൽ പറഞ്ഞിരുന്നത്. കുട്ടനാടൻ മേഖലയിൽ ഇതിനു 'പുഴുങ്ങികുത്ത്' എന്നാണു പറഞ്ഞുപോന്നത്.

അയ്യം

വീടിനോടു ചേർന്നുള്ള തൊടി അഥവാ പുരയിടത്തിന് 'അയ്യം' എന്നാണ് പറയുന്നത്. അച്ഛൻ എവിടെ പോയി മോനേ എന്നുള്ള ചോദ്യത്തിന് അച്ഛൻ 'അയ്യത്തുപോയി' എന്നു പറയുന്നത് ഓണാട്ടുകരയിലെ ഒരു സംസാരഭാഷയാണ്.

ഇച്ചേയി

നമ്മളേക്കാൾ മുതിർന്ന സഹോദരിമാരെയും ബന്ധുത്വമില്ലെങ്കിലും പൊതുവേ 'ഇച്ചേയി' എന്ന് വിളിക്കുക സാധാരണയാണ്. 'ചേച്ചി' എന്നതിന്റെ ഒരു ഓണാട്ടുകര ഭാഷ്യം എന്നു വേണമെങ്കിലും പറയാം. "ഇച്ചേച്ചിയെ, കൊച്ചാട്ടൻ ഇവിടില്ലിയോ"? ഇച്ചേച്ചി എങ്ങോട്ടു പോയതാ?" ഇതൊരു സംസാര രീതിയാണ്. വളരെ സ്വാഭാവികമായി ഉപയോഗിച്ചു പോരുന്ന നാട്ടുമൊഴി.

ചോലത്തേക്ക്

ഉച്ചഭക്ഷണത്തിനാണ് 'ചോലത്തേക്ക്' എന്നു പറയുന്നത്. പറമ്പിൽ പണിയെടുക്കുന്നതിന് 'ചോലത്തേക്കും' ചായയും കൊടുത്ത് നാന്നൂറ് രൂപയുമാണ് ഇപ്പോഴത്തെ ജോലിക്കൂലി എന്നു പറയാറുണ്ടല്ലോ? പാടത്തും പറമ്പിലും കൃഷിപ്പണിയിൽ ഏർപ്പെടുന്ന കർഷകത്തൊഴിലാളികളാണ് സാധാരണയായി ഉച്ചഭക്ഷണത്തിന് 'ചോലത്തേക്ക്' എന്നു പറയുന്നത്. "പണിക്കാരെല്ലാം ചോലത്തേക്കിന്" കയറിയതാണെന്ന് ഓണാട്ടുകരയിൽ സർവ്വസാധാരണമായി പറയാറുണ്ട്.

ചപ്പിട്ട

ആ കൊച്ചൻ മഹാ ചപ്പിട്ടയാണ്, അത് കഴിക്കാൻ കൊള്ളില്ല ചപ്പിട്ടയാണ് ഇങ്ങനെയുള്ള പ്രയോഗങ്ങൾ ഇവിടെ സർവ്വസാധാരണമാണ്. നന്നല്ലാത്തത്, മോശമായത്, കൊള്ളരുതാത്തത് ഈ അർത്ഥത്തിലാണ് 'ചപ്പിട്ട' എന്ന പ്രയോഗവും.

കൊഞ്ഞാണൻ

ഒരു കഴമ്പുമില്ലാതെ ബുദ്ധിപൂർവ്വം പ്രവർത്തിക്കാത്തവർക്കുള്ള വിശേഷമാണിത്. വെറും മൊയന്താണ്, വെറും കുഞ്ഞാനണനാണ്, ചുക്കിനും ചുണ്ണാമ്പിനും കൊള്ളരുതാത്തവനാണ് ഇതൊക്കെയും 'കൊഞ്ഞാണൻ' എന്ന പദപ്രയോഗത്തിന് സമാനമായ വിശേഷണങ്ങളാണ്. എന്നാൽ ഇതൊരു അസഭ്യവാക്കായി കണക്കാക്കുന്നുമില്ല. കാര്യക്ഷമതയോടെ യഥാവിധി ജോലി ചെയ്യാത്തവരെ ഓണാട്ടുകര ഭാഷയിൽ 'കൊഞ്ഞാണൻ' എന്നു പറയുക സാധാരണയാണ്.

തറകൾ

ഓണാട്ടുകരയിലെ കൃഷിയിടങ്ങൾ മൂന്നു വിധത്തിലാണ്. ഒന്നും രണ്ടും വിളയായി നെല്ലും മൂന്നാം വിളയായി എള്ളും

കൃഷിചെയ്യുന്ന ഇരുപ്പൂ നിലങ്ങളും സാധാരണ പുരയിടങ്ങളും. ഇവയ്ക്ക് രണ്ടിനും ഇടയിലായി അതായത് പുരയിടത്തേക്കാൾ താഴ്ന്നും എന്നാൽ നെൽ പാടശേഖരങ്ങളെക്കാൾ പൊക്കത്തിലുമുള്ള കൃഷിയിടം-ഇതാണ് ഓണാട്ടുകരയിലെ തറകൾ. നെല്ലു പാകി ഞാറ്റടി തയ്യാറാക്കുന്നതും വെറ്റില ക്കൊടി കൃഷി ചെയ്യുന്നതും കപ്പ നടുന്നതും മറ്റും തറയിലാണ്. നെല്ലു പാകുന്ന തറകളെ 'പാക്കുതറ' എന്നാണ് പറയുക.

'തറ' എന്നതിന് മറ്റൊരു അർത്ഥം കൂടിയുണ്ട്. അയാൾ ആളു വെറും 'തറയാണ്' എന്നു പലപ്പോഴും പറഞ്ഞു കേൾക്കാറില്ലേ. പെരുമാറ്റത്തിലും ഇടപെടലിലും യാതൊരു നിലവാരവുമില്ലാത്തവരെ കുറിച്ചാണ് പൊതുവേ 'തറ' എന്നു പറയുക.

കുരുമ്പ

വേണ്ടത്ര മൂപ്പെത്താത്ത അതായത് വടിച്ചെടുക്കാൻ മാത്രം കഷ്ടിച്ച് കാമ്പുള്ള കരിക്കാണ് (ഒട്ടും മൂപ്പെത്താത്ത നാളികേരം) 'കുരുമ്പ' എന്ന് ഗ്രാമീണഭാഷയിൽ പറയുക.

കൂട്ടിപ്പിടിപ്പിക്കുക

ഏഷണി പറഞ്ഞ് പരസ്പരം ശത്രുതയുണ്ടാക്കുന്നതിനാണ് ഇങ്ങനെ പറയുന്നത്. മറ്റൊരാൾ പറഞ്ഞതായ ഒരു ചെറിയ കാര്യം പൊടിപ്പും തൊങ്ങലും വെച്ച് വലുതാക്കി അടുത്തയാളിനോടു പറഞ്ഞ് പരസ്പരം വിദ്വേഷവും വൈരവും വളർത്തി അതിൽ ആനന്ദം കണ്ടെത്തുന്ന ചിലയാളുകൾ എല്ലാ സമൂഹത്തിലും പ്രദേശങ്ങളിലും ഉണ്ടാകും. ഈ പ്രവർത്തിക്ക് നാട്ടുഭാഷയിൽ 'കൂട്ടിപിടിപ്പിക്കുക' എന്നാണ് പറയുക.

ചെറമം

മണ്ണിൽ അദ്ധ്വാനിച്ച് പ്രത്യേകിച്ച് കൃഷിപ്പണികൾ ചെയ്യുന്നതിന് 'ചെറമിക്കുക' എന്നാണ് പറയുക. കൃഷിപ്പണികൾക്കായി ജോലിക്കാരെ നിർത്തുമ്പോൾ ഇന്ന് കണ്ടത്തിൽ പണിക്ക് എത്ര ചെറമക്കാരുണ്ടെന്നാണ് ചോദിക്കുക. 'പരിശ്രമം' എന്ന വാക്ക് നാട്ടുമൊഴിയായി ലോപിച്ചതാകാം ഒരു പക്ഷെ 'ചെറമം'.

പൊത്താൻ

അടുപ്പിൽ വെയ്ക്കാൻ 'പൊത്താനില്ലാതെ' എങ്ങനെയാ ചോലത്തേക്ക് ഉണ്ടാക്കുന്നത്? ഗ്യാസ്സും, ഗ്യാസ്സ് അടുപ്പും ഏറെ പ്രചാരത്തിലാകുന്നതിന് മുമ്പ് വീട്ടമ്മമാരുടെ ചോദ്യമാണിത്. പൊത്താൻ പെറുക്കാൻ പോയിരിക്കുകയാണെന്ന് പറഞ്ഞാൽ തെങ്ങിൻ ചുവട്ടിൽ കിടക്കുന്ന മടല്, കോഞ്ഞാട്ട, ചൂട്ട്, മരക്കൊമ്പുകൾ, ഉണങ്ങിയ ചുള്ളിലകൾ എന്നിവയെല്ലാം ശേഖരിക്കുക എന്നാണ്.

പൂക്കച്ചൊള

വിപരീതാർത്ഥത്തിലുള്ള ഒരു നാടൻ പ്രയോഗമാണിത്. ഒരു കാര്യത്തെക്കുറിച്ചും വേണ്ടത്ര വിവരമില്ലാത്തവരെക്കുറിച്ച് പൊതുവായി പറയുക അയാൾക്കൊരു 'പൂക്കച്ചൊളയും അറിയില്ലെന്നാണ്. വലിയ വിവരവും അറിവും ഉണ്ടെന്ന് മേനി നടിച്ചു നടക്കുന്നവരെക്കുറിച്ച് നാട്ടിൽ ചിലരെങ്കിലും ആക്ഷേപരൂപത്തിൽ ചോദിക്കാറുണ്ട്. അയാൾക്കെന്തോ'പൂക്കച്ചൊള' അറിയാം എന്ന്? ■

ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്

ഗീതമ്മ എ.എം

അമ്മത്തൊട്ടിൽ

അനാഥശൈശവമേറ്റെടുക്കാൻ
വന്നൂ അമ്മത്തൊട്ടിലുകൾ!
ജീവിതയാഥാർത്ഥ്യങ്ങൾ
വഴിയാധാരമാകുമ്പോൾ
ജീവനാകുമരുമക്കുഞ്ഞിനെ
വലിച്ചെറിയല്ലേ...കൊന്നീടല്ലേ......
കുമിഞ്ഞുകൂടുന്നു ധനമെങ്കിലും
കുഞ്ഞിക്കാലുകൾ സ്വപ്നമാകുന്നു
കരൾനൊന്തു കാത്തിരിക്കുന്നു
കുഞ്ഞിക്കാലിനായി കിനാവുകാണുന്നു.

കരൾ പറിയുന്ന വേദനയാൽ
കൺമണിയെ മാറോടുചേർത്തു
മുത്തം നൽകീടുന്നമ്മ
കൺമണീ...കരളേ...ശപിക്കല്ലേ
നിനക്ക് നന്മകൾ വരട്ടെ
ഈ അമ്മത്തൊട്ടിലിൽ നിന്നും
നല്ലവനാകട്ടെ നാളെ നീ
നീ വളർന്നീടൂ നല്ല കൈകളിൽ
തിരിഞ്ഞു നോക്കി, നോക്കി, അമ്മ
തീരാദുഃഖത്താൽ മറയുന്നു.

പെറ്റമ്മയുടെ പ്രാർത്ഥനപോലെ
പൊന്നുണ്ണിയെ സ്വന്തമാക്കാൻ
പോറ്റമ്മ(ദമ്പതിമാർ)യെത്തി
സന്തോഷാശ്രുക്കളാൽ
പൊന്നുണ്ണിതൻ അമ്മയ്ക്ക്
നേരുന്നു നന്മകൾ.
നാളത്തെ പൗരന്മാരിവർ-കുഞ്ഞുങ്ങൾ
നിങ്ങൾക്ക് വേണ്ടങ്കിലവരെ
കൊടുക്കൂ അമ്മത്തൊട്ടിലിനു
വലിച്ചെറിയരുതേ തെരുവിലേക്കവരെ.

വാർത്തകളും വിശേഷങ്ങളും

പഞ്ചായത്തിലെ കെട്ടിട നിർമ്മാണം: പെർമിറ്റ് വൈകാതിരിക്കാൻ സംവിധാനം

പഞ്ചായത്തു പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കാലതാമസമില്ലാതെ പെർമിറ്റ് നൽകാൻ ഗ്രാമപഞ്ചായത്തുകളിൽ സംവിധാനം ഏർപ്പെടുത്താൻ നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. ഇതനുസരിച്ച് 300 ചതുരശ്ര മീറ്റർ വരെ പ്ലിന്ത് ഏരിയ വരുന്ന കെട്ടിടങ്ങൾ സാങ്കേതിക പരിശോധനയ്ക്കുശേഷം പെർമിറ്റ് നൽകാനുള്ള ചുമതല അസിസ്റ്റന്റ് എൻജിനീയർക്കും 301 ചതുരശ്ര മീറ്ററിൽ കൂടുതൽ പ്ലിന്ത് ഏരിയയുള്ളവയ്ക്ക് നിർമ്മാണ അനുമതി നൽകാനുള്ള ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കുമാണ്. സമയപരിധിക്കുള്ളിൽ നിർമ്മാണ അനുമതി ലഭിക്കാത്തവരുടെ പരാതി പരിശോധിക്കാൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തലവനായും വൈസ് പ്രസിഡന്റ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി അംഗങ്ങളായും പഞ്ചായത്ത് എഞ്ചിനീയർ കൺവീനറായും സമിതി രൂപീകരിക്കണം. എല്ലാ മാസവും ചേരുന്ന സമിതി പെർമിറ്റ് നൽകിയതിന്റെ സുതാര്യതയും മുൻഗണനാക്രമവും ശരിയാണെന്ന് ഉറപ്പാക്കണമെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 36587(1)/ആർ.എ.1/09/തസ്വഭവ, തീയതി 23.12.2010).

മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് – കമ്മിറ്റി രൂപീകരിച്ചു

2009-10 വർഷത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും പഞ്ചായത്ത് ഡയറക്ടർ കൺവീനറും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പു സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ (ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ്), ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, ഗ്രാമവികസന കമ്മിഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ അംഗങ്ങളുമായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി. (സ.ഉ. (സാധാ)നം. 4063/10/തസ്വഭവ, തീയതി 31.12.2010).

അക്കൗണ്ടിംഗിനും പ്ലാൻ മോണിറ്ററിംഗിനും സാംഖ്യ സുലേഖ സോഫ്റ്റ്‌വെയറുകൾ നിർബന്ധമാക്കി

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അക്കൗണ്ടിംഗ് സമ്പ്രദായവും പ്ലാൻ മോണിറ്ററിംഗും ഇൻഫർമേഷൻ കേരള മിഷന്റെ യഥാക്രമം സാംഖ്യ, സുലേഖ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് പരിപാലിക്കുന്നത് നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 2011 ഏപ്രിൽ 1 മുതൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനെ തുടർന്നാണിത്. (സ.ഉ. (എം.എസ്)നം. 308/2010/തസ്വഭവ, തീയതി 23.12.2010)

ലക്ഷംവീട് കോളനികൾ ഇനിമേൽ എം. എൻ. ഭവന നഗർ

ഭവനരഹിതർക്ക് പാർപ്പിട സൗകര്യമൊരുക്കുക എന്ന ഉദ്ദേശ്യത്തോടെ ലക്ഷം വീട് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയ മുൻഭവന നിർമ്മാണ വകുപ്പ് മന്ത്രി എം.എൻ. ഗോവിന്ദൻ നായരുടെ സ്മരണയ്ക്കായി ലക്ഷംവീട് കോളനികൾക്ക് എം.എൻ.. ഭവന നഗർ എന്ന് നാമകരണം ചെയ്ത് ഉത്തരവായി.

നിരോധിച്ച പ്ലാസ്റ്റിക്കിന്റെ ഉപയോഗം തടയാൻ നിർദ്ദേശം

ഗവൺമെന്റ് നിരോധിച്ച പ്ലാസ്റ്റിക്കിന്റെ ഉപയോഗം ചില നഗരസഭകളിലും പഞ്ചായത്തുകളിലും കൂടി വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടതിനാൽ ഇതു തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ നഗരസഭാ, പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിശ്ചിത ശതമാനം കടകൾ ദിവസവും പരിശോധിച്ച് നടപടി എടുക്കണം. ചട്ടം ലംഘിക്കുന്നവർക്കെ തിരെ പിഴ ഈടാക്കി തുടർച്ചയായി ചട്ടം ലംഘിക്കുന്നവരുടെ കടകളുടെ ലൈസ ൻസ് റദ്ദാക്കണം. പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗംമൂലം മാലിന്യസംസ്കരണ കേന്ദ്രങ്ങളുടെ പ്രവർത്തനം അസാദ്ധ്യമായിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഓടകളിൽ വലിച്ചെറിയുന്നതുമൂലം വെള്ളം കെട്ടിക്കിടക്കുന്നു. അതുവഴി കൊതുകുകൾ പെരുകാനും സാദ്ധ്യതയുണ്ട്. ജനങ്ങളുടെ ആരോഗ്യത്തെ കൂടി ബാധിക്കുന്നതിനാൽ ഇക്കാര്യം നഗരസഭകളും പഞ്ചായത്തുകളും ഗുരുതരമായി എടുക്കണം. ഇതുസംബന്ധിച്ച് നഗരസഭകൾ നഗരകാര്യ ഡയറക്ടറേറ്റിലെ ഹെൽത്ത് വിഭാഗം ജോയിന്റ് ഡയറക്ടർക്കും പഞ്ചായത്തുകൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്കും എല്ലാ മാസവും 15 ന് മുമ്പ് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് – നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും അനുശാസിക്കുന്ന രീതിയിൽ വാർഷിക പദ്ധതി സംയോജിപ്പിച്ചു കൊണ്ടുവേണം തദ്ദേശഭരണ സ്ഥാപനങ്ങൾ ബജറ്റ് തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നം.821/എഫ്.എം.3/2011/തസ്വഭവ, തീയതി 3.01.2011).

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) – കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന റോഡിതര ആസ്തികളുടെ അറ്റകുറ്റ പണികൾക്കായുള്ള മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിച്ച് സർക്കാർ ഉത്തരവായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങുക, സ്കൂളുകളിലും അംഗൻവാടികളിലും കുടിവെള്ള സൗകര്യം ഏർപ്പെടുത്തുക, ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മിക്കുക, മഴവെള്ള സംഭരണി നിർമ്മിക്കുക തുടങ്ങി 25 പുതിയ ഇനങ്ങൾക്കാണ് ഉത്തരവ് പ്രകാരം തുക വിനിയോഗിക്കുന്നതിന് അനുവാദമുള്ളത്. (സ.ഉ.(എം.എസ്)നം. 300/2010/തസ്വഭവ, തീയതി 10.12.2010)

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.





ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക.

വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

www.ammini.com
ammini
ഊർജ്ജസംരക്ഷണത്തിന്റെ
വിജയഗാഥയുമായി
അമ്മിണി എനർജി സിസ്റ്റംസിന്റെ
ലൈട്രോൺ
BIS CERTIFIED
CFL വഴിവിളക്കുകൾ
കേരളത്തിൽ മാത്രം 1.7 ലക്ഷത്തിൽ പരം ഇൻസ്റ്റലേഷൻസ്
700 ൽ പരം ലോക്കൽ ബോഡി കസ്റ്റമേഴ്സ്
ഇന്ത്യയിലെ ഏക ISI മാർക്ക്ഡ് CFL സ്ട്രീറ്റ്ലൈറ്റ്
ISO 9001 : 2008 സർട്ടിഫൈഡ് ഉത്പാദനപ്രക്രിയ
15 മാസം വാറന്റി; കുറഞ്ഞ പരിപാലന ചെലവ്
വാറന്റിക്കുശേഷം AMC മുഖാന്തിരം മെയിന്റനൻസ്
മൊബൈൽ സർവ്വീസ് യൂണിറ്റുകൾ
സ്റ്റോർ പർച്ചേസ് രജിസ്റ്റേർഡ്
NSIC രജിസ്റ്റേർഡ്
SIDCO രജിസ്റ്റേർഡ്
ഇപ്പോൾ ടെണ്ടർ വിളിക്കാതെ സിഡ്കോ (SIDCO) മുഖാന്തിരം വാങ്ങാവുന്നതാണ്
നിങ്ങളുടെ പഞ്ചായത്തിൽ ലൈട്രോൺ ഉണ്ടോ?
ഇല്ലെങ്കിൽ ഇന്നുതന്നെ ബന്ധപ്പെടുക
തിരുവനന്തപുരം 93871 60215
കൊല്ലം 93871 60215
പത്തനംതിട്ട 93871 60215
ആലപ്പുഴ 93871 60216
കോട്ടയം 93871 60216
ഇടുക്കി 93871 60216
എറണാകുളം 93871 60216
തൃശ്ശൂർ 93871 60217
പാലക്കാട് 93871 60217
മലപ്പുറം 93871 60217
കോഴിക്കോട് 93871 60218
വയനാട് 93871 60218
കണ്ണൂർ 93871 60218
കാസർകോഡ് 93871 60218
അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം - 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
ഇ-മെയിൽ: mail@ammini.com
ammini
അമ്മിണി എനർജി സിസ്റ്റംസ്
ലൈറ്റിംഗ് രംഗത്ത്
15 വർഷത്തെ
സേവന പാരമ്പര്യം
ISO 9001: 2008 CERTIFIED
NSIC
REGISTERED
ONICRA
We Secure Trust
CONTACT FOR ALL SUPPORTS (TOLL FREE) : 1800 300 00 600